# പാറളം ഗ്രാമപഞ്ചായത്ത്

# വികസനരേഖ
# 1996



ഒ മ്പ താം പ ദ്ധ തി ജ ന കീ യ പ ദ്ധ തി

പാറളം
ഗ്രാമപഞ്ചായത്ത് മന്ദിരം



# ഒരു വാക്ക് -

ബഹുമാന്യരായഗ്രാമസഭാ മെമ്പർമാർ,ജനകീയ ആസൂത്രണം സംബന്ധിച്ച് പാറളം ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ നടന്ന യോഗങ്ങൾ, ചർച്ചകൾ, സെമിനാറുകൾ എന്നിവയിൽ പങ്കെടുത്ത മാന്യവ്യക്തികൾ, വാർഡുതലം മുതലുള്ള ജനകീയ ആസൂത്രണ വികസന കമ്മിറ്റി അംഗങ്ങൾ വിവിധ വിഷയ ഗ്രൂപ്പ് ലീഡർമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ, പഞ്ചായത്തുതല റിസോഴ്സ് പേർസൺസ്,ജില്ലാതല റിസോഴസ് പേർസൺസ്, സംസഥാനതല റിസോഴ്സ് പേർസൺ എന്നിവരുടെയെല്ലാം പരിശ്രമഫലമായിട്ടാണ് ഈ വികസന രേഖ തയ്യാറായിട്ടുള്ളത്. പാറളം ഗ്രാമ പഞ്ചായത്തിന് ഇവരോടുള്ള കടപ്പാട് നിസ്സീമമാണ് .

" ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു "



മാഞ്ഞും മറന്നുപോം
ഇന്നലയെ ചൊല്ല 1
മാലു് വേണ്ടാ
നമുക്കീയുഗത്തിൽ.
മാനവ മസ്തിഷ്കം
ഒത്തുചേർന്നീടുകിൽ
മാറാതിരിക്കില്ല
ഭാവികാലം
മാലോകർക്കെല്ലാർക്കും
മാതൃകയാവട്ടെ
മാമല നാടിൻെറ
മുക്തി ദൗത്യം

D.T.P : TECHNOGRAPHICS
TRICHUR.
PHONE. 23241

PRINTING : MARS COMMUNICATION
TRICHUR.
PHONE. 331093, 336793

# വിഷയവിവരം

ആമുഖം

വികസനമേഖലകൾ - അവലോകനം

| | | |
|---|---|---|
| 1. | കൃഷി | ..................... 11 |
| 2. | ജലസേചനം | ..................... 29 |
| 3. | മൃഗസംരക്ഷണം | ..................... 34 |
| 4. | മത് സ്യബന്ധനം | ..................... 38 |
| 5. | വ്യവസായം | ..................... 41 |
| 6. | ഊർജ് ജം | ..................... 45 |
| 7. | ഗതാഗതം | ..................... 48 |
| 8. | മാർക്കറ്റ് | ..................... 54 |
| 9. | കുടിവെള്ളം | ..................... 55 |
| 10. | പൊതുജനാരോഗ്യം | ..................... 57 |
| 11. | വിദ്യാഭ്യാസം | ..................... 64 |
| 12. | പാർപ്പ ിടം | .....................76 |
| 13. | സാമൂഹ്യക്ഷേമം | ..................... 80 |
| 14. | പട്ടികജാതി പട്ടികക്ഷേമം | ......... 91 |
| 15. | വനിതാക്ഷേമം | ......... 95 |
| 16. | സംസ് കാരം | ......... 99 |
| 17. | സഹകരണം | .......... 106 |
| 18. | വിഭവസമാഹരണം | .......... 114 |

# പാറളം പഞ്ചായത്ത്



N
W
E
S
SBT
ST. ANTONY'S H.S.
PARALAM POST OFFICE
CONVENT
LPS
L.P.S.
G.L.P.S.
P.S.O.
KDA BUND.
TO CHERPU.
TO CHERPU
ചാമ്പാൻ കോൾ.
ചെറുവിൻ പഞ്ചായത്ത്

# പാറളം ഗ്രാമപഞ്ചായത്ത്

## ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പേര് | : | പാറളം ഗ്രാമപഞ്ചായത്ത് |
| ഗ്രേഡ് | : | ഒന്ന് |
| വില്ലേജുകൾ | : | പാറളം, പള്ളിപ്പുറം, കോടന്നൂർ, വെങ്ങിണിശ്ശേരി |
| ബ്ളോക്ക് പഞ്ചായത്ത് | : | ചേർപ്പ് |
| അസംബ്ളി മണ്ഡലം | : | ചേർപ്പ് |
| പാർലിമെൻറ് മണ്ഡലം | : | തൃശ്ശൂർ |
| വിസ്തീർണ്ണം | : | 17.04.ച.കി.മീ |
| ആകെ വീടുകൾ | : | 5776 |
| ജനസംഖ്യ | : | പു. 9991. സ്ത്രീ. 10200 |
| ആകെ | : | 20191 |
| അതിരുകൾ | : | വടക്ക് ... കൂർക്കഞ്ചേരി പഞ്ചായത്ത് |
| | | തെക്ക് ... ചേർപ്പ് പഞ്ചായത്ത് |
| | | കിഴക്ക് ... അവിണിശ്ശേരി പഞ്ചായത്ത് |
| | | പടിഞ്ഞാറ് ... മനക്കൊടി കായൽ |
| ജനസാന്ദ്രത | : | 1471/= (ച.കി.മീറ്ററിന്) |
| സാക്ഷരത | : | 96% |
| വാർഡുകൾ | : | 10 |
| വിദ്യാലയങ്ങൾ | : | 7 |
| ആശുപത്രികൾ | : | 2 |
| മൃഗാശുപത്രി | : | 1 |
| വായനശാലകൾ | : | 4 |
| സഹകരണബാങ്കുകൾ | : | 2 |
| ആകെ റോഡുകൾ | : | 42 |
| **പൊതുകിണറുകൾ** | : | **42** |
| പൊതുകുളങ്ങൾ | : | 15 |
| തെരുവുവിളക്കുകൾ | : | 524 |
| ബാലവാടികൾ | : | 3 |

# പാറളം ഗ്രാമപഞ്ചായത്ത് - ഭരണസമിതി അംഗങ്ങൾ


എം.എസ്. സുരേന്ദ്രൻ
പ്രസിഡണ്ട്


ടി.കെ.മാധവൻ
വൈസ് പ്രസിഡണ്ട്


എ.എം.വക്കച്ചൻ
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ


പി.എ.പത്രോസ്
മെമ്പർ-വാർഡ് 1


ചന്ദ്രിക വിജയകുമാർ
മെമ്പർ-വാർഡ് 2


എ.കെ.ദേവയാനി
മെമ്പർ-വാർഡ് 4


പഴോർ അപ്പുക്കുട്ടൻ
മെമ്പർ-വാർഡ് 5


ജെസ്സി ജോസഫ്
മെമ്പർ-വാർഡ് 6


കെ.കെ.കുമാരൻ
മെമ്പർ-വാർഡ് 7


എം.ആർ.സരോജിനി
മെമ്പർ-വാർഡ് 9

# പാറളം ഗ്രാമ പഞ്ചായത്ത് ഒമ്പതാം പദ്ധതി

## ആമുഖം:

കേരളത്തിന്റെ ഒമ്പതാം പഞ്ചവത്സര പദ്ധതി മുൻ പദ്ധതികളെപോലെ മേലെനിന്ന് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം, താഴെ തട്ടിൽനിന്ന് ജനങ്ങളുടെ മുൻകയ്യോടെ പടുത്തുയർത്താനാണ് ശ്രമം, ഇതുവഴി വികസനത്തിനും ജനാധിപത്യത്തിനും പുതിയ അർത്ഥ തലങ്ങൾ കണ്ടെത്താനാണ് യത്നിക്കുന്നത്. അതുസം ബന്ധിച്ച കാഴ്ചപാട്, വിവിധ വികസന മേഖലകളിൽ ചെയ്യാവുന്ന കാര്യങ്ങൾ, അതിൽ ജനങ്ങൾ വഹിക്കേണ്ട പങ്ക് മുതലായ കാര്യങ്ങളെ ക്കുറിച്ചുള്ള പഞ്ചായത്ത് തല ചിന്തയാണ് ഇവിടെ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കുന്നത്. വളരെ വലിയ ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കുന്നത്. ഈ പുതിയ ബോധത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തുമായി ബന്ധപ്പെട്ട വികസന തുറയുടെ ആസൂത്രണത്തിലും പദ്ധതികളുടെ നടത്തിപ്പിലും ഇടപെടുന്നതിനുള്ള മുന്നൊരുക്കത്തിന്റെ ഫലമാണ് ഈ വികസന രേഖ.

ജനകീയാസുത്രണ പ്രവർത്തനങ്ങളുടെ ഫലമായി രൂപം കൊണ്ടിട്ടുള്ള വികസന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് മുമ്പ് നമ്മുടെ പഞ്ചായത്തിന്റെ അറിയാവുന്നേടത്തോളം പരിമിത മായ ചരിത്ര പശ്ചാത്തലത്തിലേക്ക് കണ്ണോടിക്കാം.

തൃശൂർ ജില്ലയിൽ തൃശൂർ പട്ടണത്തിനരികെ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ശാലീന മായ ഒരു കർഷക ഗ്രാമമാണ് പാറളം. 17.04 ച. കിലോമീറ്റർ വിസ്തീർണ്ണമുള്ള മനോഹരമായ ഈ ഭൂവിഭാഗം മൂന്ന് പുറവും കോൾ നിലങ്ങളാൽ ചുറ്റപ്പെട്ട് കിടക്കുന്നു. മൺസൂൺ പിറന്നാൽ സമുദ്രമാകുന്ന മനക്കൊടികായൽ ഈ പഞ്ചായ ത്തിന് അതിരിടുന്നു. പാറകളുടെ നാട് എന്നർത്ഥം വരുന്ന "പാറളം" പാറക്കൂട്ടങ്ങളാലും, പാറ പ്പറമ്പുകളാലും പ്രസിദ്ധമായിരുന്നു. പൗരാണികത യുടെ പരിവേഷമുള്ള "അയ്യുന്നും" (അഞ്ചുകുന്ന്), പയങ്കൽ ഭഗവതിക്ഷേത്രവും, പ്രസിദ്ധമായ ക്രിസ്ത്യൻ - മുസ്ലിംപള്ളികളും നമ്മുടെ മഹ ത്തായ മത സൗഹാർദ്ദത്തിന്റെ ഉത്തമ പ്രതീക ങ്ങളായി നില കൊള്ളുന്നു. രാഷ്ട്രീയ പ്രബുദ്ധ തയിലും, സാമൂഹിക - സാം സ്കാരിക - വിദ്യാ ഭ്യാസ മേഖലകളിലും മഹനീയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള നമ്മുടെ ഗ്രാമത്തിന്റെ ചരിത്രം - പുരോഗമന കേരള ചരിത്രത്തിൽ നിന്ന് അന്യമല്ല.

പാറളം പഞ്ചായത്ത് രൂപപ്പെടുന്നതിന്ന് മുമ്പായി കോടന്നൂർ പഞ്ചായത്ത് എന്ന പേരിൽ ജനകീയ സ്ഥാപനം ഉണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു. പാലിശ്ശേരി, വെങ്ങിണിശ്ശേരി, കോടന്നൂർ വില്ലേജുകളാണ് അതിൽ ഉൾപ്പെട്ടിരുന്നത്. നമ്മുടെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ "കോടന്നൂർ പഞ്ചായത്ത്" എന്ന് രേഖപ്പെടുത്തിയ ചില ശിലാലിഖിതങ്ങൾ കാണപ്പെടുന്നുണ്ട്. ചെവ്വൂർ, പാറളം, പള്ളിപ്പുറം വില്ലേജുകൾ ചേർന്ന് ചെവ്വൂർ പഞ്ചായത്തും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. 1926 -ൽ പഴയ കൊച്ചി രാജ്യത്ത് തൃശൂർ താലൂക്കിൽ - അന്നത്തെ ഭരണാധി കാരികളാണ് - പാറളം പഞ്ചായ ത്തിന് രൂപം നൽകിയതെന്ന് വിശ്വസിക്കപ്പെടുന്നു. ഇപ്പോൾ, പാറളം, പള്ളിപ്പുറം, കോടന്നൂർ, വെങ്ങിണിശ്ശേരി എന്നീ നാലു വില്ലേജുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു.

ഭൂമിയുടെ വിസ്തൃതി - വില്ലേജ് തിരിച്ച്




ഇന്നത്തേതുപോലെ പ്രായപൂർത്തിവോട്ടവകാശം - ജനാധിപത്യ സംവിധാനം - അന്നുണ്ടായിരുന്നില്ല. മെമ്പർമാരെയും, പ്രസിഡണ്ടുമാരെയും നോമിനേറ്റ് ചെയ്യുകയായിരുന്നു പതിവ്. കാർഷിക വൃത്തിയും പരമ്പരാഗത തൊഴിലുകളും, കുടിൽ വ്യവസായ ങ്ങളുമായിരുന്നു ജനങ്ങളുടെ ജീവിതമാർഗ്ഗം. ഒറ്റപ്പുകൃഷി നിലങ്ങളായിരുന്നു ഭൂരിഭാഗവും. തെങ്ങും, കവുങ്ങും, കശുമാവും, കുരുമുളകും, നടീൽ സാധനങ്ങളും, വെറ്റിലക്കൊടിയും മുഖ്യ കാർഷികവിളകളായിരുന്നു. മീൻപിടുത്തം, അടയ്ക്കവെട്ട്, കുട്ട,- പനമ്പ് നെയ്ത്ത്, പടക്കം കെട്ട്, കയർപിരി, കല്ലോര തുടങ്ങിയ കൈതൊഴിലുകളിൽ പഴമക്കാർ വ്യാപൃതരായിരുന്നു. കാർഷികോല്പ്പന്നങ്ങൾ അകലങ്ങളിലുള്ള ചന്തകളിൽ തലച്ചുമടായും, കാവുകെട്ടിയും, കാളവണ്ടികളു പയോഗിച്ചും വിപണനം ചെയ്തു. ഭാരം നിറച്ച കെട്ടുവള്ളങ്ങൾ നമ്മുടെ വ്യാപാര - വാണിജ്യ മേഖലയുടെ സജീവതയ്ക്ക് ഗണ്യമായ സംഭാവന നല്കിയിട്ടുണ്ട്. കൊച്ചിയിൽ നിന്ന് കൊക്കാല വഞ്ചിക്കുള ത്തേക്ക് പലവ്യഞ്ജനങ്ങൾ കയറ്റിയ കെട്ടുവള്ളങ്ങൾ വന്നിരുന്നത് സാധാരണ കാഴ്ചയായിരുന്നു.

ശദാബ്ദിയിലേയ്ക്കടുക്കുന്ന അമ്മാടത്തെ സർക്കാർ വിദ്യാലയമാണ് പഞ്ചായത്തിലെ പഴമക്കാരുടെ വിദ്യാഭ്യാസ സങ്കേതം. ഉപരിപഠനത്തിന് സൗകര്യമുണ്ടായിരുന്നില്ല. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ചേർപ്പായിരുന്നു ആശ്രയം. പൂത്തറയ്ക്കൽ പാലം നിലവിലില്ലാതിരുന്ന കാലഘട്ടം വിദ്യാർത്ഥികളുടെ ഉപരിപഠന സൗകര്യങ്ങൾ സങ്കീർണ്ണമാക്കി. അമ്മാടം സെൻറ്: ആൻറണീസ് ഹൈസ്ക്കൂളിൻെറ ആരംഭമാണ് ആശ്വാസം പകർന്നത്. സുവർണ്ണ ജൂബിലി ആഘോഷിച്ച ഈ സരസ്വതീ ക്ഷേത്രം പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയി ഇന്നും ശിരസ്സുയർത്തി നിൽക്കുന്നു.

സാമൂഹ്യ - രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചയും, നവോത്ഥാന സംഘങ്ങളും ഒരു പുത്തനുണർവ് പ്രദാനം ചെയ്തു. തിരുക്കൊച്ചി സംസ്ഥാനം രൂപപ്പെട്ടതിനെത്തുടർന്ന്, ചില പ്രാദേശിക സമിതികൾ സംഘടിപ്പിക്കപ്പെട്ടു. പഞ്ചായത്ത് കോടതികളും പഞ്ചായത്ത് ഭരണ സമിതികളും ഗ്രാമീണ ജനങ്ങളിൽ ഒരു ജനകീയ അവബോധം വളർത്തിയെടുക്കുന്നതിൽ സഹായകമായി.

കേരളപ്പിറവിയ്ക്കും, ആദ്യത്തെജനകീയ ഗവൺമെൻറ് രൂപീകരണത്തിന് മുമ്പും കാർഷിക മേഖലയുടെ നിയന്ത്രണം ഫ്യുഡൽ പ്രഭുക്കൻമാരുടെ കൈവശമായിരുന്നു. ഭൂരിഭാഗം ജനങ്ങളും പാട്ടക്കാരും കുടിയാൻമാരുമായിരുന്നു. കാർഷിക രംഗത്തെ സമഗ്ര പരിഷ്കാരം, ജനങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിച്ചു.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നടന്ന ധീരോദാത്തമായ പോരാട്ടത്തിൽ ഇന്ത്യൻ നാഷണൽ

കോൺഗ്രസിൽ അണിനിരന്നിരുന്ന ധാരാളം ചെറുപ്പക്കാരുണ്ടായിരുന്നു. ദേശീയ പ്രസ്ഥാന ത്തിൽ പ്രവർത്തിച്ചിരുന്നവരിൽ പലരും പിന്നീട് കർഷക പ്രസ്ഥാനത്തിലൂടെ സോഷ്യലിസ്റ്റ് ചേരിയിലും, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളി ലുമെത്തി. ചരിത്ര പ്രസിദ്ധമായ അയ്യൂന്ന് താഴ്‌വരകൾ പ്രസിദ്ധി നേടിയ ഒളിവ് സങ്കേതങ്ങളാ യിരുന്നു. തലയ്ക്ക് വില നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടനവധി സംസ്ഥാന ജില്ലാ നേതാക്കൾ ഒളിവു സങ്കേതങ്ങളിൽ താമസിച്ച് വിപ്ലവപ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകി. ജന്മിത്വത്തിനെ തിരായും, ഭൂമിക്കു വേണ്ടിയും, കർഷക തൊഴിലാളികളുടെ കൂലിക്കും പതമ്പിനും വേണ്ടി യുമുള്ള പ്രക്ഷോഭങ്ങൾ നടന്നു. "മാനാഞ്ചേരി കാപ്പ് സമരം" വിപ്ലവ പ്രസ്ഥാനം പിന്നിട്ട പാതയിൽ ഒരുജ്ജ്വല സംഭവമായി നില കൊള്ളുന്നു.

പഴമക്കാർ ഐതിഹ്യങ്ങളുടെ പരിവേഷമിട്ട് അവതരിപ്പിക്കുന്ന ചരിത്ര പ്രസിദ്ധമായ അയ്യൂന്ന്, ഇന്നും കൗതുകകരമായ ഒരു സൃഷ്ടിക്ക് ചരിത്ര സാക്ഷ്യം നൽകുന്നു. ഈ കുന്നുകളുടെ ഉടമസ്ഥനെന്ന് പറയപ്പെടുന്ന അയ്യൂന്ന് വാര്യത്തെ അന്നത്തെ കാരണവർ, മേഞ്ഞു നടക്കുന്ന കന്നുകാലികൾക്ക് വെള്ളം നൽകാൻ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. കുന്നിന്റെ മുകളിൽ ഒരു വാൽ കിണർ കുഴിച്ചു. ഓരോ 20കോൽ അകലത്തിൽ നിരനിരയായി 6 ചതുര കിണറുകൾ കുഴിച്ച്-വാൽകിണറിൽ നിന്ന് ചതുരകിണറുകളിലേക്ക് വെള്ളം ഒഴുകുന്നതിന് വേണ്ടി തുരങ്കങ്ങൾ നിർമ്മിച്ച് കുന്നിന്റെ താഴ്‌വരയിൽ പ്രകൃതിദത്തമായി ഉണ്ടായിരുന്ന കരിങ്കല്ലിൽ ഒരു വലിയ തൊട്ടി രൂപപ്പെടുത്തി. അതിൽ വെള്ളം നിറച്ച് പശുക്കൾക്ക് ദാഹജലം നൽകിയിരുന്നുവത്രേ!

നാല്പതടി നീളവും ആറടി ഉയരവുമുള്ള ഒറ്റക്കൽമതിൽ വാസ്തുശില്പവിദ്യയുടെ മികവുറ്റ തെളിവായി ഇന്നും ശാസ്താംകടവ് പനങ്കുറ്റി ശിവ ക്ഷേത്രത്തിൽ കാണാം. നമ്മുടെ പൂർവ്വീകരുടെ വാസ്തു ശില്പ ചാതുര്യത്തിനും നാട്ടറിവിനും ഉദാത്തമായ മാതൃകകളാണ് ഇവ.

പ്രസിദ്ധമായ പന്ത്രണ്ടുക്ഷേത്രങ്ങളും, മൂന്ന് ക്രിസ്ത്യൻ പള്ളികളും, ഒരു മുസ്ലിം പള്ളിയും ഇവിടെ സ്ഥിതി ചെയ്യുന്നു. പള്ളിമണിയുടെ പരിശുദ്ധ നാദവും, ഓംകാരവും, വാങ്ക് വിളിയും സന്ധിക്കുന്ന പവിത്രമായ മതേതര ഗ്രാമമാണ് പാറളം. നൂറ്റാണ്ടുകൾ പിന്നിട്ട പയങ്കലിലെ "മുത്തശ്ശിമാവ്" ഈ പഞ്ചായത്തിലെ ഏററവും പഴക്കംചെന്ന ജൈവസാന്നിദ്ധ്യമാണ്. മലയാള വർഷം 1116ൽ കൊടുങ്കാറ്റ് ഉഗ്രതാണ്ഡവ മാടിയപ്പോൾ പോലും ഈ മുത്തശ്ശിക്ക് ഒന്നും തന്നെ സംഭവിച്ചില്ല!

കേരളപ്പിറവിക്കു ശേഷം വിവിധ കാല ങ്ങളിലായി സർവ്വശ്രീ.A.കുഞ്ചുകയ്മൾ (1956-62), P.D ആന്റണി B.A.BT (1963-65), P.K കുഞ്ഞു കുട്ടൻ(1965-76), P.V ചാക്കുണ്ണി മാസ്റ്റർ, (1976-78) P.D ആന്റണി മാസ്റ്റർ, (1979-82), M.S സുരേന്ദ്രൻ (1982-83), T.M മോഹനൻ (1983-84), P.R വർഗ്ഗീസ് മാസ്റ്റർ (1988-95)എന്നിവർ പഞ്ചായത്ത് പ്രസിഡണ്ടുമാരായിരുന്നു.

1978-ൽ അവിണിശ്ശേരി പഞ്ചായത്ത് രൂപം കൊണ്ടപ്പോൾ, പാലക്കൽ ചന്തയും, ഷോപ്പിംഗ് കോംപ്ലെക്സും, വ്യവസായ ശാലകളും അവിണിശ്ശേരിയോട് കൂട്ടിച്ചേർത്തു. പരിമിതമായ വരുമാന ശേഷി മാത്രമുള്ള പാറളം പഞ്ചായത്തിന് വികസന പ്രവർത്തനങ്ങളിൽ ആഗ്രഹിക്കുന്ന

രൂപത്തിൽ മുന്നോട്ടു പോകാൻ കഴിഞ്ഞിരുന്നില്ല. 1983-നു ശേഷം കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ ഭാഗത്തു നിന്ന് ഉണ്ടായ അനുകൂല സമീപനത്തെ തുടർന്ന് വികസന രംഗത്ത് ഒരു വൻ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞു. തൃശൂർ ജില്ലയിൽ രണ്ടു മാതൃകാ പഞ്ചായത്തുകളിൽ ഒന്നായി പാറളം പഞ്ചായത്തിനെ അംഗീകരിച്ചു. പള്ളിപ്പുറം - ആലപ്പാട്, കോടന്നൂർ - നെടുപുഴ റോഡുകൾ പാറളം പഞ്ചായത്തിന് മറ്റു ഭാഗങ്ങളുമായി ബന്ധങ്ങളുണ്ടാക്കാൻ അവസരം നൽകി.

പരിമിതമായ വരുമാനത്തിൻെറ ഫലപ്രദമായ വിനിയോഗമാണ് സാമ്പത്തികാസൂത്രണം. ഓരോ പ്രദേശത്തേയും സവിശേഷതകളേയും, പ്രശ്നങ്ങളേയും മുൻനിർത്തി അവിടുത്തെ ജനങ്ങൾ മുൻകയ്യെടുത്ത് പ്രവർത്തിച്ചാലേ ഉദ്ദേശ ഫലം ലഭ്യമാവുകയുള്ളു. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഏറ്റവും ഉചിതമായ സംവിധാനം നമ്മുടെ ഗ്രാമത്തിനുണ്ട്. അതിന് സഹായകമായ വിധത്തിൽ ഇവിടെ അവതരിപ്പിക്കുന്ന വികസന റിപ്പോർട്ട് പാറളത്തിൻെറ വികസന രംഗത്ത് ഒരു പുത്തൻ വഴി കാട്ടിയാകട്ടെ.

# 1.കൃഷി

പാറളം പഞ്ചായത്തിൻെ മൂന്ന് ഭാഗവും കായൽ നിലങ്ങളെകൊണ്ട് ചുറ്റപ്പെട്ടുകിടക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ തെക്കും, പടിഞ്ഞാറും, വടക്കും ഭാഗങ്ങൾ കോൾ നില പ്രദേശങ്ങളാണ്. തൃശൂർ ജില്ലയിലെ നെല്ലറകളിലൊന്നായി ഈ പഞ്ചായത്തിനെ അറിയപ്പെടുന്നു. കേരളത്തിലെ കൃഷി ഭൂമികളെ 13 മേഖലകളായി തിരിച്ചിട്ടുണ്ട്. ഇതിൽ പാറളം പഞ്ചായത്ത് കോൾ മേഖലയിലെ ഊഷര പ്രദേശത്തിൽ ഉൾപ്പെടുന്നു. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ കാലവർഷവും, ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും ഇടക്കിടെ ഇടമഴയും ലഭിച്ചു വരുന്നു. നവംബർ പകുതി മുതൽ ജനുവരി അവസാനം വരെയും തണുപ്പ് അനുഭവപ്പെടുന്നു. ഒട്ടുമിക്ക വേനൽ കാലങ്ങളിലും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വരൾച്ചയാണ് പതിവ്. നവംബർ അവസാനത്തോടെ ശക്തമായ തോതിൽ വൃശ്ചിക കാറ്റ് വീശാറുണ്ട്.

## പഴയ കൃഷിരീതി.

പ്രകൃതിയോട് അലിഞ്ഞ് ചേർന്ന് കൊണ്ടുള്ള ഒരു കൃഷിരീതിയാണ് പുരാതന കാലം മുതൽ നടന്ന് വന്നിരുന്നത്. നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ വൻ മരങ്ങളും, ഇടവിളകളായി പച്ചക്കറി വിളകളും, വെറ്റിലക്കൊടിയും തിങ്ങി നിറഞ്ഞ നമ്മുടെ ഗ്രാമത്തിൻെറ ഹരിത ഭംഗി അവർണ്ണനീയമാണ്.

ഒരു കാലത്ത് കവുങ്ങുകൃഷി വളരെയേറെ പ്രസിദ്ധി ആർജ്ജിച്ചിരുന്നു. പഴഞ്ഞി അടയ്ക്ക മാർക്കറ്റിൽ കോടന്നൂർ "പങ്ങ" അടയ്ക്ക ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

കൊല്ല വർഷം 1116 ൽ ഉണ്ടായ കൊടുങ്കാറ്റിൽ അതി ഭീമമായ നാശ നഷ്ടമാണ് ഈ പഞ്ചായത്തിലെ കാർഷിക മേഖലക്ക് നേരിടേണ്ടി വന്നത്. മുൻ കാലങ്ങളിൽ പരമ്പരാഗത വിത്തിനങ്ങളും സമ്പ്രദായങ്ങളുമാണ് നെൽ കൃഷിയിൽ അവലംബിച്ചിരുന്നത്. തവളക്കണ്ണൻ, എരുമക്കരി, കൊളച്ചാണ്ടി, പത്തൊമ്പതര, അതിയൻ, കുട്ടാടൻ എന്നീ വിത്തിനങ്ങൾ ഉപയോഗിച്ച് പോന്നു. തുടർന്ന് ചീര, നവര, ചിറ്റാനി എന്നീ ഇനങ്ങൾ സ്ഥാനം പിടിച്ചു രാസവളങ്ങൾ തീരെ ഉപയോഗിച്ചിരുന്നില്ല. ജൈവവളങ്ങളേയാണ് മുഖ്യ മായും ആശ്രയിച്ചിരുന്നത്. ജലസേചനത്തിനും ജല നിർഗമനത്തിനും ചക്രം, കയറ്റ്കൊട്ട, കൊട്ടത്തേക്ക് എന്നീ മാർഗ്ഗങ്ങളാണ് അവലംബിച്ചിരുന്നത്. കന്നുകാലികളെ ഉപയോഗിച്ചാണ് നിലം ഉഴു തിരുന്നത്. കൃഷിക്കാർ കൃഷിയിടങ്ങളിൽ വിത്ത് , വളം, മറ്റ് ഉപകരണങ്ങൾ എന്നിവ എത്തിച്ചിരുന്നത് വഞ്ചികളിൽ കയറ്റിയും, തലച്ചുമടായും ആയി രുന്നു. വിളവ് 10 മുതൽ 15 വരെ മേനി മാത്രമെ ഉണ്ടായിരുന്നുള്ളു. പുഴുക്കേട് വരുമ്പോൾ നന്നി പ്രായത്തിൽ തൊട്ടാർവാടി പെടല കെട്ടി വലി ക്കും. അത് മുതിർന്ന് കരിംകൊറ്റി പുഴു വായാൽ ചൂലുകൊണ്ടടിച്ച് കൊട്ടയിലാക്കി വരമ്പിൽ കുഴിച്ച് മൂടും. ചാഴിക്കേട് വരുമ്പോൾ "ചാഴി വിലക്കാണ്" ഏർപ്പെടുത്താറ്. കൃഷി ഭൂമി മുഴുവൻ ജന്മിമാരു ടേതായിരുന്നു. അന്നു കാലത്ത് അടിയാരെ വെച്ചാണ് കൃഷിപ്പണി ചെയ്തിരുന്നത്. അതിന് ശേഷം പങ്ക് പാട്ടത്തിനായിട്ടും, കാണാ പാട്ടത്തി നായിട്ടും, വെറും പാട്ടത്തിനായിട്ടും, മുൻ പാട്ട ത്തിനായിട്ടും കൃഷി ഏറ്റെടുത്ത് നടത്തി വന്നിരുന്നു.

വിളവിൻെറ മുക്കാൽ ഭാഗവും ജന്മിക്ക് കൊടുക്കണമായിരുന്നു. കൂലി നെല്ലായി കൊടുത്തിരുന്ന ആ കാലഘട്ടങ്ങളിൽ കർഷക തൊഴിലാളികളെ ലഭിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. പറമ്പുകളിൽ ജലസേചനം നടത്തിയിരുന്നത് കാളത്തേക്ക്, തുലാം തേക്ക് തുടങ്ങിയ മാർഗ്ഗത്തിലൂടെയാണ്.പറമ്പുകളും വയലുകളെപോലെ കൃഷിയോഗ്യങ്ങളായിരുന്നു. എന്നിട്ട് പോലും കടുത്ത ദാരിദ്ര്യം ഗ്രാമവാസികളെ വേട്ടയാടിയിരുന്നു. 1964 കാലഘട്ടത്തോടെ ഒരുപ്പൂനിലങ്ങൾ മിക്കവാറും എല്ലാം തന്നെ ഇരിപ്പൂ നിലങ്ങളായി മാറി.

ഭൂപരിഷ്ക്കരണ നിയമം നടപ്പിൽ വന്നതോട് കൂടി കൂടിയാൻമാർക്ക് കൃഷി ഭൂമി സ്വന്തമായി ലഭിച്ചു. കൃഷി ഭൂമി സ്വന്തമായതോടെ കർഷിക രംഗത്ത് പുതിയ ഒരു ഉണർവ് ഉണ്ടായി. കർഷകർ സ്വന്തം കൃഷിഭൂമികളിൽ പൂർവ്വാധികം ഉത്സാഹത്തോടെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടു. ആധുനിക കൃഷി സമ്പ്രദായങ്ങളെ ആശ്രയിച്ച് തുടങ്ങി. ഇതോടൊപ്പം വൈദ്യുതി രംഗത്തുണ്ടായ വികസനത്തിൻെറ ഫലമായി കൃഷിയിടങ്ങളിൽ വൈദ്യുത മോട്ടോറുകൾ ഉപയോഗിച്ച് തുടങ്ങി. കാർഷിക യന്ത്രോപകരണങ്ങൾ , ട്രാക്ക്റ്ററുകൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കാർഷിക രംഗത്തേക്ക് കടന്നു വന്നു. ഈ കാലഘട്ടത്തിൽ ജന്മം കൊണ്ട അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളായിരുന്നു ഐ.ആർ-എട്ട്., ജയ, ഐ.ആർ. എട്ട് മട്ട, തുടങ്ങിയവ. തുടർന്ന് കൾച്ചർ 28, ജ്യോതി, തയനാൻ, കനകം, പവിഴം എന്നീ വിത്തുകൾ ഉപയോഗിച്ച് തുടങ്ങി. ഈ കാലഘട്ടത്തൽ പഞ്ചായത്തിലെ ഒരു പ്രമുഖ കർഷകൻ "പി.കെ.വി." എന്ന അത്യുല്പാദന ശേഷിയുള്ള നെൽ വിത്ത് വികസിപ്പിച്ചെടുത്തത് നമുക്ക് അഭിമാനകരമാണ്. ഇക്കാലത്ത് വിളവ് ഗണ്യമായ തോതിൽ വർദ്ധിച്ചു. കൃഷി ചെലവ് കുറവായതിനാൽ കൃഷി വളരെ ലാഭകരമായിരുന്നു.

**ഇന്നത്തെ അവസ്ഥ**

ആധുനിക കൃഷി സമ്പ്രദായങ്ങൾ നിലവിൽ വന്നിട്ടും കാർഷിക മേഘലയിൽ പൊതുവെ മുരടിപ്പാണ്. ജൈവവളങ്ങളുടെ ക്ഷാമം, വിലവർദ്ധനവ്, കർഷകതൊഴിലാളികളുടെ അഭാവം എന്നിവ കർഷകരെ വിഷമിപ്പിച്ചു. കീടനാശിനികളുടേയും, രാസവളങ്ങളുടേയും, ഉപയോഗം വർദ്ധിച്ചു. കൃഷിചെലവിന് അനുപാതമായി ഉല്പാദ വർദ്ധനവ് ഉണ്ടായെങ്കിലും കൃഷിനഷ്ടമായി വന്നു. മെച്ചപ്പെട്ടവേതനം ലഭിക്കുന്നതിന് വേണ്ടി കർഷക തൊഴിലാളികളും കർഷകരും പുതിയ മഖലകൾ തേടി. തൊഴിലാളികളെ കിട്ടാതെയായി. കാർഷിക മേഖലയുടെ നിലനിൽപ്പ് അപകടത്തിലായി.

**കൃഷിഭവൻ**

1987 ൽ ഗവൺമെൻറിൻെറ കാർഷിക നയത്തിന് അനുസൃതമായി പഞ്ചായത്തുകൾ തോറും ജനകീയ സമിതികളുടെ നേതൃത്വത്തിൽ കൃഷി ഭവനുകൾ ആരംഭിച്ചു. അതിൻെറ ഭാഗമായി പാറളം പഞ്ചായത്തിന് കോടന്നൂരിൽ "കൃഷി ഭവൻ" നിലവിൽ വന്നു. ഇത് കർഷകർക്ക് വലിയ ഒരു അനുഗ്രഹമായി. ശാസ്ത്രീയ രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ കൂടുതൽ ജനകീയമായി.

**കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ**

**നെൽകൃഷി**

**1. ഊർജ് ജിത നെൽകൃ ഷി വികസന പദ്ധതി - കേന്ദ്ര ഗവൺമെൻറ് പദ്ധതി.**

മേൽ വിവരിച്ച പദ്ധതിയിൽ സംയോജിത കീടരോഗ നിവാരണ പരിപാടി നടപ്പിലാക്കുന്നു. ആവശ്യ മുള്ളപ്പോൾ മാത്രം കീടനാശിനി - രാസ

സ്വഭാവമുറക്ക് ഉപയോഗിക്കുവാൻ കർഷകരെ പഠിപ്പിക്കുകയും, മിത്ര കീടങ്ങളെ വളർത്തി ശത്രു കീടങ്ങളെ നിയന്ത്രിക്കുവാനും സധ്യമാക്കുന്ന ഈ പദ്ധതിയിൻ കീഴിൽ 100 കർഷകർക്ക് വിദഗ്ദ പരിശീലനവും മറ്റു സാധനസാമഗ്രികളും ഉദാ: കീടത്തെ പിടിക്കുവാൻ ഉപയോഗിക്കുന്ന വല തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ ആധുനിക കാർഷിക മുറകൾ നെൽകൃഷിയിൽ അവലംബിക്കുന്ന പാടശേഖരത്തിന് സബ്സിഡിയായി പരമാവധി 50% നൽകുന്നു.

2. ഗ്രൂപ്പ് ഫാമിംഗ്

- ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളിൽ അഗ്രോ ക്ലിനിക്ക് നടപ്പിലാക്കുന്നു
- നെൽകൃഷിക്ക് ആവശ്യമുള്ളഉൽപ്പാദനോപാദികൾ ലഭ്യമാക്കുന്നു.
- ചെറുകിട യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്നു ഉദ: ട്രാക്റ്റർ, ടില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം എന്നിവ 50% സബ്സിഡി നിരക്കിൽ ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങൾക്ക് നൽകുന്നു.
- നെൽക്യഷി കർഷകർക്ക് ഉല്പാദനബോണസ്സ് നൽകുന്നു.

3. രജിസ്റ്റേർഡ് വിത്തുല്പാദന പരിപാടി.

മേൽവിവരിച്ച പദ്ധതിയിൽ പാടശേഖര ങ്ങളിൽ **ന്യൂക്ലിയർ വിത്ത് സൗജന്യമായി നൽകി കർഷകരെ കൊണ്ട് വിത്തുല്പാദിപ്പിക്കുന്നു. ഉല്പാദിപ്പിക്കുന്ന** വിത്ത് മറ്റ് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. 1500 Kg. വിത്ത് ഒരു ഹെക്ടറിൽ ഉണ്ടാക്കുന്നു. കർഷകർക്ക് 1000 രൂപ വിതരണം ചെയ്യുന്നു. ഈ വർഷത്തിൽ 25 ഹെക്ടർ സീഡ് ഫാം ഉണ്ടാക്കുന്നു.

**തെങ്ങ്**

**1.**

**സമഗ്ര നാളികേര വികസന പരിപാടി:**

ഈ പരിപാടിയിൽ താഴെ പറയുന്ന ഘടകങ്ങൾ നൽകിവരുന്നു.

1. കിണറും പമ്പ് സെറ്റും 50 % സബ്സീഡി നിരക്കിൽ - പരമാവധി 2500/-= രൂപ കിണറിനും, പരമാവധി 2500/= രൂപ പമ്പ് സെറ്റിനും.
2. റോക്കർ പമ്പ് - 50% സബ്സീഡിനിരക്കിൽ നൽകുന്നു.
3. തെങ്ങ് കയറുന്നയന്ത്രം.
4. പരിശീലന ക്ലാസ്സുകൾ

ഈ പരിപാടി പഞ്ചായത്ത് തല കേരവികസന സമിതിയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

**പ്രത്യേക ഘടക പദ്ധതി**

പ്രത്യേക ഘടകപദ്ധതിയനുസരിച്ച് താഴെ പറയുന്ന പദ്ധതികൾക്ക് വേണ്ട പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**5000** വാഴ, മൂന്ന് ഹെക്ടറിൽ പച്ചക്കറി **എന്നിവ താല്പര്യമുള്ള ഹരിജനങ്ങളെ കൊണ്ട്** കൃഷിചെയ്യിച്ച് വരുന്നു, ഇതിന് വേണ്ടിവരുന്ന ചെലവ് കൃഷിഭവൻ വഹിക്കുന്നതാണ്.

- കർഷകതൊഴിലാളികൾക്ക് പണിയായുധങ്ങൾ വാങ്ങികൊടുക്കുന്നതിനായി 5000/ രൂപയുടെ പദ്ധതി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.
- ഭൂരഹിതരായ ഹരിജൻ കർഷകന് 10 സെൻറ് ഭൂമി വാങ്ങികൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- 20 സെൻറ് ഭൂമിയുള്ള ഹരിജൻ **കർഷകർക്ക്** പമ്പ് സെറ്റ്, കിണർ എന്നിവ **നൽകുന്നു.** പരമാവധി സബ്സീഡി 6000/ –
- കുറ്റി പമ്പുകൾ നൽകുന്നു.
- 25 സെൻറ് നെൽകൃഷിയുള്ള **ഹരിജൻ കർഷകന്** ഫാംഹൗസ് **നിർമ്മിച്ച്** കൊടുക്കുന്നു.

## കുരുമുളക് വികസനം

ഏരിയ വികസന പദ്ധതി 6000 വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ വിതരണം ചെയ്തിട്ടുണ്ട്.

## റീഹാബിലിറ്റേഷൻ പദ്ധതി

കുരുമുളക് കൃഷി ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി 50% സബ്സീഡി താഴെപറയുന്ന ഘടകങ്ങൾക്ക് നൽകുന്നു.

1. കുരുമുളക് വള്ളികൾ .
2. ഊന്ന് / സ്റ്റാൻഡേർഡിന്
3. വളം
4. കീടനാശിനി തുടങ്ങിയവ.

കുറഞ്ഞത് 50 സെൻറ് **കൃഷിഭൂമിയുള്ള** കർഷകർക്ക് പുതിയതായി കുരുമുളക് **വെച്ച് പിടിപ്പിക്കുന്നതിന്** 3 **വർഷത്തേക്ക്** രാസവളങ്ങളും കീടനാശിനിയും സബ്സീഡി നിരക്കിൽ **വിതരണം ചെയ്യുന്നതാണ്.**

## ബയോഗ്യാസ് വികസന പരിപാടി

രണ്ട് ബയോഗ്യാസ് പ്ലാൻറുകൾ ഈ പഞ്ചായത്തിൽ **നിർമ്മിക്കുന്നതിന്** ടാർജറ്റ് ഉണ്ട്. സബ്സീഡി 2400/

## ഔഷധ ചെടി വികസന പരിപാടി

.05 ഹെക്ടർ **പ്രദേശത്ത്** നടപ്പിലാക്കുന്നു. സബ്സീഡി ഒരു **പ്ലോട്ടിന് 1500/–**

## പുഷ്പ കൃഷി വികസന പരിപാടി

500 **കുറ്റിമുല്ലചെടികൾ വിതരണം** ചെയ്തിട്ടുണ്ട്.

## പ്രത്യേക തൊഴിൽ ദാന പരിപാടി

ഒരു **ലക്ഷം യുവജനങ്ങൾക്ക്** കാർഷിക **മേഖലയിൽ തൊഴിൽ ദാന - വെൽ ഫെയർ** പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പരിപാടിയിൽ 122 **പേരെ ഇതിനകം ചേർത്തിട്ടുണ്ട്.**

## മണ്ണ് പരിശോധന പരിപാടി

**കർഷകരുടെ പുരയിടങ്ങളിലെ** കൃഷിഭൂമിയിലെ **മണ്ണ് പരിശോധിച്ച് വളങ്ങൾ** ശുപാർശ **ചെയ്യുന്നു.**

## കശുമാവ് വികസന പരിപാടി

ഈ **പരിപാടിയിൽ കീഴിൽ** 50 സെൻറ്ന് മുകളിലുള്ള **കർഷകർക്ക് കശുമാവ്** തൈകൾ

സൗജന്യ നിരക്കിൽ നൽകിയിട്ടുണ്ട്. 160 അത്യുല്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയതിട്ടുണ്ട്.

**പയറു വർഗ്ഗ കൃഷി വികസന പരിപാടി**

വൻപയർ കൃഷിവ്യാപിപ്പിക്കുന്നതിനായി മിനികിറ്റ് വിതരണം നടത്തുന്നതാണ്.

**സുഗന്ധവിള കൃഷി വികസന പരിപാടി**

.5 ഹെക്ടർ പ്രദേശത്ത് ഇഞ്ചികൃഷി പ്രദർശന തോട്ടം ഉണ്ടാക്കുന്നതാണ്. 2 മിനി കിറ്റ് മുളക് വിതരണം നടത്തുന്നതാണ്. വില Rs.100/- സബ്സിഡി 50/-കൂടാതെ 50 ജാതി, 50 കറുവപ്പട്ട, 20 ഗ്രാമ്പു എന്നീ തൈകൾ വിതരണം ചെയത് വരുന്നു.

**വിള ഇൻഷൂറൻസ് പരിപാടി .**

നെൽകൃഷി, തെങ്ങ്, കവുങ്ങ്, ജാതി, ഗ്രാമ്പു, വാഴ, റബ്ബർ തുടങ്ങിയ കാർഷിക വിളകൾക്ക് വിള ഇൻഷൂറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭത്തിൽ നിന്നും പരിരക്ഷ നൽകുന്നു. Rs.39,250/ധന സഹായത്തിന് ക്ലെയിം ചെയ്തിട്ടുണ്ട്.

**പ്രകൃതിക്ഷോഭ ദുരിതാശ്വാസ പരിപാടി**

ഈ പരിപാടിയിൽ കീഴിൽ 1,24,445 രൂപ വിതരണം ചെയതിട്ടുണ്ട്. കൂടാതെ 500 തെങ്ങിൻ തൈകൾ, നെൽ മിനി കിറ്റുകൾ, ഫലവർഗ്ഗ ചെടികൾ, തുടങ്ങിയവയും വിതരണം ചെയ്തു വരുന്നു.

**കാർഷികരംഗത്തെ പ്രശ്നങ്ങൾ - ഗ്രാമ സഭകളിലൂടെ**

1. കർഷകതൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നില്ല.
2. കോൾനിലങ്ങളിൽ നിലവിലുള്ള ബണ്ടുകളിൽ പലതും താല്ക്കാലികവും അപര്യാപ്ത വുമാണ്.
3. വൈദ്യുതി തകരാറ് മൂലം കൃഷിയിറക്കു ന്നതിന് കാല താമസം നേരിടുകയും കൃഷി നശിക്കുകയും ചെയ്യുന്നു.
4. ശാസ്ത്രീയ കൃഷിരീതിയിലുള്ള പരിജ്ഞാന കുറവ്.
5. കൃഷിയിടങ്ങളിലേക്ക് ഗതാഗത സൗകര്യ മില്ലായ്മ.
6. മണ്ണിൻെറ ഫലഭൂയിഷ്ടത കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല.
7. മണ്ണൊലിപ്പ് ചില പ്രദേശങ്ങളിൽ ഗണ്യമായ തോതിൽ ഉണ്ട്.
8. കൃഷി ഭൂമി തരിശിടുന്നു.
9. കീടബാധ വർദ്ധിച്ച തോതിൽ നിലനിൽക്കുന്നു.
10. കരഭൂമികളിൽ ജലസേചനത്തിൻെറ അപര്യാപ്തത.
11. കോൾ നിലങ്ങൾക്ക് അനിയോജ്യമായ യന്ത്രവത്കരണത്തിൻെറ കുറവ്.
12. ജൈവവളത്തിൻെറ ലഭ്യതകുറവ്
13. കാർഷികോല്പന്നങ്ങളുടെ വിപണന സൗകര്യ ത്തിൻെറ പോരായ്മ
14. പാടങ്ങൾ നികത്തപ്പെടുന്നു.
15. നെൽപ്പാടങ്ങളിൽനിന്ന് മണ്ണെടുക്കുന്നു.
16. പമ്പിംഗ് സൗകര്യകുറവ്
17. വായ്പാസൗകര്യത്തിൻെറ കുറവ്.

## സാധ്യതകളും പരിഹാരങ്ങളും

1. കാർഷികവൃത്തികൾക്ക് അനുയോജ്യമായ രീതിയിൽ യന്ത്രവത്കരണം ഏർപ്പെടുത്തുക. കോൾനിലങ്ങൾക്ക് അനുയോജ്യമായ ചെളിയിൽ താഴാത്ത കൊയ്ത്തുയന്ത്രം, നടീൽ യന്ത്രം എന്നിവയും, മെതിയന്ത്രം, പാറ്റുയന്ത്രം എന്നി വയും ആഗ്രോ ക്ലീനിക്കുകൾ വഴി വിതരണം ചെയ്യുക.കർഷക തൊഴിലാളികൾക്ക് കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക

2. കോൾ നിലങ്ങളിൽ സ്ഥിരം ബണ്ടുകൾ പൂർത്തീകരിക്കണം, കോടന്നൂർ തരിശിൻെറ തെക്കേവരമ്പ് ഉദ്ദേശം 700 മീ, തൊള്ളായിരം പടവിൻെറ വടക്ക് - കിഴക്ക് വരമ്പ് 1600 മീ, അകം പാടത്തിൻെറ പടിഞ്ഞാറെ വരമ്പ് 1000മീ, ചാമ്പാംകോളിൻെറ കിഴക്കേ വരമ്പ് 500 മീ എന്നീ ബണ്ടുകൾ നിർമ്മിക്കണം.

3. കോൾ നിലങ്ങളിൽ നിലവിലുള്ള വൈദ്യുത ലൈനുകൾ സ്ഥിരം ബണ്ടുകളിലേക്ക് മാറ്റി സ്ഥാപിക്കുക, ഈ ലൈനുകളിൽ ലോഡ് ഷെഡഡിംങ്ങ് ഒഴിവാക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. കോൾ നിലങ്ങളിൽ മോട്ടോർ - ഷെഡ്ഡുകളും തറകളും സ്ഥാപിക്കണം.

4. ആധുനിക കൃഷി രീതികളിൽ കർഷകരേയും, കർഷക തൊഴിലാളികളേയും ബോധവത്ക്കരിക്കുക.

5. ആവശ്യമായ സ്ഥലങ്ങളിൽ സ്ലൂയിസുകളും റാംപുകളും നിർമ്മിക്കുക.

താഴെ പറയുന്ന ഫാം റോഡുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

a. പാർപ്പക്കടവ് മുതൽ ചേനംലിഫ്റ്റ് ഇറിഗേഷൻ വരെ 1000 മീ, (മെയിൻ ചാലിൽ പാലവും ആവശ്യമാണ്)

b തേവർപാടം റോഡിൽ നിന്ന് പള്ളിപ്പുറം വെള്ളിയാട്ടുമന റോഡിലേക്ക് ഫാം റോഡ്. (മണ്ണാരം തോടിൽ പാലം)

c. ചേനം തരിശിൽ അലക്കുകുളം മുതൽ പണിതിട്ടുള്ള ഫാം റോഡ് തെക്ക്, പടിഞ്ഞാറ്, വടക്ക് ദിശകളിലേക്ക് 3000 മീ. നിർമ്മിക്കണം.

d. പൊട്ടക്കുളം പോത്താണി ചാല് വരെ 1/2 കി.മി

e. പള്ളിപ്പുറം - ആലപ്പാട് കടും കൃഷി പടവിൽപ്പെട്ട ചാമ്പാൻകോളിൽ 1000 മീ, പുത്തൻകോളിൽ 2000മീ, വാഴക്കോളിൽ 300മീ, തൊള്ളായിരം പടവിൽ 1500 മീ.

f. തേവർപാടത്ത് 2000 മീ.

g. അകം പാടത്ത് 1500 മീ, (പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് , വടക്കോട്ട്, മുനയം റോഡ് വരെ)

h. ശാസ്താം കടവിൽ നിന്ന് രാമൻ കോൾ വരെ 1000 മി (കിഴക്കുഭാഗത്തുകൂടി) നിലവിലുള്ള ശാസ്താംകടവ് മനക്കൊടി ഫാം റോഡ് ഉയർത്തുക.

I. ആര്യംപാടംമുതൽ കുണ്ടൻ ചാൽ വരെ 1000മീ

j. താണിക്കമുനയം മുതൽ ചാക്യാർക്കടവ് കുണ്ടൻ ചാൽ വരെ 2000 മീ

k. ചിററോഡിൽ നിന്ന് കർഷകറോഡ്വരെ

I കൈലാത്തു കുളം മുതൽ 1000 മീ. തെക്കോട്ട്

m. ശാസ്താംകടവ് വലിയ മനപ്പടിമുതൽ ആര്യംപാടം കിഴക്ക്വരെ.

n. കോടന്നൂർചിറ മുതൽ ജവഹർ റോഡ്വരെ

o. കുണ്ടിൽ താഴത്തുനിന്ന് മഹാത്മാ റോഡ് വരെ

6. മണ്ണ് പരിശോധന, കാലാകാലങ്ങളിൽ ഏർപ്പെടുത്തണം. പഞ്ചായത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാരെ മണ്ണ് പരിശോധന പരിശീലിപ്പിക്കുക, അവരെ മണ്ണ് പരിശോധനയ്ക്കായി നിയോഗിക്കുക.

7. മണ്ണൊലിപ്പ് സംരക്ഷണപ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.
8. തരിശുഭൂമി കൃഷിഭൂമിയാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
9. ജൈവിക കീടനിയന്ത്രണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
10. പുതിയ ജലസേചന പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക, അതോടൊപ്പം നിലവിലുള്ള ജലസേചന പദ്ധതികളുടെ പോരായ്മകൾ പരിഹരിക്കുക. മുക്കുന്ന്, അയ്യുന്ന് ജലസേചന പദ്ധതികൾ ധ്രുതഗതിയിൽ നടപ്പാക്കുക.
11. പഞ്ചായത്തിന്റെ അധീനതയിലുള്ള പുറം പോക്ക് ഭൂമികളിൽ ജൈവസമ്പത്ത് ഉണ്ടാക്കിയെടുക്കാൻ പദ്ധതികൾ ആവിഷ്കരിക്കുക. കർഷകർക്ക് കമ്പോസ്ററ് വള നിർമാണത്തിൽ പരിശീലനം നൽകുക.
12. കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സംഭരണ കേന്ദ്രങ്ങൾ, വെയർ ഹൗസുകൾ, വിപണന കേന്ദ്രങ്ങൾ എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാകണം
13. പാടങ്ങൾ നികത്തുന്നതിനെതിരെ കർശന നിയന്ത്രണം ഏർപ്പെടുത്തുക, ജനകീയ സമ്മർദ്ദം ബോധവത്കരണം എന്നിവ നടത്തുക.
14. പരിസ്ഥിതി സംരക്ഷണത്തെസംബന്ധിച്ച ബോധവത്കരണം വാർഡ് തലത്തിൽ നടത്തുക.
15. റെയ്കോ മുതലായ സ്ഥാപനങ്ങൾ മുഖാന്തിരം പമ്പ്സെറ്റുകളും മററു കാർഷികോപകരണങ്ങളും സബ്സിഡി നിരക്കിൽ കാല താമസം കൂടാതെ വിതരണം നടത്തുക.
16. കാർഷിക വായ്പ്പാസൗകര്യങ്ങൾ മിതമായ പലിശനിരക്കിൽ ആവശ്യാനുസരണം ലഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക.
17. ബാങ്കുകൾ കാർഷിക വായ്പാ വിതരണത്തിൽ വരുത്തുന്ന അലംഭാവം ഇല്ലാതാക്കണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളിലെ വായ്പാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
17. നെൽകൃഷി ഉൾപ്പെടെയുള്ള എല്ലാകാർഷിക വിളകൾക്കും സൗജന്യ നിരക്കിൽ ഇൻഷൂറൻസ് ഏർപ്പെ ടുത്തുക.
18. കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് സെമിനാറുകൾ, പുസ്തക കോർണറുകൾ എന്നിവ സംഘടിപ്പിക്കുക.
19. തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക്, പച്ചക്കറികൾ മുതലായ സസ്യവിഭാഗങ്ങൾക്ക് ബാധിക്കുന്ന വിവിധ ഇനം രോഗങ്ങൾക്ക് ഫലപ്രദമായ നിവാരണ മാർഗ്ഗങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുക. രോഗ നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ച് പഞ്ചായത്തിലെ യുവാക്കൾക്ക് പരിശീലനം നൽകുക.
20. ഔഷധസസ്യങ്ങൾ, അലങ്കാര പുഷ്പങ്ങൾ എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ നട്ടുവളർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
21. പഞ്ചായത്തിലെ ഓരോ കുടുംബത്തിനും അടുക്കളതോട്ടം നിർബന്ധമാക്കുക, ഇതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും, കുടുംബ യോഗങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുക.
22. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും മാതൃകാ പച്ചക്കറി തോട്ടങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ കൃഷി ഭവന്റെ സഹായത്തോടുകൂടി വിദ്യാർത്ഥികളെ പരശീലിപ്പിച്ചു കൊണ്ട് നടപ്പിലാക്കുക.

23. കർഷകരെ ആദരിക്കുവാൻ നിലവിലുള്ള പരിപാടികൾക്ക് പുറമെ നുതന പദ്ധതികൾ ആവിഷ്കരിക്കുക.

പാറളം പഞ്ചായത്തിലെ മൊത്തം കൃഷിഭൂമിയിൽ നിലമാണ് ഒന്നാം സ്ഥാനത്ത് (47.66%) പുരയിടം (പറമ്പ്) 47.24% വരുന്നു. 6.10% പുറമ്പോക്ക് ഈ പഞ്ചായത്തിലുണ്ട്. കൃഷി യോഗ്യമായ തരിശുഭൂമികളിൽ ഇല്ലായെന്നു തന്നെ പറയാം.

**പാറളം പഞ്ചായത്തിലെ മൊത്തം ഭൂമി**

1704.16 ഹെക്ടർ ( നിലം-പുരയിടം-പുറമ്പോക്ക് ശതമാനക്കണക്കിൽ)




**ഭൂമിസംബന്ധിച്ച വിവരങ്ങൾ**

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ | | | |
|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | ആകെ |
| വെങ്ങിണിശ്ശേരി | 202.23 | 81.97 | 17.83 | 302.03 |
| കോടന്നൂർ | 261.24 | 212.47 | 28.89 | 502.60 |
| പള്ളിപ്പുറം | 108.24 | 295.3 | 23.68 | 427.22 |
| പാറളം | 216.38 | 222.50 | 33.43 | 472.31 |
| ആകെ | 788.09 | 812 .24 | 103 .83 | 1704.16 |

മൊത്തം കൃഷി സ്ഥലത്തിന്റെ ഭൂരിഭാഗവും നെൽകൃഷിയാണ് 61.76%. തൊട്ടടുത്ത് തെങ്ങുവരുന്നുണ്ട് 25.05%. കവുങ്ങ്7.6% വരുന്നു. പച്ചക്കറികൃഷി വളരെകുറവാണ് 0.8% മാത്രം. മറ്റിനങ്ങൾ 4.79% വരുന്നുണ്ട്. നെല്ലിന്റെ ഉൽ പാദന ക്ഷമത് ഒന്നാംവിള ഹെക്റ്ററിന് 5000 കി. ഗ്രാം. രണ്ടാം വിളയും മൂന്നാം വിളയും ഹെക്റ്ററിന് 6000 കി.ഗ്രാം. എന്ന പ്രകാരത്തിലാണ്. നാളികേരത്തിന്റെ ഉല്പാദനക്ഷമത ഒരു കുലയിൽ 25 എണ്ണം എന്ന നിലയ്ക്കാണ്. ഉല്പാദനക്ഷമത വളരെയധികം ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. തെങ്ങുകൾക്ക് രോഗബാധ കൂടുതലാണ് . (അനുബന്ധപ്പട്ടിക കാണുക.) പച്ചക്കറികൃഷിയിൽ പഞ്ചായത്ത് വളരെ പിറകിൽ നിൽക്കുന്നുവെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മറ്റിനം കൃഷികളിലും ഉൽപ്പാദന ക്ഷമത തീരെ കുറവാണെന്നു കാണുന്നു.

### കാർഷികോല്പാദനം ( ഇനം തിരിച്ച് )




### വിള വിസ്തീർണ്ണവും ഉത്പാദനവും

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തം ഉത് പാദനം ഹെക്ടറിൽ | ഉത് പാദനക്ഷമത |
|---|---|---|---|
| നെല്ല് ( ഒന്നാം വിള) | 55 | 2,75,000 | 5,000 kg/ha |
| നെല്ല് ( രണ്ടാം വിള ) | 578 | 34.68,000 | 6,000kg/ha |
| നെല്ല് ( മൂന്നാം വിള ) | 501 | 30,06,000 | 6,000kg/ha |
| പയർ | 20 | 1,040 | 520 kg/ha |
| പച്ചക്കറി | 14 | 13.300 | 950kg/ha |
| തെങ്ങ് | 460 | 25Nos/bch | 25 nos/bch |
| വാഴ | 5 | 10 ton | 15 kg/bch |
| മരച്ചീനി | 35 | 7 ton | 10 kg/bch |
| കുരുമുളക് | 2 | 50 ton | |
| പ്ലാവ് | 2 | 5ton | 150 kg/tree |
| കശുമാവ് | 12 | 8ton | 10 kg/tree |
| മാവ് | 10 | 2ton | 120 kg/tree |
| റബ്ബർ | 2 | | |
| കവുങ്ങ് | 140 | 20ton | 240 nos/bch |

മൊത്തം കൃഷിഭൂമിയിൽ ഭൂരിഭാഗവും നാമമാത്ര കർഷകരുടെ കൈവശമാണ്.96.75% കൃഷിഭൂമി.തുണ്ടുതുണ്ടുകളായി കിടക്കുന്നു എന്ന താണ് ഇത് സൂചി പ്പിക്കുന്നത്. ചെറുകിട കർഷകർ 2.95% വും വൻകിട കർഷകർ 0.3% വരുന്നു.




ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിലെ ഭൂപ്രദേശങ്ങളെ കുന്നിൻപ്രദേശം (കുന്നിൻമണ്ട), ചരിവുപ്രദേശങ്ങൾ, താഴ്‌വര പ്രദേശങ്ങൾ എന്നിങ്ങനെ തരംതിരിക്കാം, കുന്നിൻ മുകളിൽ സസ്യഫലവൃക്ഷാദികൾ കാര്യമായി വളരുന്നില്ല. ചുവന്ന കല്ല് , വെട്ടുകല്ല്, പാറ ചീങ്കണ്ണിപ്പാറ, എന്നിവയാണ് ഇവിടങ്ങളിലെ മൺതരം. ജലസേചന സൗകര്യങ്ങൾ തീരെയില്ലെന്നുപറയാം. ചരിവുപ്രദേശങ്ങളിൽ തെങ്ങും ഫലവൃക്ഷാദികളും ഇടതിങ്ങി കാണുന്നുണ്ട്. ചുവന്നമണ്ണും ചരൽമണ്ണും ആണ് മൺതരങ്ങൾ. ഇവിടങ്ങളിൽ തെങ്ങ് ഫലവൃക്ഷങ്ങൾ , കവുങ്ങ്, കശുമാവ്, കുരുമുളക്, ചെറിയതോതിൽ പച്ചക്കറി, വാഴ എന്നിങ്ങനെയുള്ള സസ്യസമ്പത്താണ് ദർശിക്കാൻ കഴിയുന്നത്. ജലസേചന സൗകര്യങ്ങൾ പൂർണ്ണമല്ല. താഴ്‌വര പ്രദേശങ്ങളിലാണ് ഫലപുഷ്ടി കൂടുതലായി കാണുന്നത്. ഇവിടത്തെ പ്രധാന കൃഷി നെല്ലാണ്. എന്നാൽ തെങ്ങ്, കവുങ്ങ്. കുരുമുളക്,

# ട്രാൻസെക്ട് (പഠന പര്യടനം) 1.

വടക്ക് അയ്യുന്നിൽ നിന്ന് ചേനം തെക്കും ഭാഗം വരെ.

→




| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുത്തനെ ചരിവ് | കുന്നിൻ മണ്ട (TOP) | ചരിവ്. | ചെറിയ ചരിവ് | ചെറിയ ചരിവ് | താഴ്‌വര പാടം. | ഉയർന്ന ഭാഗം | | താഴ്‌വര പാടം. | ചെറിയ ചരിവ്. | ഉയർന്ന ഭൂമി. | ചരിവ് | താഴ്‌വര പാടം | താഴ്‌വര. |
| മണ്ണിനം | ചുവന്ന മണ്ണ് | ചുവന്ന മണ്ണ് വെട്ടുകൽ പാറ. | ചുവന്ന മണ്ണ് ചീങ്കണ്ണി പാറ. | ചുവന്ന മണ്ണ് ചരൽ മണ്ണ് | ചുവന്ന മണ്ണ് | കളിമണ്ണ് ചരൽ മണ്ണ്. | ചരൽ മണ്ണ് | വെട്ടുകൽ ചരൽ മണ്ണ്. | കളിമണ്ണ് ചരൽ മണ്ണ്. | കളിമണ്ണ് | ചരൽമണ്ണ് വെട്ടുകൽ പാറ. | ചരൽ മണ്ണ് | കളിമണ്ണ് | കളിമണ്ണ്. |
| സസ്യജാലം | പാഴ് ചെടി | ഒന്നുമില്ല | പാഴ് ചെടി മരങ്ങൾ | കവുങ്ങ് കശു മാവ് തെങ്ങ് | തെങ്ങ് ഫല വൃക്ഷങ്ങൾ | നെല്ല്. | തെങ്ങ് | തെങ്ങ് കവുങ്ങ് മാവ് | നെല്ല്. | മരച്ചീനി വാഴ പച്ചക്കറി കിഴങ്ങുകൾ. | തെങ്ങ് പച്ചക്കറികൾ | തെങ്ങ് | നെല്ല്. | നെല്ല്. |
| പരിസ്ഥിതി പ്രശ്നം | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ് | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ് | - | നെല്ലിന്റെ ഉത്പാദനം കുറയുന്നു. | ഇല്ല. | ഇല്ല. | പ്രശ്നമില്ല. | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | ദേശാടന കിളികൾ കുറയുന്നു. | [redacted] |

# ട്രാൻസെക്ട് (പഠന പര്യടനം) 2

ശാസ്താംകടവ് നിന്ന് കിഴക്കോട്ട് പഞ്ചായത്ത് അതിർത്തിവരെ.




| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കോൾ നിലം. (താഴ്‌വര) | ചെറിയ ചരിവ് | ചെറിയ കയറ്റം | ഉയർന്ന സ്ഥലം | ചരിവ് | പാടം | ഉയർന്ന പ്രദേശം | താഴ്‌വര പാടം | ഉയർന്ന പ്രദേശം | പാടം. |
| മണ്ണിനം | കളിമണ്ണ് | വെട്ടുകല്ല് ചുവന്ന മണ്ണ് | വെട്ടുകല്ല് | വെട്ടുകല്ല് ചുവന്ന മണ്ണ്. | വെട്ടുകല്ല് | കളിമണ്ണ് | വെട്ടുകല്ല് ചരൽ. | കളിമണ്ണ് | വെട്ടുകൽ പാറ ചുവന്നമണ്ണ് | കളിമണ്ണ്. |
| സസ്യാവരണം | നെല്ല് | തെങ്ങ് വാഴ ഫലവൃക്ഷം. | തെങ്ങ്, വാഴ കവുങ്ങ് ഫലവൃക്ഷം | ഫലവൃക്ഷങ്ങൾ. വാഴ, തെങ്ങ് കവുങ്ങ് പ്ലാവ് ആഞ്ഞിൽ. | തെങ്ങ് പ്ലാവ് നെല്ലി. | നെല്ല്. | തെങ്ങ്, കവുങ്ങ് മാവ് | നെല്ല് | പാഴ്മരങ്ങൾ തെങ്ങ് കുരവ്. മൾബറി. | നെല്ല്. |
| പരിസ്ഥിതി. | മാലിന്യം വംശനാശം | മണ്ണൊലിപ്പ് | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | പാടം നികത്തുന്നു | മണ്ണൊലിപ്പ്. | പാടം നികത്തുന്നു | മണ്ണൊലിപ്പ് | പാടം നികത്തുന്നു. |

# പാറളം പഞ്ചായത്ത് ഭൂപ്രകൃതി



വാഴ, മറ്റു ഫലവൃക്ഷാദികൾ എന്നിവയും നിറഞ്ഞുനിൽക്കുന്നു. പഞ്ചായത്തിലെ പ്രധാന പരിസ്ഥിതിപ്രശ്നം മണ്ണൊലിപ്പാണ്. താഴ്‌വാരങ്ങളിൽ മണ്ണൊലിപ്പ് കുറവാണ്. അപൂർവ്വം സ്ഥലങ്ങളിൽ പാടം നികത്തുന്നതും മണ്ണെടുക്കുന്നതും പരിസ്ഥിതി പ്രശ്നമാകുന്നുണ്ട്. ചേനം, ശാസ്താംകടവ്, പള്ളിപ്പുറം പ്രദേശങ്ങളിൽ ദേശാടനകിളികൾ കുറഞ്ഞുവരുന്ന തിനേയും പരിസ്ഥിതിപ്രശ്നങ്ങളായി കാണേണ്ടതുണ്ട്. പഞ്ചായത്തിൽ വടക്ക് അയ്യുന്നിന്റെ നിറുകയിൽനിന്ന് തെക്ക് ചേനം താഴം വരെയും പടിഞ്ഞാറ് ശാസ്താംകടവ് താഴത്തുനിന്നും കിഴക്ക് ചെവ്വൂർ പാടം താഴം വരെയും നടത്തിയ2 പഠന യാത്രകൾ മുഖാന്തിരം ശേഖരിച്ച കാര്യങ്ങളാണ് മുകളിൽ വിവരിച്ചിട്ടുള്ളത്. (പഠന പര്യടനത്തിന്റെ ചാർട്ടുകൾ കാണുക.)

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ് തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 788.09 |
| പുരയിടം | 812.24 |
| പുറമ്പോക്ക് | 103.83 |
| ആകെ | 1704-16 |

**നടീൽ വസ് തു വിവരണം**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 150 | 250 | 400 |
| കുരുമുളക് | 7000 | 3400 | 4600 |
| കവുങ്ങ് | - | 60 | - |
| ഫലവൃക്ഷങ്ങൾ | 150 | 150 | 150 |

**ദുരിതാശ്വാസ വിതരണം**

| പ്രശ് ന ബാധ്യത പ്രദേശത്തിന്റെ വിസ്തീർണം (ഹെക്ടർ) | | ധനസഹായം ലഭിച്ച വരുടെ എണ്ണം | വിതരണം ചെയ് ത തുക |
|---|---|---|---|
| വർഷം | വെള്ളപൊക്കം | | |
| 1993-94 | 400 | 850 | 131000- |
| 1994-95 | 5 | 147 | 28600 |
| 1995-96 | 2 | 24 | 16020 |

പഞ്ചായത്തിന്റെ കാർഷീകമേഖലയുടെ വികസനം സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുമ്പോൾ മേൽ പറഞ്ഞ ഘടകങ്ങളെല്ലാം പരിഗണിക്കേണ്ടതാണ്.

## കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ ട്രില്ലർ | മരുന്നുതളി ഉപകരണങ്ങൾ റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മെതി യന്ത്രം | തെങ്ങുകയററ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|
| 1 | 1 | - | 30 | - | - | 50 |
| 2 | 1 | 1 | 30 | - | - | 62 |
| 3 | 2 | 2 | 35 | - | - | 72 |
| 4 | 3 | 1 | 40 | 1 | 1 | 75 |
| 5 | 1 | 2 | 45 | 1 | - | 80 |
| 6 | - | 1 | 30 | - | - | 60 |
| 7 | - | 1 | 30 | - | - | 50 |
| 8 | - | 1 | 25 | - | - | 40 |
| 9 | - | 1 | 20 | - | - | 30 |
| 10 | - | 1 | 20 | 1 | - | 20 |

## സാമൂഹ്യ വനവത്ക്കരണ പരിപാടിയിലൂടെ ഉല്പാദിപ്പിച്ച തൈകളുടെ വിവരം

| ഉല്പാദിപ്പിച്ച തൈയുടെ ഇനം | ആകെ ഉല്പാദിപ്പിച്ച തൈകളുടെ എണ്ണം | | | വിതരണം നടത്തിയതിന്റെ എണ്ണം | | |
|---|---|---|---|---|---|---|
| | 1993 | 1994 | 1995 | 1993 | 1994 | 1995 |
| 1. തെങ്ങിൻ തൈ | 210 | 123 | 200 | 210 | 123 | 200 |
| 2. മാങ്ങ | 20 | 12 | - | 20 | 12 | - |
| 3. ചക്ക | 10 | - | - | 10 | - | - |
| ആകെ | 240 | 135 | 200 | 240 | 135 | 200 |

# പാറളം പഞ്ചായത്ത്_വിളകൾ



കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1 - 2 ഹെക്ടർ) | വൻകിട കർഷകർ ( 2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 330 | 6 | - |
| 2 | 350 | 5 | - |
| 3 | 315 | 4 | - |
| 4 | 340 | 4 | 1 |
| 5 | 330 | 8 | 1 |
| 6 | 345 | 10 | 2 |
| 7 | 350 | 12 | 2 |
| 8 | 343 | 19 | 1 |
| 9 | 350 | 20 | 1 |
| 10 | 380 | 17 | |
| ആകെ | 3433 | 105 | 8 |

# 2.ജലസേചനം

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പണ്ട് മുതൽക്കേ പഞ്ചായത്തിലെ കാർഷിക വികസനത്തിന് വിഘ്നമായിരുന്നു. ആദ്യകാലങ്ങളിൽ കരപ്രദേശങ്ങളിൽ ജലസേചനത്തിന് കാളത്തേക്കും തുലാത്തേക്കുമായിരുന്നു ആശ്രയം. പഞ്ചായത്തിലെ കുന്നിൻ ചെരിവു പ്രദേശങ്ങളിലും താഴ്‌വര പ്രദേശങ്ങളിലുമായിരുന്നു ഇപ്രകാരം നേരിയ തോതിലെങ്കിലുമുള്ള ജലസേചന സൗകര്യങ്ങളുണ്ടായിരുന്നത് പീച്ചി ജലസേചന പദ്ധതിമൂലമാണ് ആദ്യകാലങ്ങളിൽ പഞ്ചായത്തിൽ അല്പമെങ്കിലും ജലസേചന സൗകര്യങ്ങൾ ലഭിച്ചത്. പിന്നീട് ഈ പദ്ധതിയിൽ നിന്നുള്ള വെള്ളം പഞ്ചായത്തിലേക്ക് ലഭിക്കാതെയായി. കൃഷി നാശങ്ങൾ സാധാരണയായി. ചിമ്മിനി - മുപ്ലിയം പദ്ധതിയാരംഭിച്ചതോട് കൂടിയാണ് ജലസേചന സൗകര്യം കുറച്ചെങ്കിലും മെച്ചപ്പെട്ടത്. പഞ്ചായത്തിലെ കൃഷിയോഗ്യമായ സ്ഥലങ്ങളിലേക്കെല്ലാം വെള്ളമെത്തിക്കുന്നതിനുള്ള സൗകര്യം ഇന്നും പൂർണ്ണമായിട്ടില്ല. 1,8,9,10 വാർഡുകളിൽ ജലസേചന സൗകര്യം വളരെ പരിമിതമാണ്. പരിഗണനയിലുള്ള അയ്യുന്ന്, മുക്കുന്ന് പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ ജലസേചന സൗകര്യം ഒരു വലിയ പരിധിവരെ സാക്ഷാൽക്കരിക്കുവാൻ കഴിയും. കര പ്രദേശങ്ങളിൽ താഴെ പറയുന്ന ജലസേചന പദ്ധതികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

1. പാരീസ് പദ്ധതി
2. ചെറാട്ടു പാടം ലിഫ്റ്റ് ഇറിഗേഷൻ
3. അമ്മാടം ലിഫ്റ്റ് ഇറിഗേഷൻ
4. പാർപ്പകടവ് ലിഫ്റ്റ് ഇറിഗേഷൻ
5. ചേനം ലിഫ്റ്റ് ഇറിഗേഷൻ
6. പള്ളിപ്പുറം ലിഫ്റ്റ് ഇറിഗേഷൻ
7. ശാസ്താംകടവ് ലിഫ്റ്റ് ഇറിഗേഷൻ
8. കെ. എസ്. നമ്പൂതിരിപ്പാട് & തറയിൽ വീട്ടുകാരുടെ ലിഫ്റ്റ്
9. കോടന്നൂർ കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം
10. ചാക്യാർകടവ് ലിഫ്റ്റ് ഇറിഗേഷൻ
11. താണിക്കമുനയം ലിഫ്റ്റ് ഇറിഗേഷൻ
12. കപ്പക്കാട് ലിഫ്റ്റ് ഇറിഗേഷൻ
13. വട്ടേക്കാട്ട്മുറി ലിഫ്റ്റ് ഇറിഗേഷൻ

**ജലസേചനസംവിധാനങ്ങൾ**

| വാർഡ് നമ്പർ | കുളം | ആയക്കെട്ട് ഏക്കർ |
|---|---|---|
| 1 | 2 | 119 |
| 2 | 1 | 22 |
| 3 | 1 | 20 |
| 4 | 1 | 20 |
| 5 | 2 | 140 |
| 6 | 1 | 150 |
| 7 | 2 | 281 |
| 8. | 3 | 113 |
| 9. | 1 | 18 |
| 10. | 1 | 60 |
| ആകെ | 15 | 943 |

മേൽപറഞ്ഞ ജലസേചന പദ്ധതികളിൽ കോടന്നൂർ കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം, ചെറാട്ട് പാടം ലിഫ്റ്റ് , വട്ടേക്കാട്ട്മുറി ലിഫ്റ്റ് എന്നിവ ഗവൺമെൻറ് സഹായത്തോടെ പ്രവർത്തിക്കുന്ന വയാണ്. മറ്റെല്ലാ ജലസേചന പദ്ധതികളുടേയും സ്ഥിതി വളരെ പരിതാപകരമാണ്. അവ സർക്കാർ സഹായത്തോടെ ജനപങ്കാളിത്തത്തോടെ പുനരുദ്ധരിക്കേണ്ടതാണ്.

**പണിപൂർത്തിയായതോ, നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ.**

| പ്രവൃത്തി യുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം ( ഹെ ) |
|---|---|---|---|---|
| വരൾച്ച ദുരിതാശ്വാസ പദ്ധതി | 87-88 | 87-88 | 38280 | 10 സെൻറ് |
| ഇറിഗേഷൻ ടാങ്ക് - ഗ്രൂപ്പ് ഫാമിങ്ങ് സ്കീം | 89-90 | 89-90 | 20000 | 10 സെൻറ് |

227 ഹെക്ടർ ഭൂമിക്ക് പ്രയോജന പ്പെടുന്ന വെങ്ങിണിശ്ശേരി - അയ്ക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും 251 ഹെക്ടർ ഭൂമിക്ക് പ്രയോജനപ്പെടുന്ന മുക്കുന്ന് - കൂട്ടാലക്കുന്ന് പദ്ധതിയും ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ മുക്കുന്ന് പദ്ധതി സർക്കാർ തല അംഗീകാരത്തിന് ശേഷം ടെണ്ടർ നടപടി പൂർത്തീകരിച്ചതാണെങ്കിലും പ്രവർത്തനക്ഷമമായില്ല. ഈ രണ്ട് പദ്ധതികളും എത്രയും പെട്ടന്ന് നടപ്പിലാക്കണം. കൂടാതെ മുള്ളക്കര രണ്ടാം വാർഡിൽ മൂന്നില അമ്പലതാഴത്ത് ഒരു ലിഫ്റ്റ് സംഘടിപ്പിച്ച് മുള്ളക്കര പഞ്ചായത്ത് കിണർ പരിസരത്ത് വെള്ളം ചാടിച്ചാൽ ഏകദേശം 100 ഏക്കർ പറമ്പ് കൃഷിയ്ക്കും 30 ഏക്കർ നെൽപ്പാടത്തിനും ഉപകാരപ്രദമായിരിക്കും. ഈ പാടത്ത് പച്ചക്കറി കൃഷി സമൃദ്ധിയായി വിളയിക്കുന്നതിന് ഈ പദ്ധതി സഹായകരമാണ്.

**നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന ചെറുകിട പദ്ധതികൾ**

| പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം ( ഹെ ) | എസ് റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക് ഷ്യം |
|---|---|---|---|
| വെങ്ങിണിശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീം | 251.01 | 42 ലക്ഷം | പാറളം കോടന്നൂർ പാലിശ്ശേരി വില്ലേജുകളിൽ വിരിപ്പ്, മുണ്ടകൻ കൃഷിക്ക് |
| മുക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീം | 222.58 | 42.5 ലക്ഷം | കൂട്ടാലക്കുന്ന് കപ്പക്കാട് കോളനി, കോളനികുന്ന് എന്നിവിടങ്ങളിലെ ജലസേചനത്തിന് |

ശാസ്താംകടവ് ലിഫ്റ്റ് ഇറിഗേഷൻ ഇപ്പോഴുള്ളഫീൽഡ് ചാനൽ കോൺക്രീറ്റ് ചെയ്യുക, ശാസ്താംകടവ് മുനയം ഭാഗത്ത് കരപ്രദേശങ്ങളിലെ വെള്ളം തുറന്ന് നിർത്തുന്നതിന് വേണ്ട സൗകര്യം ഏർപ്പെടുത്തുക എന്നീ കാര്യങ്ങളും വളരെ പ്രാധാന്യമർഹിക്കുന്നു .

**കോൾനിലങ്ങളിലെ ജലസേചനം:-**

ജലസേചന സൗകര്യത്തിനാവശ്യമായ വൈദ്യുതി പ്രശ്നം പരിഹരിയ്ക്കുന്നതിന് വേണ്ടി കോൾ നിലങ്ങൾക്ക് മാത്രമായി ഒരു വൈദ്യുതി ഫീഡർ ഏർപ്പെടുത്തുകയും ഈ ഫീഡറിൽ ലോഡ്ഷെഡ്ഡിങ്ങ് ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

**പുതിയതായി നിർമ്മിക്കേണ്ടതും പുനർനിർമ്മാണം നടത്തേണ്ടതുമായ ചാലുകൾ.**

1. ചാമ്പാൻ കോൾ മുതൽ ചെറുവത്തേരി പാടം വരെ മെയിൻ ചാൽ താഴ്ത്തി ആ പ്രദേശത്തുള്ള ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.
2. വെങ്ങിണിശ്ശേരി ചിറയുടെ താഴെമുതൽ മണ്ണാരം തോട് ചാലിൻെറ ആഴം വർദ്ധിപ്പിച്ച് ചാമ്പാൻ കോളിലെ മെയിൻ ചാലുമായി ബന്ധിപ്പിയ്ക്കുക.
3. എരുമക്കുഴി എഞ്ചിൻ ചാൽ വീതിയും ആഴവും കൂട്ടി എഞ്ചിൻ തറവരെ 300 മീറ്ററോളം നിർമ്മിക്കുക. ചോരാംകുളം മുതൽ എരുമക്കുഴി വരെയുള്ള വെള്ളച്ചാൽ വീതിയും ആഴവും കൂട്ടുക.
4. പണ്ടാരം കോളിൻെറ മേപ്പുറത്തുള്ള കാഡാതോട് പാർപ്പകടവ് കുളത്തിൻെറ മേൽ ഭാഗത്തുകൂടി പണിതീർത്ത് പരപ്പൻ കോളിലെ കാഡാതോടുമായി ബന്ധിപ്പിയ്ക്കുക.
5. പണ്ടാരം കോളിൻെറ എഞ്ചിൻചാൽ മുള്ളക്കര മുന്നില അമ്പലതാഴം വരെ നീട്ടുക.
6. ചേനത്തൂകോൾ മോട്ടോർ ചാല് ചേനം ലിഫ്റ്റ് ഇറിഗേഷൻ കുളം വരെ ആഴവും വീതിയും വർദ്ധിപ്പിയ്ക്കണം. ഇറിഗേഷൻ കുളം വികസിപ്പിച്ച് ആഴംകൂട്ടുക.
7. ചേനംതരിശിൻെറ നാല്പന്തിയിൽ നിന്നും ചേനത്തേക്കുളള മെയിൽ ചാൽ ആഴം വർദ്ധിപ്പിയ്ക്കണം
8. 3ാം വാർഡിൽ ചേനം തുരുത്തിൽ പൂർത്തീകരിയ്ക്കാത്ത കാഡാ തോടുകൾ പൂർത്തീകരിയ്ക്കുക.
9. നാല്പന്തിമുതൽ എരുകോൾ വരെ 3 ക്രോസ് ബണ്ടും എരുകോൾ മുതൽ നായ്ക്കൻ കോൾ വരെ 9 ക്രോസ് ബണ്ടും ആവശ്യമാണ്.
10. ചേനത്തുള്ള ആലുക്കൽ കുളം ആഴവും വീതിയും വർദ്ധിപ്പിച്ച് ഉപയോഗപ്രദമാക്കണം.
11. 2 ാം വാർഡിൽ പുല്ലേ പാടം പരിസരത്തുള്ള രണ്ടു കുളങ്ങൾ ആഴംകൂട്ടി ഉപയോഗപ്രദമാക്കുക.
12. പാർപ്പക്കടവ് ,മുള്ളക്കര ഭാഗങ്ങളിൽ നിന്നും വരുന്ന കരവെള്ളം പണ്ടാരം കോളിൻെറ മെയിൻ ചാലുമായി ബന്ധിപ്പിക്കേണ്ടതാണ്.
13. ചാമ്പാൻ കോളിൻെറ നിലവിലുള്ള 1000 മീറ്റർ മോട്ടോർചാൽ ആഴം വർദ്ധിപ്പിക്കുകയും, ഫാം റോഡിനോടനുബന്ധിച്ച് 1500 മീറ്റർ നീളത്തിൽ ചാൽ നിർമ്മിക്കുകയും വേണം.
14. തേവർ പടവിൽ മേൽകനാൽ 1300 മീറ്റർ, നീളവും വീതിയും കൂട്ടി ജലസേചന സൗകര്യം സൃഷ്ടിക്കുക.
15. പൂത്തൻ കോളിൻെറ മോട്ടോർ ചാൽ ആഴം വർദ്ധിപ്പിക്കുക. വെള്ളം തിരിയ്ക്കുന്നതിന് ചെറുതോടുകൾ നിർമ്മിക്കുക.
16. വാഴാക്കോളിൻെറ മോട്ടോർ ചാൽ ആഴം വർദ്ധിപ്പിക്കുക. കാഡാതോട് നിർമ്മിക്കുക.

17. തൊള്ളായിരം പടവിലെ മോട്ടാർ ചാൽ ആഴം വർദ്ധിപ്പിയ്ക്കുക. ആവശ്യമായ കാഡാ കനാലുകൾ നിർമ്മിയ്ക്കുക.
18. അകംപാടം പടവിൻെറ മോട്ടോർചാൽ ആഴം വെയ്പിയ്ക്കണം, ആവശ്യത്തിനുള്ള കാഡാ ചാൽ നിർമ്മിക്കണം
19. നാലുമുറിമുതൽ - കോടന്നൂർ തരിശ് പടവിൻെറ കിഴക്കെ തറവരെ മോട്ടാർ ചാൽ ആഴം വെയ്പ്പിക്കുക.
20. കോടന്നൂർ ശാസ്താംകടവ് മുതൽ വടക്കു കടല കോൾ വരെ ഉദ്ദേശം 2000 മീറ്റർ കാഡാ പദ്ധതി പൂർത്തീകരിക്കുക.
21. കോടന്നൂർ തരിശിലേക്ക് വരുന്ന കര വെള്ളം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കുന്നതിന്ന് വേണ്ടി, കരയിൽ നിന്നും പുറം ചാലിലേക്ക് ഹൈ ലെവൽ കനാൽ നിർമ്മിയ്ക്കുക.
22. മനയ്ക്കൽ താഴം മുതൽ പുത്തൻ ചാൽവരെ കനാലിൻെറ ആഴം വർദ്ധിപ്പിയ്ക്കുക.
23. ആര്യമ്പാടം ചാലിൽ നിന്ന് വിരിപ്പ് മുണ്ടകൻ കൃഷിയ്ക്ക് ഇറിഗേഷൻ സ്കീം നടപ്പിലാക്കുക.
24. 6ാം വാർഡിലുള്ള പഞ്ചായത്ത് കുളം ആഴവും വീതിയും വർദ്ധിപ്പിച്ച് ജലസേചനത്തിന് ഉപയുക്തമാക്കുക.
25. വെങ്ങിണിശ്ശേരി ചിറ ബണ്ടിൻെറ ഉയരം വർദ്ധിപ്പിച്ച് സ്ഥിരമായ റെഗുലേറ്റർ സംവിധാനം സൃഷ്ടിക്കുക.
26. ചിറ മുതൽ മഹാത്മാ റോഡ്, ജവഹർ റോഡ് വരെയുള്ള രണ്ടു ചാലുകൾ ആഴം വർദ്ധിപ്പിയ്ക്കുക. ഈ മണ്ണ് ഉപയോഗിച്ച് ഫാം റോഡ് നിർമ്മിയ്ക്കാം.
27. ചെറാട്ട് കുളത്തിൽ നിന്ന് വരുന്ന ചാൽ ചിറവരെ താഴ്ത്തുക.
28. കോടന്നൂർ കാഞ്ഞിരംകുളം അവത്തുട്ടുകുളം എന്നിവ കേടുപാടുകൾ തീർക്കുക.
29. വെങ്ങിണിശ്ശേരി അണ്ണാംകുളം ഉപയോഗപ്രദമാക്കണം. ഇവിടെ നിന്നും കുണ്ടിൽത്താഴം വഴി വെങ്ങിണിശ്ശേരി ചിറയിൽ അവസാനിക്കുന്ന ചാൽ വൃത്തിയാക്കുക.
30. കോടന്നൂർ ആര്യമ്പാടം മനകുളവും, കണ്ണേടത്ത് താഴത്ത് കുളവും, അകംമ്പാടം പോത്തോട്ടുകുളവും നന്നാക്കുക.
31. അകംപാടം പടവിലെ വെള്ളിയാട്ടുകുളം വൃത്തിയാക്കുക.
32. താണിക്കമുനയം മുതൽ ഒല്ലൂർ ബോട്ട് ജെട്ടി വരെയുള്ള K.L.D.C. കനാൽ ആഴം വർദ്ധിപ്പിച്ച് തെക്കേബണ്ട് ഫാം റോഡാക്കുകയും, ഈ കോൾ നിലങ്ങളിൽ നിന്ന് ഫാം റോഡിലേക്ക് ക്രോസ് പാലങ്ങൾ നിർമ്മിക്കുകയും ചെയ്താൽ 700 ഏക്കർ കോൾ നിലങ്ങൾക്ക് പ്രയോജനമായിരിക്കും.. ഇതുമൂലം കൂടുതൽ ഉൽപാദനം ലഭ്യമാക്കാം.
33. വിയ്യാറ്റി പാടം, മണപാട്ട് കുളം നന്നാക്കി ഉപയോഗപ്രദമാക്കുക.
34. കൈലാത്തുകുളം ആഴം വർദ്ധിപ്പിച്ച് ഉപയോഗപ്രദമാക്കണം
35. ചെവ്വൂർ താഴം പാടശേഖരത്തിൻെറ പൊതു ചാലിൽ എത്തിനിൽക്കുന്ന വെള്ളം വെങ്ങിണിശ്ശേരി - പാലിശ്ശേരി അതിർത്തി ചാലിൽ കൂടി ടി ചാല് വീതികൂട്ടിയും ആഴം കൂട്ടിയും കരുപടന്ന റോഡിൻെറ പടിഞ്ഞാറ് വശത്ത് എത്തിച്ച് ലിഫ്റ്റ് ചെയ്താൽ 40 ഏക്കറോളം കൃഷിക്ക് ഗുണകരമാവുന്ന പദ്ധതി നടപ്പാക്കമാ.
36. മേൽപറഞ്ഞ വെങ്ങിണിശ്ശേരി - അവിണിശ്ശേരി പാടശേഖരത്തിൽ കൂടി പോകുന്ന അതിർത്തി ചാലിൻെറ പടിഞ്ഞാറ് വശത്തുള്ള 150 മീറ്റർ മാത്രം അകലമുള്ള കുളത്തിലേക്ക് വെള്ളം പൈപ്പ് വഴി എത്തിച്ച് ലിഫ്റ്റ് ചെയ്തു കാട്ടാള പറമ്പിൽ വീട്ടുകാരുടെ

ഉയർന്ന പ്രദേശത്ത് എത്തിച്ചാൽ 75 ഏക്കറോളം കരഭൂമിക്ക് ജലസേചന സൗകര്യം ലഭിക്കുന്ന പദ്ധതി നടപ്പാക്കാം.

37. മേൽപ്പറഞ്ഞ ചാലിൻെറ വടക്കോട്ട് നാരായണൻ കാട്ടിൽ ദാസിൻെറ ഉയർന്ന പ്രദേശത്തേക്ക് വെള്ളം ലിഫ്ററ് ചെയ്ത് എത്തിച്ചാൽ ഏകദേശം 62 ഏക്കറോളം കരഭൂമിക്കും കയിലാത്ത്കുളം പാടശേഖരത്തെ മുണ്ടകൻ കൃഷിക്കും ജലസേചന സൗകര്യം ലഭിക്കുന്ന പദ്ധതി നടപ്പാക്കാം.

**ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ**

| തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|
| ചൊവ്വൂർ പാടം തോട് | 1500 | 2 | |
| തെങ്ങിൻത്താഴം തോട് | 2500 | 2.5 | 26800 |
| മണ്ണാരംതോട് | 2000 | 3 | |
| ആകെ | 6000 | 2.5 | 26800 |

# 3.മൃഗസംരക്ഷണം

ഉൽപാദന പ്രക്രിയയിലെ ഒരു അവിഭാജ്യ ഘടകമാണ് വളർത്തു മൃഗങ്ങൾ. കാർഷിക പ്രദേശമായ പാറളം പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ ഓരോ കുടുംബത്തിലും വളർത്തു മൃഗങ്ങളെ പരിപാലിക്കുന്നത് അഭിമാനമായി കരുതി പോന്നു. എന്നാൽ തിരക്ക് പിടിച്ച ജീവിതത്തിനിടയിൽ പുതിയ തലമുറക്ക് വളർത്തു മൃഗങ്ങൾ അന്യമായി തീർന്നു. കാള, പോത്ത്, പശു, എരുമ,കോഴി, ആട്, താറാവ് എന്നിവയായിരുന്നു വളർത്തു ജീവികൾ. ജൈവ വളം ഉപയോഗിച്ച് കൃഷി ചെയ്തിരുന്ന പഴയ കാലഘട്ടത്തിൽ മൃഗ പരിപാലനം ഉപജീവിതമാർഗവും, കാർഷിക മേഖലയുടെ വളർച്ചക്ക് അത്യന്താപേക്ഷിതഘടകവുമായിരുന്നു. ചാണകത്തിന് പകരം രാസവളങ്ങളും, നുകം വെച്ച കാളകൾക്കും, കലപ്പ പിടിക്കുന്ന കർഷകനും പകരം ട്രാക്ററും, ടില്ലറും എത്തിയപ്പോൾ മൃഗങ്ങൾ അവഗണിക്കപ്പെട്ടു തുടങ്ങി. പറമ്പുകൾ തുണ്ടുകളായി വിഭജിച്ചതും മേച്ചിൽ സ്ഥലങ്ങൾ ഇല്ലാതായതും കാലികൾക്ക് വിനയായി. അത്യുൽപാദന ശേഷിയുള്ള നെൽ വിത്തുകളുടെ ആവിർഭാവത്തോടെ വൈയ്ക്കോലിൻെറ ലഭ്യതകുറഞ്ഞു. കാലിവളർത്തൽ ആദായകരമല്ലാതായപ്പോൾ ജനങ്ങൾ അതിൽ നിന്നും പിൻതിരിഞ്ഞു.

ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ എണ്ണം താഴെ പറയും വിധമാണ്. പശു 900 (സങ്കരയിനം), നാടൻ 38, എരുമ 125, , ആട് 650, പോത്ത് 38, നാടൻകാള 12, സങ്കരയിനം കാള 6, പന്നി 98, പൂവ്വൻ കോഴി 900, പിടക്കോഴി 9430, താറാവ് 1106, പട്ടി 350.

ഗ്രാമസഭകളിൽ ഉയർന്ന് വന്ന പ്രശ്നങ്ങൾ ചുവടെ കൊടുക്കുന്നു.

1. പാലുൽപാദകന് ന്യായമായ വില ലഭിക്കാത്തതിനാൽ മൃഗപരിപാലനം ആദായകരമാകുന്നില്ല.
2. ചില പ്രദേശങ്ങളിൽ പേപ്പട്ടി ശല്യം ഉണ്ടാകുന്നു.
3. കാലിതീറ്റകളുടെ അടിക്കടിയുള്ള വില വർദ്ധന.
4. കാലിമരുന്നുകളുടെ ക്രമാതീതമായ വിലവർദ്ധന.
5. മികച്ച ചികിത്സാ സൗകര്യത്തിൻെറ അപര്യാപ്തത.
6. അത്യുല്പാദനശേഷിയുള്ള മൃഗങ്ങളെ പരിചരിക്കുന്നതിനുള്ള അജ്ഞത.
7. പഞ്ചായത്ത് വെറ്റിനറി ഡിസ്പൻസറിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
8. ഇറച്ചികോഴി, മുട്ടകോഴി വളർത്തുന്നതിനുള്ള ജനങ്ങളുടെ സാങ്കേതിക വിജ്ഞാനകുറവ്.

**സാധ്യതകളും പരിഹാരങ്ങളും**

1. തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തുക. പഞ്ചായത്തിൻെറ അധീനതയിൽപ്പെട്ട പുറംപോക്ക് സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്താവുന്നതും, തീറ്റപ്പുല്ല് സൗജന്യനിരക്കിൽ കർഷകർക്ക് വിതരണം ചെയ്യേണ്ടതുമാണ്. ക്ഷീര വികസന വകുപ്പ് ഇപ്പോൾ നടത്തി വരുന്ന പുൽകൃഷി പദ്ധതി കർഷകർക്ക് ഗുണപ്രദമാകും വിധം വിപുലീകരിച്ച് നടപ്പാക്കേണ്ടതാണ്. കർഷകർക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ കാലിതീറ്റയും, കോഴിതീറ്റയും ഉല്പാദിപ്പിക്കുന്ന ഒരു



" ഈ പക്ഷി സമ്പത്ത് നമ്മുക്ക് നഷ്ടപ്പെടുന്നുവോ ? "

സ്ഥാപനം സഹകരണ ആക്ടിൻ കീഴിലോ, വ്യാവസായിക വകുപ്പിന്റെ കീഴിലോ റജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതാണ്.

2. പേപ്പട്ടി ശല്യം ഒഴിവാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുകയും ലൈസൻസ് ഇല്ലാത്ത നായ്ക്കളെ വളർത്തുന്നവർക്ക് എതിരെ നടപടി ഏടുക്കുകയും വേണം .
3. കന്നുകാലികൾക്ക് നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുണം. മൃഗ ഡോകടറുടെ സേവനം എല്ലാ വാർഡുകളിലും ലഭിക്കും വിധം കോടന്നൂർ, ചേനം തുടങ്ങിയ പ്രദേശങ്ങളിൽ സബ് - സെന്ററുകൾ തുടങ്ങണം. കൃത്രിമ ബീജ സങ്കലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പി ക്കുകയും വേണം.
4. കറവുമാടുകളെ വാങ്ങുന്നതിന് നൂതന വായ്പാ പദ്ധതികൾ ഏർപ്പെടുത്തുകയും 50% സബ്സീഡി നൽകുകയും ചെയ്യുക.
5. വീട്ടമ്മമാർക്കുവേണ്ടി പഞ്ചായത്ത് അടിസ്ഥാ ത്തിൽ ആടുവളർത്തൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.
6. കന്നുകുട്ടി പരിപാലന പദ്ധതികൾ വ്യാപക മാക്കുക.
7. കാളക്കുട്ടി പരിപാലന പദ്ധതികൾ നടപ്പാക്കുക.
8. പാൽ ഉൽപാദകർക്കും മുട്ട ഉൽപാദകർക്കും മെച്ചപ്പെട്ട വില ലഭിക്കുന്നിനുള്ള വിപണന സൗകര്യങ്ങൾകണ്ടെത്തുക.
9. എല്ലാ കന്നുകാലികൾക്കും വളർത്തു ജീവികൾക്കും സൗജന്യ നിരക്കിൽ ഇൻഷുറൻസ് ഏർപ്പെടുത്തുക.
10. പഞ്ചായത്തിലെ എക മൃഗാശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഡോക്ടറുടെ സേവനം രാവും പകലും ലഭ്യ മാക്കുക.
11. പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു അറവു ശാല നിർമ്മിച്ച് പ്രയോജന പ്പെടുത്തുക.
12. കർഷകർക്ക് കോഴികുഞ്ഞുങ്ങൾ-താറാവ് കുഞ്ഞുങ്ങൾ - മുയൽ കുഞ്ഞുങ്ങൾ- പന്നി കുഞ്ഞുങ്ങൾ എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
13. ആദായകരമായ മൃഗപരിപാലനത്തെ സംബന്ധിച്ച് ചർച്ചാക്ളാസുകളും സെമിനാറു കളും കുടുബ യോഗങ്ങളും നടത്തുക.
14. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കോഴി വളർത്തൽ സഹകരണസംഘം രൂപീകരിക്കുക.
15. നിലവിലുള്ള ക്ഷിരസംഘങ്ങൾ മുഖാന്തിരം മൃഗ ചികിത്സക്കും പ്രതിരോധത്തിനുമുള്ള മരുന്നുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.
16. കാടപക്ഷികളെ വളർത്തുന്നതിനുള്ള യൂണിറ്റുകൾ വാർഡുകൾ തോറും ആരംഭിക്കുക.
17. മുയൽ വളർത്തൽ - പന്നി വളർത്തൽ എന്നിവയെ സംബന്ധിച്ച് പഞ്ചായത്തിലെ താൽപര്യമുള്ള യുവജനങ്ങളെ പരിശീലിപ്പി ക്കുകയും അവർക്ക് ആവശ്യമുള്ള സഹായ ങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്യുക.
18. പഞ്ചായത്ത് അടിസ്ഥാനത്തിൽ മാംസ വിപണന കേന്ദ്രങ്ങൾ തുടങ്ങുക.

**വിഷബാധ പ്രതിരോധവും ചികിത്സയും**

| വിവരം | പട്ടി |
|---|---|
| പ്രതിരോധകത്തിവെപ്പ് നൽകിയവയുടെ എണ്ണം | 104 |

## രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|
| 1 ദഹന സംബന്ധമായവ | 228 | 32 | 56 | 10 | 8 | |
| 2. ശ്വാസകോശസംബന്ധം Respiratory diseases | 40 | 4 | 12 | - | 2 | |
| 3. ഉപാപചയ സംബന്ധം Metabolic diseases | 28 | 2 | 2 | - | - | |
| 4. ത്വക്ക് രോഗങ്ങൾ Skin diseases | 40 | 4 | 4 | - | 4 | |
| 5. ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 18 | 2 | 8 | - | - | |
| 6. പരാദരോഗങ്ങൾ Parasitic diseases | 184 | 26 | 66 | 8 | 14 | |
| 7. പ്രത്യുല്പാദന വ്യവസ്ഥ യുമായി ബന്ധപെട്ടവ Gynacological disorders | 138 | 14 | 2 | | | |
| 8. വന്ധ്യത Infertility | 24 | 2 | | | | |
| 9. അകിടുവീക്കം Mastitis | 18 | 2 | 4 | | | |
| 10 മുടന്തൻ പനി Ephermeral Fever | 32 | 1 | | | | |
| 11. പകർച്ചവ്യാധികൾ Contagion diseases | 5 | | | 1 | | |
| 12. കോഴിവസന്ത | | | | | | 2000 |

## വളർത്തു പക്ഷി സംഖ്യ

| പൂവൻകോഴി | പിടകോഴി | | താറാവ് | |
|---|---|---|---|---|
| | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ |
| 900 | 6200 | 3230 | 200 | 906 |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| | വളർത്തുമൃഗം ഇനം | | |
|---|---|---|---|
| | പശു | കിടാരി | എരുമ |
| ആകെഎണ്ണം | 542 | 460 | 431 |
| കൃത്രിമബീജസങ്കലനം നടത്തിയവ | 240 | 162 | 31 |
| ഗർഭധാരണത്തിന് 2- ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ | 24 | 29 | 2 |

[redacted]

# 4. മത്സ്യ ബന്ധനം

പാറളം പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ്, വടക്ക് കായൽ നിലങ്ങളിൽ ഏകദേശം ആറ് മാസത്തോളം വെള്ളം നിറഞ്ഞ് കിടക്കാറുണ്ട്. ഈ കായൽ നിലങ്ങളിലാണ് മത്സ്യ സമ്പത്ത് പ്രധാനമായും ഉള്ളത്. പുതുമഴയ്ക്ക്ശേഷം കരുവന്നൂർ പുഴയിലെ വെള്ളം ഹെർബർട്ട് കനാൽ, ചിറക്കൽ തോട്, കരാഞ്ചിറ തോട്, എന്നിവയിലൂടെ ഈ കായൽ നിലങ്ങളിൽ എത്തുമ്പോൾ അതോടൊപ്പം ധാരാളം മത്സ്യങ്ങളും എത്തിപ്പെടുന്നു. പിന്നീടുള്ള ആറ് മാസത്തോളം ഈ കായൽ പ്രദേശങ്ങളാണ് വിവിധയിനം മത്സ്യങ്ങളുടെ താവളം. വാള, വരാൽ, മുണ്ടത്തി, മുയു, കാരി, ചെമ്മീൻ, ആരൽ, കൂരി, പള്ളത്തി, കരിമീൻ, വാകേൻ, ചേറൻ, മലിഞ്ഞേൻ, വയമ്പ്, കരിപ്പിടി, കോലാൻ, അറിഞ്ഞില് തുടങ്ങിയ മത്സ്യങ്ങൾ ഇവിടെ കണ്ടുവരുന്നു. ഇതിൽ വാള, മുണ്ടത്തി, മുയു, കാരി, മലിഞ്ഞേൻ എന്നീ ഇനങ്ങൾ മെയ് - ജൂൺ മാസങ്ങളിൽ സുലഭമാണ്. വയമ്പ്, പരൽ, ചെമ്മീൻ എന്നീ ഇനങ്ങൾ ജൂലായ്- ആഗസ്ററ് മാസങ്ങളിലും, വരാൽ,പള്ളത്തി,കാരി,കോലാൻ,കൂരി കരിപ്പിടി, കരിമീൻ എന്നീ ഇനങ്ങൾ സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലും ലഭിച്ചു വരുന്നു.

കോൾ നിലങ്ങളിലെ വെള്ളം വറ്റിച്ച് കൃഷിപ്പണി ആരംഭിക്കുന്ന കാലത്ത് കോൾ ചാലുകളിൽ നിന്ന് കാരി, മുയു, ആരൽ തുടങ്ങിയ മത്സ്യങ്ങളും ലഭിക്കുന്നു. കായൽ നിലങ്ങളിലെ മത്സ്യ സമ്പത്തിന് പുറമെ കുളങ്ങളിലും ചെറിയതോടുകളിലും മത്സ്യങ്ങളെ കണ്ടുവരുന്നു. മത്സ്യ ബന്ധനത്തിന് വല, കണ്ടാടി, കുരുത്തി, ഒറ്റൽ, ഊത്തുളി, ചൂണ്ടൽ, ചാട്ട്, പത്താഴം മുതലായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. മീൻ പിടുത്തം മുഖ്യ തൊഴിലായി പഞ്ചായത്തിൽ 177 തൊഴിലാളികളുണ്ട്. ഇരുപത്തിയഞ്ചോളം വ്യക്തികൾ ഭാഗികമായി മത്സ്യ ബന്ധനം ചെയ്തുവരുന്നു. 52 വ്യക്തികൾ മത്സ്യ വിപണനം മൂലം ഉപജീവനം നടത്തുന്നുണ്ട്. മത്സ്യ തൊഴിലാളികൾക്ക് വേണ്ടി ഒരു സഹകരണ സംഘം പള്ളിപ്പുറം ആസ്ഥാനമായി പ്രവർത്തിച്ച് വന്നിരുന്നു. എന്നാൽ ഈ സംഘവും പ്രവർത്തന രഹിതമായി.

**പ്രശ്നങ്ങൾ**

1. മത്സ്യസമ്പത്ത് രോഗംമൂലം നശിച്ച് കൊണ്ടിരിക്കുന്നു.
2. പ്രജനന കാലത്ത് മത്സ്യബന്ധനം നടത്തുന്നത് മൂലം മത്സ്യസമ്പത്ത് കുറയുന്നു.
3. മത്സ്യ തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം കുറയുന്നു.
4. മത്സ്യബന്ധനത്തിന് ആധുനിക സംവിധാനമോ പൊതു സംവിധാനമോ ഇല്ല.
5. ഉൾനാടൻ മത്സ്യ കൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
6. പഞ്ചായത്തിൽ മത്സ്യ സംഭരണത്തിനും, വിതരണത്തിനും, സംസ്കരണത്തിനും കേന്ദ്രങ്ങളില്ല.
7. ചെമ്മീൻ കൃഷിക്കും മറ്റിനം മത്സ്യങ്ങൾ വളർത്തുന്നതിനും അനുയോജ്യമായ സ്ഥല ങ്ങളുണ്ടെങ്കിലും അവ ഫലപ്രദമായി ഉപയോ പ്പെടുന്നില്ല.
8. അമിതമായ രാസവള കീടനാശിനി പ്രയോഗ ങ്ങൾ മത്സ്യസമ്പത്തിനെ നശിപ്പിക്കുന്നു.

**സാധ്യതകളും പ്രശ്നങ്ങളും**

1. മത്സ്യരോഗങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.

2. പ്രജനനകാലത്തെ മത്സ്യ ബന്ധനം നിരോധി ക്കണം. ഇക്കാര്യത്തിൽ മത്സ്യ തൊഴിലാളി കൾക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തേണ്ടതാണ്.
3. മത്സ്യ തൊഴിലാളി സ്ത്രീകൾക്ക് മത്സ്യ വിപണനത്തോടൊപ്പം മറ്റ് തൊഴിൽ മേഖലകളിലും വൈദഗ്ദ്ധ്യം ഉണ്ടാകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.
4. മത്സ്യബന്ധനത്തിന് ആധുനിക സംവിധാന ങ്ങൾ ഏർപ്പെടുത്തണം. കോൾഡ് സ്റ്റോറേജ് സൗകര്യവും, പൊതുമാർക്കറ്റുകളും പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.
5. ഉൾനാടൻ മത്സ്യ കൃഷിയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുക. നിലവിലുള്ള തോടുകളും, കുളങ്ങളും മറ്റും മത്സ്യകൃഷിക്ക് അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തി യെടുക്കുക. തെങ്ങിൻ താഴം ഗ്രൂപ്പ് ഫാമിംഗ് കുളം, കൈലാത്ത് കുളം, കാഞ്ഞിരകുളം, അകമ്പാടം കുളം, ആര്യൻപാടം കുളം, അങ്ങാടികുളം, ചോരാറാകുളം, തുടങ്ങിയ പ്രധാനപ്പെട്ട കുളങ്ങൾ മത്സ്യ കൃഷി ചെയ്യാൻ ഏർപ്പെടുത്തണം. സ്ഥിരം ബണ്ടുകളാൽ മത്സ്യ സമ്പത്തിന് സംരക്ഷണം ലഭിക്കുന്ന കോൾനിലങ്ങൾ കൃഷി വിളവെടുപ്പിന് ശേഷം വ്യാപകമായ തോതിൽ മത്സ്യകൃഷിക്ക് ഉപയുക്തമാക്കണം. അകം പാടം, പണ്ടാരംകോൾ, ചെവ്വൂർ താഴം, മുതലായ പ്രദേശങ്ങൾ ഇതിന് സാധ്യതയുള്ളതാണ്.പൂത്തറക്കൽ താഴത്ത് തൂർന്ന് കൊണ്ടിരിക്കുന്ന പഞ്ചായത്ത് കുളം കുളമായി തന്നെ സംരക്ഷിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
6. പഞ്ചായത്തിലേക്ക് ആവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രം ഉണ്ടാകണം.
7. അമിതമായി രാസവളം കീടനാശിനി പ്രയോഗ ങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം.

**മത് സ്യ ബന്ധനം**

**(ഉൾനാടൻ മത് സ്യ)**

| വാർഡ് | മത് സ്യബന്ധനതൊഴിലാളികൾ | മറ്റ് തൊഴിലാളികൾ മത് സ്യ വിപണനം. |
|---|---|---|
| 1 | 75 | 25 |
| 2 | - | 2 |
| 3 | 15 | 2 |
| 4 | 26 | 7 |
| 5 | 40 | 5 |
| 6 | 3 | 3 |
| 7 | - | 2 |
| 8 | - | 1 |
| 9 | 8 | 2 |
| 10 | 2 | 3 |
| ആകെ | 169 | 52 |



" മത് സ്യബന്ധനം ഇന്നും അന്യം നിന്നു പോയിട്ടില്ല"

– ഒറ്റലുമായി രാവിലെ തന്നെ കാരണവർ ഇറങ്ങിയിരിക്കുന്നു. -

# 5.വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് പാറളം. പണ്ടു കാലങ്ങളിലുണ്ടായിരുന്ന ചില പരമ്പരാഗത വ്യാവസായങ്ങൾ ക്രമേണ ക്ഷയിച്ചു ഇല്ലാതെയായി. ആധുനിക വ്യവസായങ്ങൾ വളർന്ന് വന്നതുമില്ല. 1950-60 കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽ തീപ്പെട്ടി വ്യവസായം, പടക്കം. കയർ, അടയ്ക്ക, സംസ്കരണം, കൂട്ടനെയ്ത്ത് , പായ് നെയ്ത്ത്, കല്ലൊര തുടങ്ങിയ വ്യവസാങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ച് വന്നിരുന്നതാണ്. പഞ്ചായത്തിൽ അക്കാലങ്ങളിൽ ഏകദേശം രണ്ടായിരത്തോളം ആളുകൾ ഇത്തരം വ്യവസായങ്ങളിൽ തൊഴിലെടുത്തിരുന്നു. 1970 കളിൽ ഈ വ്യവസായം കുറഞ്ഞുവരികയും 80-85 കാലഘട്ടങ്ങളോട് കൂടി നിശ്ശേഷം നിലച്ച് പോവുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വിഭവ ശോഷണം, ആധുനികതുറകളിൽ നിന്നുള്ള മത്സരങ്ങൾ, ഉല്പന്നങ്ങൾ നേരിട്ട കമ്പോള ഞെരുക്കം, കമ്പോള അഭിരുചികളിൽ വന്ന മാറ്റങ്ങൾ ഉല്പാദന ചെലവിലുണ്ടായവർദ്ധനവ്, വിദ്യാഭ്യാസത്തിൻെറ വികലമായ സമീപനം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൂലി നിരക്ക് തുടങ്ങിയ നിരവധി ഘടകങ്ങൾ ഈപ്രദേശത്തെ വ്യാവസായിക സംരഭങ്ങളെ നിലനിർത്തികൊണ്ടു പോകാൻ കഴിയാത്തവിധം സ്വാധീനിച്ചപ്പോൾ വ്യവസായങ്ങൾ നഷ്ടത്തിലാവുകയും നാമാവശേഷമാവുകയും ചെയ്തു. എന്നിരുന്നാലും സ്വകാര്യ വ്യക്തികൾ നടത്തുന്ന ഒരു ഓട്ടു കമ്പനിയും,രണ്ടു സിനിമാശാലകളും, ഫർണീച്ചർ, തടി, അറക്കമില്ല്, ആഭരണനിർമ്മാണം, വസ്ത്രനിർമ്മാണം, കൊപ്ര സംസ്കരണം, മെഴുകുതിരി നിർമ്മാണം, വെളിച്ചെണ്ണമില്ല് , ലെയ്ത്ത്, വർക്ക് ഷോപ്പുകൾ തുടങ്ങി, ഏതാനും വ്യവസായ സംരഭങ്ങളും ഇപ്പോൾ നടന്ന് വരുന്നുണ്ട്. 9-ാം വാർഡിലും 5ാം വാർഡിലും പ്രവർത്തിക്കുന്ന രണ്ട് ഖാദിയൂണിറ്റുകൾ മാത്രമാണ് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ. വ്യാവസായിക മേഖലയിൽ ജനസംഖ്യാനുപാതികമായ ഒരു വളർച്ച ഉണ്ടായില്ലെന്നതു മാത്രമല്ല, വലിയ തളർച്ച അനുഭവപ്പെടുകയും ചെയ് ത് കൊണ്ടിരിക്കുന്നു.

അധ:പ്പതിച്ചുപോയ വ്യവസായിക മേഖലയെ നാം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ഓരോ പ്രദേശത്തേയും വിഭവ സാധ്യതകൾ വിലയിരുത്തി പുതിയ വ്യവസായ സംരംഭകരെ നാം പ്രോത്സാഹിപ്പക്കേണ്ടിയിരിക്കുന്നു. കാർഷിക സംസ്കരണ വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ വലിയ സാധ്യതയാണുള്ളത്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ കാർഷികോല്പ്പന്നങ്ങളായ നെല്ല് നാളികേരം, അടയ്ക്ക എന്നിവ വ്യവസായിക രംഗത്തേക്ക് പ്രയോജനപ്പെടുത്തുന്നില്ല.
2. കുടിൽ വ്യവസായങ്ങൾ നാശോൻമുഖമായിക്കൊണ്ടിരിക്കുന്നു.
3. പരമ്പരാഗത കുടിൽ വ്യവസായ ഉല്പന്നങ്ങൾക്ക് വിപണന മാന്ദ്യം അനുഭവപ്പെടുന്നു.
4. വ്യാവസായിക സംരംഭകർക്ക് സാങ്കേതി പരിജ്ഞാനത്തിൻെറ കുറവ്.
5. വ്യാവസായികസംരഭകർക്ക് വായ്പാസൗകര്യങ്ങളുടെ അപര്യാപ്തത.
6. നിലവിലുള്ള ഊർജ്ജ പ്രതിസന്ധി (വൈദ്യുതി ക്ഷാമം).
7. വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിന് യുവജനങ്ങൾക്കുള്ള ആത്മധൈര്യ കുറവ്.

8. വ്യവസായം തുടങ്ങുന്നതിന് സംരംഭകർ നേരിടേണ്ടി വരുന്ന ഭരണപരമായ തടസ്സങ്ങൾ
9. അസംസ്കൃത പദാർഥങ്ങളുടെ ലഭ്യതകുറവ്
10. വ്യാവസായിക ഉല്പന്നങ്ങളുടെ വിപണന സാധ്യതയെക്കുറിച്ചുള്ള ആശങ്ക.

**സാധ്യതകൾ, പരിഹാരങ്ങൾ**

1. പാറളം പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേററ് തുടങ്ങുക.
2. പൊതുമേഖയിലുള്ള വ്യാവസായിക സ്ഥാപന ങ്ങളിലേക്ക് (കെൽട്രോൺ etc.) ആവശ്യ മായിവരുന്ന ലഘു ഉപകരണങ്ങൾ നിർമ്മിച്ചു കൊടുക്കുന്ന വ്യവസായ സംരഭങ്ങൾ ആരംഭിക്കുക.
3. പഞ്ചായത്ത് തലത്തിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുക. ഇവിടെ വ്യവസായ സംരഭകർക്ക് ആവശ്യമായ പരിശീലനം, മാർഗ്ഗനിർദേശങ്ങൾ, സാങ്കേതികവിജ്ഞാനം എന്നിവ നൽകണം. വ്യാവസായ സംരഭകന് ആവശ്യമായി വരുന്ന എല്ലാ അനുവാദപത്രങ്ങളും (Sanction orders) ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ഈ കേന്ദ്രത്തിന് ചെയ്യുവാൻ കഴിയണം. ഇത് ഒരു സ്ഥിരം പരിശീലന കേന്ദ്രമായിരിക്കണം. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിന് ആവശ്യമായ പരസ്യം നൽകുകയും അതിൽ നിന്ന് വ്യവസായ സംരഭകരെ വാർത്തെടുക്കുന്നതിനും വിദഗ്ദ പരിശീലനം നൽകുന്നതിനും ഈ കേന്ദ്രത്തിന് കഴിയണം. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരഭങ്ങളെപറ്റിയുള്ള ആശങ്ക അകററുന്നതിനാവശ്യമായ സെമിനാറുകൾ , ചർച്ചാ ക്ലാസ്സുകൾ എന്നിവ ഈ കേന്ദ്രത്തിൽ നടത്തണം.
4. താഴെ ചേർക്കുന്ന വ്യവസായങ്ങൾ ചുരുങ്ങിയ മുതൽ മുടക്കിൽ നടത്താൻ സാധിക്കുന്നതാണ്.

1. ഫർണീച്ചർ
2. ഹവായ് ചെരിപ്പ്
3. അലൂമിനിയ പാത്രങ്ങൾ
4. ഫാൻസി ലെതർ ഗൂഡ്സ്
5. സ്കൂൾ ബാഗ്
6. ക്ലീനിങ്ങ് പൗഡർ
7. ഇനാമൽ പെയ്ൻറ് നിർമ്മാണം.
8. ജനറൽ എൻജിനീയറിംഗ്
9. ലെയ്ത്ത് വർക്ക്ഷോപ്പ്
10. ഇലക്ട്രോണിക് ഫാൻ റെഗുലേറ്റർ
11. ചോക്ക് നിർമ്മാണം.
12. ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
13. എമർജൻസി ലാമ്പ്
14. എസ്.ടി.ഡി. /ലോക്കൽ ബയറിംഗ് സിസ്റ്റം
15. സ്വിച്ച് ബോർഡ്
16. സിന്തറ്റിക് വിനാഗിരി
17. ഷൂ നിർമ്മാണം
18. റെഡിമെയ്ഡ് വസ്ത്രങ്ങൾ
19. അലക്ക് സോപ്പ്
20. സോപ്പ്പൊടി നിർമ്മാണം
21. പേപ്പർ കവർ നിർമ്മാണം.
22. അടയ്ക്ക സംസ്ക്കരണം
23. പട്ട് നൂൽ വ്യവസായം
24. പ്രിൻറിംഗ്
25. മിഠായി നിർമ്മാണം
26. പാൽ ഉല്പന്നങ്ങൾ
27. കാർഡ്ബോർഡ് പെട്ടികൾ
28. ഗ്രാമീണ കളിമൺ വ്യവസായം
29. ഹോളോ ബ്രിക്സ് നിർമ്മാണം.
30. പ്ലാസ്റ്റർ ഓഫ് പാരീസ് നിർമ്മാണം
31. ജ്വല്ലറി (പരമ്പരാഗത സ്വർണ്ണപണിക്കാർക്കുള്ള വ്യക്തിഗത യൂണിററ്)

32. വള നിർമ്മാണം
33. പശനിർമ്മാണം
34. തീപ്പെട്ടി നിർമ്മാണം
35. നോട്ട് ബുക്ക് നിർമ്മാണം
36. മസാലപ്പൊടി വ്യവസായം
37. തേനീച്ച വളർത്തൽ
38. പഴം, പയർവർഗ്ഗ സംസ്കരണം.
39. ഔഷധച്ചെടികളുടെ സംഭരണം, സംസ്കരണം.
40. എണ്ണയാട്ടു വ്യവസായം
41. മെഴുകുതിരി നിർമ്മാണം
42. ഹെയർ ഓയിൽ നിർമ്മാണം
43 ഗോബർഗ്യാസ് നിർമ്മാണം.
44. പിൻ, ക്ലിപ്പ്, സേഫ്റ്റി പിൻ നിർമ്മാണം
45. കുട നിർമ്മാണം
46. കളിക്കോപ്പു നിർമ്മാണം.
47. ബേക്കറി വ്യവസായം
48. പപ്പട നിർമ്മാണം
49. റബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
50. നെയ്ത്ത് വ്യവസായം
51. കശുവണ്ടി സംസ്ക്കരണം
52. കരകൗശല വസ്തുക്കൾ
53. അച്ചാർ നിർമ്മാണ യൂണിറ്റ്

**ഈ തഴെ പറയുന്ന വൻകിട വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ വളരെ സാധ്യത കാണുന്നു.**

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട്ട് കോംപ്ലെക്സ് സ്ഥാപിക്കുക. പഞ്ചായത്തിൽ തെങ്ങ് ഇല്ലാത്ത വീടുകൾ വളരെ ദുർലഭമാണ്. നാളികേരം സുലഭമാണ്. തടി , നാളികേരം, ചിരട്ട , വെള്ളം, ഓല തുടങ്ങി തെങ്ങിൻെറ എല്ലാ ഭാഗങ്ങളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. ഫർണീച്ചർ, വെളിച്ചെണ്ണ, സോപ്പ്, സുഗന്ധ ദ്രവ്യങ്ങൾ, കയർ, കരകൗശല വസ്തുക്കൾ, കരി, മിഠായി, പാനീയങ്ങൾ, ഔഷധങ്ങൾ, പിച്ചുമിൽ, ( Willowing മെഷീൻ - പച്ചചകിരിയിൽ നിന്ന് മലീനീകരണമില്ലാതെ കുറഞ്ഞ വൈദ്യുത ചിലവിൽ നാരെടുക്കുന്ന വിദ്യ) ചകിരിച്ചോറിനെ ജൈവവളമാക്കുന്ന പിത്ത് പ്ലസ് , പില്ലോ, ബെഡ്, കാർപ്പെററ് , കയർ ടൈൽസ്, കൈറ്റുതടുക്ക്, മ്യൂറൽസ് എന്നിങ്ങനെ ഒരു വലിയ വ്യവസായ ശൃംഗല തന്നെ ആരംഭിക്കാം.
2. പഞ്ചായത്ത് കേന്ദ്രീകരിച്ച് 500 പേർക്കെങ്കിലും തൊഴിൽ ലഭിക്കാവുന്ന വിധം ഒരു സ്പിന്നിങ്ങ് മിൽ ആരംഭിക്കണം.
3. പഞ്ചായത്തിൽ ആധുനികരീതിയിലുള്ള നെല്ല് സംഭരണ സംസ്കരണ വിപണന ഫാക്ടറി ആരംഭിക്കുക.
4. കൊപ്രആട്ടി ലഭിക്കുന്ന പിണ്ണാക്ക് , നെല്ലിൽ നിന്നും തവിട്, ചെറുമൽസ്യപ്പൊടി, മുതലായവ പഞ്ചായത്തിൽ സുലഭമാണ്. ഇവ ഉപയോഗിച്ച് ഒരു വൻകിട കാലിത്തീറ്റ - കോഴിത്തീറ്റ ഫാക്ടറി നടത്തിക്കൊണ്ടു പോകാൻ സാധ്യത കാണുന്നു.

**മറ്റു നിർദ്ദേശങ്ങൾ.**

1. കശുമാവുകൃഷി വ്യാവസായികാടിസ്ഥാനത്തിൽ നടത്തി കശുവണ്ടിപരിപ്പും കശുമാങ്ങച്ചാറിൽ നിന്നുള്ള ശീതളപാനീയങ്ങളും കശുവണ്ടിയെണ്ണയും ഉൽപ്പാദിപ്പിക്കുന്ന വ്യവസായ യൂണിറ്റ് ആരംഭിക്കുക.
2. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കുടിൽ വ്യവസായങ്ങളെ പുനർജ്ജീവിപ്പിക്കുക. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ കുറിച്ച് യുവജനങ്ങൾക്ക് ബോധവൽക്കരണ ക്ളാസ്സുകൾ നടത്തുക.
3. വ്യവസായ ആവശ്യങ്ങൾക്കുളള ഊർജ്ജം സൗജന്യ നിരക്കിൽ നൽകണം.

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള

ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും, 11 KV ലൈൻ വലിച്ചും വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

4. പാറളം പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങളെ വികസിപ്പിച്ച് തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിപ്പിക്കാം. അഞ്ചു കുന്നുകൾ ചേർന്നു നിൽക്കുന്ന അയ്ക്കുന്നിൻെറ മുകളിൽ നിന്നും നോക്കിയാൽ തൃശ്ശൂർ ജില്ലയുടെ ഹൃദയഭാഗങ്ങൾ വീക്ഷിക്കാവുന്നതാണ്. ഉദ്ദേശം 6 മാസത്തോളം വെള്ളം നിറഞ്ഞുനിൽക്കുന്ന കായൽ പുറങ്ങളിലൂടെ ബോട്ടു സഞ്ചാരം സാധ്യമാണ്. ശാസ്താംകടവ്, ചേനം, പള്ളിപ്പുറം എന്നീ പ്രദേശങ്ങൾ മികച്ച പക്ഷിസങ്കേത കേന്ദ്രങ്ങളാണ്. അയ്ക്കുന്നിലെ വാൽക്കിണറും ശാസ്താംകടവിലെ ഒറ്റക്കൽമതിലും നമ്മുടെ പൂർവ്വീകരുടെ വാസ്തുശില്പ ചാതുര്യത്തിന് മകുടോദാഹരണമാണ്.

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)**

| വാർഡ് നമ്പർ | IRDP സർവേ പ്രകാരംഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ |
|---|---|---|---|
| 1 | 40 | 5 | 35 |
| 2 | 25 | - | 25 |
| 3 | 35 | 2 | 33 |
| 4 | 23 | 8 | 15 |
| 5 | 13 | 1 | 12 |
| 6 | 37 | 1 | 36 |
| 7 | 8 | 1 | 7 |
| 8 | 30 | 2 | 28 |
| 9 | 30 | - | 30 |
| 10 | 40 | 17 | 23 |
| ആകെ | 281 | 37 | 244 |

# 6. ഊർജ്ജം

## വൈദ്യുതി

അരനൂറ്റാണ്ടു മുമ്പുതന്നെ വൈദ്യുതി പ്രകാശം ഈ പഞ്ചായത്തിലേക്ക് കടന്നുവന്നു. 1960 കാലഘട്ടങ്ങളിൽ ചേർപ്പ് സെക്ഷനിൽനിന്നും പൂത്തറക്കൽ ട്രാൻഫോർമർ വഴി മാത്രമാണ് പാറളം പഞ്ചായത്തിൽ വൈദ്യുതി എത്തിയിരുന്നത്. മെയിൻ റോഡിൽകൂടി മാത്രമേ ലൈൻ ഉണ്ടായിരുന്നുള്ളു. പഞ്ചായത്ത് നിവാസികളിൽ ഏകദേശം 10% മാത്രമേ വൈദ്യുതി ഉപയോഗിച്ചിരുന്നുള്ളു. ക്രമേണ വൈദ്യുതി ഉപയോഗം വർദ്ധിച്ചു വന്നു. ഇപ്പോൾ ഏകദേശം 95% ജനങ്ങളും വൈദ്യുതി ഉപയോഗിക്കുന്നവരാണ്. ഇപ്പോൾ പുള്ള്, അരിമ്പൂർ, കൂർക്കഞ്ചേരി, ചേർപ്പ്, മരത്താക്കര എന്നീ 5 ഫീഡറുകളിൽനിന്നും വൈദ്യുതി ലഭിക്കുന്നുണ്ട്. എന്നാൽ ജനസംഖ്യാ വർദ്ധനവും ഉപയോഗവും കണക്കാക്കുമ്പോൾ ഇപ്പോൾ ലഭിക്കുന്ന വൈദ്യുതി ഈ പഞ്ചായത്തിലെ ഉപയോഗത്തിന് പര്യാപ്തമാകുന്നില്ല. ഏകദേശം 600-ൽ താഴെ വഴിവിളക്കുകൾ പഞ്ചായത്ത് മുഖേന സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ അവശ്യം ആവശ്യമായ വഴിവിളക്കുകൾ (ഇന്നുള്ളതിൻെറ നാലിരട്ടിയെങ്കിലും) സ്ഥാപിക്കേണ്ടതാണ്. പല പ്രധാന റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

1980 കളിൽ അമ്മാടത്ത് സെക്ഷൻ ഓഫീസ് തുടങ്ങി ബില്ലിങ്ങ് വരെ ആരംഭിച്ചെങ്കിലും ബില്ലിങ്ങ് യൂണിറ്റ് ക്രമേണ ഇല്ലാതായി.

മുൻകാലങ്ങളിൽ 40 W ബൾബ് ഉപയോഗിച്ചാൽ കിട്ടിയിരുന്ന വെളിച്ചം ഇന്ന് 100W ബൾബ് ഉപയോഗിച്ചാൽ കിട്ടുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതു പരിഹരിക്കാൻ കൂടുതൽ വോൾട്ടേജ് ഉണ്ടാകാൻ ആവശ്യമായ സംവിധാനങ്ങൾ മേൽഘടകങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാക്കണം. പഞ്ചായത്തിൻെറ മിക്കവാറും എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തി യിട്ടുണ്ടെന്നുള്ളത് പൊതുവളർച്ചയുടെ ലക്ഷണമായി കണക്കാക്കേണ്ടിയിരിക്കുന്നു.

പാറളം പഞ്ചായത്ത് വീട്ടുകണക് ഷൻ




## ഇതര ഊർജ്ജങ്ങൾ

പാചക ആവശ്യത്തിനു വേണ്ടി ഇപ്പോഴും ഭൂരിഭാഗം ജനങ്ങളും വിറകിനെയാണ് ആശ്രയിക്കുന്നത്. കൂടാതെ മണ്ണെണ്ണയെയും വളരെ ചെറിയൊരു വിഭാഗം ഗ്യാസിനെയും ആശ്രയിക്കുന്നു. ഗ്യാസ് വിതരണത്തിലുള്ള അംഗീകൃത മേഖലയിൽ പാറളം പഞ്ചായത്തിനെ

ഉൾപ്പെടുത്തിയിട്ടില്ല. സമീപ പ്രദേശങ്ങളിൽ നിന്നും ഈ പഞ്ചായത്തിലേയ്ക്ക് വിറക്, അറക്കപ്പൊടി എന്നിവ പാചക ആവശ്യത്തിനായി വന്നുകൊണ്ടിരിക്കുന്നു .ഈ പഞ്ചായത്തിനുണ്ടായിരുന്ന വൃക്ഷസമ്പത്തിന്റെ ഭൂരിഭാഗവും പാചകാവശ്യങ്ങൾക്കുവേണ്ടി വിറകാക്കി മാറ്റുകയും വൃക്ഷസമ്പത്ത് ഇല്ലാതായി ക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
2. തെരുവുവിളക്കുകൾ കൃത്യമായി കത്തുന്നില്ല.
3. തെരുവുവിളക്കുകൾ ഇല്ലാത്തഭാഗങ്ങൾ ധാരാളം.
4. വൈദ്യുതി പ്രസരണ നഷ്ടം വളരെയേറെ ഉണ്ട്.
5. വൈദ്യുതി ലൈനുകൾ പരസ്പരം ബന്ധിക്കപ്പെടാതെ കിടക്കുന്നതുകൊണ്ട് ചിലപ്രദേശങ്ങളിൽ കണക്ഷൻ ലഭിക്കുന്നില്ല - തെരുവുവിളക്കുകളും തെളിയുന്നില്ല.
6. വൈദ്യുതി വളരെയധികം ദുർവിനിയോഗം ചെയ്യുന്നു.
7. വൈദ്യുതി ഉപയോഗത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ചുള്ള ജനങ്ങളുടെ പരിജ്ഞാനക്കുറവ്.
8. വൈദ്യുതഉപകരണങ്ങളുടെ ഗുണമേന്മക്കുറവ്.
9. പാചകാവശ്യത്തിനുള്ള വിറകിന്റെ ലഭ്യതക്കുറവ്.
10. L.P.G. ഗ്യാസ് , മണ്ണെണ്ണ ഇവയുടെ ലഭ്യതക്കുറവ്
11. പഞ്ചായത്തിൽ പല പ്രദേശങ്ങളിലും ഇടക്കിടെ വൈദ്യുത തകരാറുകൾ ഉണ്ടാകുന്നു.

**സാധ്യതകൾ, പരിഹാരങ്ങൾ.**

1. പാറളം പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സബ്സ്റേറഷൻ സ്ഥാപിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ കപ്പാസിറ്റി കൂടിയ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
3. കോൾനിലങ്ങൾക്ക് പ്രത്യേക ഫീഡറുകൾ സ്ഥാപിക്കുക.
4. തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുക. നിലവിലുള്ളവ കൃത്യമായി കത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
5. പരസ്പരം ബന്ധിപ്പിക്കപ്പെടാതെ കിടക്കുന്ന വൈദ്യുതലൈനുകൾ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.
6. വൈദ്യുതിയുടെ വിനിയോഗം സംബന്ധിച്ചും ഉപയോഗത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ചും വാർഡ് അടിസ്ഥാനത്തിൽ ബോധവൽക്കരണം, ചർച്ചാക്ളാസ്സുകൾ, ഗ്രൂപ്പ് യോഗങ്ങൾ എന്നിവ നടത്തുക.
7. വൈദ്യുത ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
8. വൈദ്യുത തകരാറുകൾ ദ്രുതഗതിയിൽ പരിഹാരം കാണുന്നതിന് പ്രത്യേക സ്ക്വാഡ് ഉണ്ടാക്കണം.
9. കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും ഊർജ്ജം ലഭിക്കാനുള്ള ആധുനിക സംവിധാനം ഉണ്ടാക്കണം.
10. വൈദ്യുതി എത്തിയിട്ടില്ലാത്ത വെങ്ങിണിശ്ശേരി, ആറാട്ടുകടവു റോഡിൽ 4 സെൻറ് ഏരിയായിൽ നിന്നു കിഴക്കുഭാഗത്തും കൂട്ടാലക്കുന്നു ഭാഗത്തും വൈദ്യുത കണക്ഷനുകൾക്കുള്ള സൗകര്യമുണ്ടാക്കുക.
11. ദക്ഷതകൂടിയ അടുപ്പുകളുടെ ഉപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

ഇത്തരം അടുപ്പുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. സാധ്യമായ എല്ലാ കുടുംബങ്ങളിലും സൗജന്യ നിരക്കിൽ ഗോബർ ഗ്യാസ് പ്ളാൻറുകൾ തയ്യാറാക്കുന്ന തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

12. എൽ.പി.ജി. ഗ്യാസ് വിതരണമേഖലയിൽ പാറളം പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തുക.
13. സൗരവിളക്കുകൾ സൗരഅടുപ്പുകൾ എന്നിവ പ്രചരിപ്പിക്കുക. സൗരോർജ്ജതെരുവു വിളക്കുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക. സൗരവിളക്കുകളുടേയും അടുപ്പുകളുടേയും ഉപയോഗത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുക.
14. മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.
15. ഊർജ്ജം കുറവ് ആവശ്യമുള്ള ഇലക്ട്രോണിക് ബൾബുകൾ പ്രചരിപ്പിക്കുക.

**തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ**

| | വിളക്കുകളുടെ എണ്ണം | | |
|---|---|---|---|
| | ഫ്ളൂ റ്റ്യൂബ് | ബൾബ് | ആകെ |
| | 28 | 559 | 587 |
| ആകെ | 28 | 559 | 587 |

1. ആകെ വൈദ്യുത ലൈനിൻെറ നീളം : 112-218 KM
2. തെരുവ്വിളക്ക് വൈദ്യുതി ചാർജ്ജിന ത്തിൽതൻവർഷം ചിലവഴിച്ച തുക : 73968.00
3. വരുമാനത്തിൻെറ എത്ര % : 12.44%

**പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യു ന്ന LT ടാൻസ് ഫോർമറുകളുടെ പേരുകൾ.**

| | |
|---|---|
| 1. ചാക്യാർകടവ് | 17. അമ്മാടം |
| 2. തരിശ് | 18. മുള്ളക്കര |
| 3. കാപ്പ് | 19. പാർപ്പ കടവ് |
| 4. ഒടുക്കുഴി | 20. കാരേക്കാട്ട് കോൾ |
| 5. താണിക്കമുനയം | 21. പള്ളിപ്പ് റും |
| 6. ഭീന | 22. 900 തറ |
| 7. കോടന്നൂർ I | 23. അകമ്പാടം |
| 8. കോടന്നൂർ II | 24. ശാസ്ത്രാംകടവ് |
| 9. ലിഫ്റ്റ് | 25. ചേനം 100 k.v. No.1 |
| 10. നവരകോൾ | 26. കടുംകൃഷി |
| 11. ആറാട്ടുകടവ് | 27. തരിശ് No.1 |
| 12. തപോവനം | 28. പുത്തൻകോൾ |
| 13. മഹാത്മാ | 29. ചാമ്പാൻ കോൾ |
| 14. വെങ്ങിണിശ്ശേരി | 30. ചേനം No.2 |
| 15. കൂട്ടാലക്കുന്ന് | 31. പുത്തറക്കൽ No.1 |
| 16. പാറളം | 32. ഞാറേക്കാട്ട് മൂല |

സ്ട്രീറ്റ് ലൈറ്റിനുവേണ്ടിക പ്രതിമാസം അടക്കുന്ന തുക : **RS.6164.00**

# 7. ഗതാഗതം.

**1947** കാലഘട്ടത്തിൽ പാറളം പഞ്ചായത്തിൽ നിന്നും മറ്റു പ്രദേശങ്ങളിലേക്കുള്ള ഗതാഗത സൗകര്യം കാളവണ്ടിയായിരുന്നു. അക്കാലഘട്ടത്തിൽ വില്ലേജ് റോഡ് എന്ന പേരിലാണ് പ്രധാന റോഡുകളെ അറിയപ്പെട്ടിരുന്നത്. അമ്മാടം പൂത്തറക്കൽ റോഡ് ഈ കാലഘട്ടത്തിൽ പണി കഴിപ്പിച്ചതാണ്. 1950 ൽ പാലക്കൽ-വെങ്ങിണിശ്ശേരി-കോടന്നൂർ-കുണ്ടോളിക്കടവ് വില്ലേജ് റോഡ് P.W.D. റോഡായി രൂപാന്തരപ്പെട്ടു. ഈ കാലഘട്ടത്തിൽ തന്നെ അമ്മാടം-കുണ്ടോളിക്കടവ് റോഡ് നിർമ്മാണം ആരംഭിക്കുകയും 1954ൽ പണി പൂർത്തിയാക്കി ഗതാഗത യോഗ്യമാവുകയും ചെയ്തു. 1952 മുതലാണ് നാമമാത്രമായ ബസ്സ് സർവ്വീസ് ആരംഭിച്ചത്. 1960 ൽ പ്രധാന 2 റോഡുകളും P.W.D. ഏറ്റെടുത്ത് മെറ്റലിംഗ് ടാറിംഗ് നടത്തി കൂടുതൽ ഗതാഗതയോഗ്യമായതിനാൽ വാഹന സർവ്വീസുകൾ ക്രമേണ വർദ്ധിക്കുവാൻ തുടങ്ങി.

എന്നാൽ പ്രധാന റോഡിൽ നിന്ന് ഉൾപ്രദേശങ്ങളിലേക്കുള്ള വഴികൾ വളരെ ഇടുങ്ങിയതും ഗതാഗത സൗകര്യമില്ലാത്തതും കാൽനടപ്പാതകളുമായിരുന്നു. പഞ്ചായത്തിൻെറ പ്രവർത്തനം ഈ കാലഘട്ടത്തിൽ പുരോഗമിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് റോഡുകൾക്കും പ്രാമുഖ്യം വരികയും നിർമ്മാണപ്രവർത്തനങ്ങൾ തുടങ്[illegible] ചെയ്തു. ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് വഴികൾ റോഡുകളായി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നു.

[illegible] ലഘട്ടത്തിൽ കോടന്നൂർ നിന്നും ശാസ്താംകടവ്, ചാക്യാർകടവ്, താണിക്കമുനയം പ്രദേശങ്ങളിലെ റോഡ് 8 മീറ്റർ വീതിയാക്കാൻ പരിസരവാസികൾ സൗജന്യമായി ഭൂമി വിട്ടുകൊടുത്തുകൊണ്ട് റോഡ് വീതികൂട്ടി മെറ്റലിങ്ങ്, ടാറിംഗ് എന്നിവ നടത്തി. ഈ മൂന്നു പ്രദേശത്തേക്കുകൂടി ബസ് സർവ്വീസ് നീട്ടുവാനും കഴിഞ്ഞു. പല പ്രധാന ഭാഗത്തേക്കുമുള്ള റോഡുകൾ ഇനിയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. റോഡുകളുടെ അപര്യാപ്തത പഞ്ചായത്തിൻെറ സമഗ്രമായ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. നിലവിലുള്ള പഞ്ചായത്ത് റോഡുകളും നടപ്പാതകളും പ്രധാനറോഡുകളും P.W.D.റോഡുകളും കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തി നന്നാക്കാത്തതു മൂലം ഗതാഗതത്തിന് വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. റോഡിന് സ്ഥായിയായ സംരക്ഷണം ദീർഘവീക്ഷണത്തോടെ നടത്തുന്നില്ല. പഞ്ചായത്ത് മുഖേനയുള്ള റോഡുകളുടെ പണിവാർഡുകളിലേക്കുള്ള ഭാഗംവയ്പും തരംതിരിവുംമൂലം പ്രാധാന്യമർഹിക്കുന്ന പല പ്രധാന വഴികളും അവഗണിക്കപ്പെടുന്നു.

**റോഡിൻെറ സ്വഭാവം ( k m)**




| | |
|---|---|
| ആകെ | 105.07 |
| കച്ച | 4.005 |
| പക്ക | 73.200 |
| ടാർ | 27.865 |

## ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ (95 - 96)

( കിലോമീറ്ററിൽ )

| കച്ച | പക്ക | മെറ്റൽ് | പഞ്ചായത്ത് | P.W.D. | N.H | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 4.005 | 73.20 | NIL | 14.865 | 13.00 | NIL | NIL | 105.07 |

പഞ്ചായത്തിൻെറ പൊതുസ്വഭാവം കണക്കാക്കി ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധം റോഡുകളുടെ നിർമ്മാണം നടത്തേണ്ടതാണ്.

**പ്രശ്നങ്ങളും സാധ്യതകളും.**

**I. P.W.D. റോഡ്.**

1. പാലക്കൽ - വെങ്ങിണിശ്ശേരി - കോടന്നൂർ-കുണ്ടോളിക്കടവ് റോഡും, വെങ്ങിണിശ്ശേരി-അമ്മാടം കുണ്ടോളിക്കടവ് റോഡും, അമ്മാടം - പൂത്തറക്കൽ റോഡും ചേനം പാലം മുതൽ ആലുവരെയുള്ള റോഡും (ഉദ്ദേശം 14കിലോമീറ്റർ ദൈർഘ്യമുള്ളത്) ആവശ്യമുള്ള സ്ഥലങ്ങളിൽ വീതികൂട്ടിയും കാനകൾ കെട്ടിയും റീ ടാറിങ്ങ് നടത്തി ഗതാഗതയോഗ്യമാക്കുക.
2. N.H.17 (തൃപ്രയാർ) N.H 47 (ഒല്ലൂർ) തമ്മിൽ ബന്ധിക്കുന്ന ലിംഗ് റോഡ് നിർമ്മിക്കുന്നത് ഈ പഞ്ചായത്തിൻെറ വികസനത്തിന് സഹായകമായതിനാൽ അതിനുള്ള നടപടി കൈകൊള്ളുക.
3. ഇപ്പോൾ ബസ്സ് സർവ്വീസ്സ് ഉള്ള ശാസ്താംകടവ്, ചാക്യാർകടവ്, താണിക്കമുനയം എന്നീ റോഡുകൾ കാന കെട്ടി റീ ടാറിങ്ങ് നടത്തി നന്നാക്കുക.

**II. ബ്ളോക്ക് to ബ്ളോക്ക്.**

ചേർപ്പ് ബ്ളോക്കിനേയും പുഴക്കൽ ബ്ളോക്കിനേയും ബന്ധിപ്പിക്കുന്ന ശാസ്താംകടവ് - മനക്കൊടി റോഡ് (K.L.D.C. മുഖേന ബണ്ടും പാലവും പണി കഴിഞ്ഞിരിക്കുന്നത്) മെറ്റലിംഗ്, ടാറിംഗ്, നടത്തി ഗതാഗത യോഗ്യമാക്കുക.

**റോഡ് (P.W.D. -- പഞ്ചായത്ത് അനുപാതം)**

**ആകെ 105.07 കി. മീ**

**P.W.D 13 കി. മീ**



## III. പഞ്ചായത്ത് to പഞ്ചായത്ത്

1. 3- ാം വാർഡിൽപ്പെട്ട ചേനം ആലൂക്കൽ തെക്കുമുറി റോഡ് ചേർപ്പു പഞ്ചായത്തിൽ പ്പെട്ട ചെറുചേനവുമായി ബന്ധിക്കുക. ഏകദേശം 1500 ഏക്കർ കൃഷിക്ക് പ്രയോജനപ്പെടും.
2. 9-ാംവാർഡിലെ ത്രിവേണി മുതൽ അവിണിശ്ശേരി പഞ്ചായത്തിലേക്കുള്ള വിയ്യാറ്റി പ്പാടം റോഡുയർത്തി വീതികൂട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക. പരിസരനിവാസി കൾക്ക് വർഷക്കാലത്ത് മറ്റു സഞ്ചാര മാർഗ്ഗമില്ല.
3. 10-ാം വാർഡിൽപ്പെട്ട കൂട്ടാലക്കുന്ന് അമ്പല റോഡ് വീതികൂട്ടി ഏകദേശം 400 മീറ്റർ റോഡ് നിർമ്മിച്ച് ചേർപ്പ് പഞ്ചായത്തിലെ ചെവ്വൂർ പ്രദേശവുമായി ബന്ധിപ്പിക്കണം.

## IV. പഞ്ചായത്ത് റോഡ്.

1. മുള്ളക്കര മുനയത്ത് നിന്ന് ചേനത്തേക്ക് നില വിലുള്ള K.L.D.C. ബണ്ടുയർത്തി പണ്ടാരം കോളിന്റെ എഞ്ചിൻ ചാലിൽ പാലം പണികഴിച്ച് ഗതാഗതയോഗ്യമാക്കുക.

പഞ്ചായത്ത് വക റോഡുകൾ അറ്റകുറ്റ പ്പണികൾ നടത്തേണ്ടവ വാർഡ് തിരിച്ച് താഴെ ചേർക്കുന്നു.

### വാർഡ് 1.

1. കയ്യാലക്കുളം റോഡ്.
2. ചോരാാകുളം റോഡ്.
3. കൂട്ടാലക്കുന്ന് ലക്ഷം കോളനി റോഡ്.
4. പാരീസ് കൂട്ടാലക്കുന്നിന് താഴെ നിന്ന് ചോരാാകുളം വഴി കപ്പേള റോഡ്.
5. അമ്മാടം കപ്പേളയുടെ താഴേക്ക് വരുന്ന റോഡ് പാരീസ് കയ്യാലക്കുളം റോഡ് വരെ .

### വാർഡ് 2.

1. പാർപ്പക്കടവ് റോഡ് ടാറിങ്ങ് പൂർത്തിയാക്കണം.
2. മുള്ളക്കര - പാർപ്പക്കടവ്- മൂന്നില റോഡ് നന്നാക്കുകയും റോഡിലെ വെള്ളം പാട ത്തേക്ക് തിരിച്ച് വിടാൻ സൗകര്യപ്പെ ടുത്തു കയും ചെയ്യുക
3. അമ്മാടം എൽ.പി. സ്കൂൾ മുതൽ മഹാത്മാ എൽ.പി.സ്കൂൾ വരെ ടാറിങ്ങ് നടത്തണം.
4. പാറളം ഷാപ്പു മുതൽ പുളിക്കൻ ജംഗ്ഷൻ വരെയുള്ള റോഡ് ടാറിങ്ങ്.
5. മുള്ളക്കര മുന്നില അമ്പലത്തിന്റെ പടിഞ്ഞാറു ഭാഗത്തേക്കുള്ള കോളനി റോഡു വീതികൂട്ടി ടാർ ചെയ്യുക.
6. മുള്ളക്കര പഞ്ചായത്ത് കിണറിൽ നിന്ന് പടിഞ്ഞാട്ടുള്ള വഴി കുടികിടപ്പുകാരെ ഒഴിപ്പിച്ച് തേർപ്പാടത്തേക്ക് യാത്രാസൗകര്യമുണ്ടാക്കുക.

### വാർഡ് 3.

1. ചേനം ആലുക്കൽ തെക്കുമുറി റോഡ് ചേനം തരിശിന്റെ മേൽഭാഗത്തുള്ള ഫാം റോഡിൽ ബന്ധിപ്പിക്കുക.
2. ചേനം - പൊട്ടക്കുളം റോഡ് വെള്ളം കയറാത്ത വിധം നികത്തുക.

3. പൊട്ടക്കുളം റോഡിൽ നിന്ന് വലത്തോട്ട് തിരിഞ്ഞുപോകുന്ന വഴി ചേനം സെൻററിൽ നിന്ന് തെക്കോട്ടുപോകുന്ന വഴിയുമായി ബന്ധിക്കുക.
4. ചേനം സ്കൂൾ ലിഫ്ററ് ഇറിഗേഷൻ റോഡ് നന്നാക്കുക.
5. മുള്ളക്കര മുനയത്തുനിന്ന് തരിശുപടവി ലേക്ക് സ്ഥിരമായ നടപ്പാത വേണം.

### വാർഡ് 4.

1. കർഷക നഗർ കുണ്ടോളിക്കടവ് സമാന്തര റോഡ് വീതി കൂട്ടി ടാറിങ്ങ് നടത്തുക.
2. തെക്കുമുറി - മുളങ്ങ് റോഡ് തേർപ്പാട ത്തേക്കും ചാമ്പാൻ കോളിലേക്കും സൗകര്യ പ്പെടുത്തുക. (കൃഷി ആവശ്യത്തിന് പ്രാധാന്യമുള്ളത് )
3. പള്ളിപ്പുറം പടിഞ്ഞാട്ടുമുറി റോഡ് തൊള്ളായിരം പടവുവരെ ടാറിംഗ്.
4. പള്ളിപ്പുറം എൽ.പി. സ്കൂളിനോടു ചേർന്നുള്ള കോളനി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
5. കുണ്ടോളിക്കടവ് P.W.D. റോഡും സമാന്തര റോഡുമായി ബന്ധിക്കുന്ന വഴി നന്നാക്കുക. അകമ്പാടത്തേക്കിറങ്ങുന്ന എല്ലാ വഴികളും നന്നാക്കുക.

### വാർഡ് 5

1. കോടന്നൂർ സെൻററിൽ നിന്ന് ശാസ്താം കടവിലേക്കുള്ള ആര്യംപാടം റോഡ് നികത്തി മെറ്റലിംഗ് ടാറിംഗ് നടത്തുക .
2. കരയോഗം റോഡ് കരേക്കാട്ടുമന റോഡ്, ചക്കാല പ്പറമ്പ് റോഡ്, പള്ളി-ചാക്യാർകടവ് റോഡ് മെറ്റലിംഗ് - ടാറിംഗ് ചെയ്യ ുക.
3. ശാസ്താംകടവ് റോഡിൽ നിന്ന് അകമ്പാടത്തേക്കുള്ള നാലു റോഡുകളും വീതികൂട്ടി നന്നാക്കുക.
4. ഫോർടേണിംഗ് റോഡ് കിഴക്കുനിന്ന് പടിഞ്ഞാറു വരെ വീതികൂട്ടി നന്നാക്കുക.
5. ശാസ്താംകടവ് ബസ് സ്റ്റോപ്പ് മുതൽ കോളനിവഴി കോടന്നൂർ തരിശുപടവി ലേക്കുള്ള പ്രധാന രണ്ടു റോഡുകൾ നന്നാക്കണം.
6. ശാസ്താംകടവ് റോഡിൽനിന്ന് ആര്യമ്പാടത്തേ ക്കുള്ള മൂന്നു വഴികൾ നന്നാക്കണം.

### വാർഡ് 6

1. താണിക്കമുനയത്തുനിന്ന് ചാക്യാർകടവി ലേക്ക് ലക്ഷം വീടുവഴിയുള്ള ലിംഗ് റോഡിൻെറ ആരംഭത്തിൽ കലുങ്കുകെട്ടി വെള്ളം ചാലിലേക്ക് ഒഴിച്ചുവിടുക. ലക്ഷം വീട് കോളനി റോഡ് ടാർ ചെയ്യണം.
2. സെറ്റിൽമെൻറ് കോളനി റോഡ് ടാർ ചെയ്യുക.

### വാർഡ് 7

1. 7, 8 വാർഡുകൾ ബന്ധിപ്പിക്കുന്ന ചെമ്പാലി ക്കുന്ന് മണ്ണാറംതോട് റോഡ് നന്നാക്കുക.
2. കോടന്നൂർ പൗണ്ടിൽനിന്ന് തെക്കോട്ടു പോകുന്ന റോഡ്
3. താണിക്കമുനയം കപ്പേള മുതൽ ആശ്രമം വരെയുള്ള റോഡ് ടാറിംഗ്.
4. എസ്. എൻ. നഗർ റോഡിലെ ഉപവഴി നന്നാക്കുക.
5. ടാജ് റോഡ്, മരക്കമ്പനി റോഡ്, അകത്തുട്ടു കുളം റോഡ് എന്നിവ നന്നാക്കുക.

### വാർഡ് 8

1. മഹാത്മ റോഡ് ടാറിംഗ് പൂർത്തിയാക്കുക.
2. വാരിയംമൂല ഹരിജന സെറ്റിൽമെൻറ് റോഡ് നന്നാക്കുക.
3. മൂലേക്കാട്ട് റോഡ് സൈഡ് കെട്ടണം.

### വാർഡ് 9

1. വെങ്ങിണിശ്ശേരി വിളക്കുംകാൽ മുതൽ മണപ്പാട്ടുകുളം വരെയുള്ള വഴി വികസിപ്പിക്കണം.
2. കപ്പക്കാട് റോഡ് സൈഡ് കെട്ടി ഉയർത്തി ടാർ ചെയ്യുക.
3. ആറാട്ടുകടവ് റോഡ് സൈഡ് കെട്ടുക.
4. വിയ്യാറ്റിപ്പാടം കപ്പക്കാട് റോഡ് സൈഡ് കെട്ടണം.
5. ആറാട്ടുകടവ് റോഡിൽനിന്ന് അച്ഛൻകോൾ പാടത്തേക്കുള്ള 2 വഴികൾ വീതികൂട്ടി ടാർ ചെയ്യണം.
6. ലക്ഷംവീട്ടിലേക്കു ക യറുന്ന വഴി സ് ളാബ് ഇട്ട് സഞ്ചാരയോഗ്യമാക്കണം.

### വാർഡ് 10

1. മൃഗാസ്പത്രി മുതൽ കൂട്ടാലക്കുന്നുവഴി പാരീസ് അമ്മാടം റോഡ് ടാറിംഗ് നടത്തുക.
2. ചെറാട്ടുതൃക്കോവിൽ ക്ഷേത്രത്തിലേക്കുള്ള റോഡ് പാലം കെട്ടി നന്നാക്കുക.
3. ശിവപുരം കോളനിയിലെ 3 റോഡുകൾ മണ്ണൊലിപ്പു തടഞ്ഞു ടാറിംഗ് നടത്തുക.
4. തടത്തിൽ റോഡ് ടാറിംഗ് നടത്തുക.
5. കൈലാത്തുകുളം റോഡ് ക്ഷേത്രം റോഡുമായി ബന്ധിക്കുക.
6. പാറളം ലക്ഷംവീട് കോളനി റോഡ് ടാർ ചെയ്യുക.
7. 4 സെൻറ് ലക്ഷംവീട് കോളനിയിലേക്കുള്ള റോഡ് നന്നാക്കുക.
8. കൈലാത്തുകുളം മുതൽ വടക്കോട്ടുള്ള വഴി വീതികൂട്ടി സൈഡ് കെട്ടുക.
9. പേരൂക്കര ഇരണ്ടക്കുളം വഴി ചെറുവത്തേരി P.W.D. റോഡുമായി ബന്ധിപ്പിക്കുക.

### ഫാം റോഡ്

### വാർഡ് 2

പാർപ്പക്കടവ് മുനയത്തുനിന്ന് ചേനത്തേക്ക് ഫാം റോഡ് നിർമ്മിക്കുക.

### വാർഡ് 3

മുള്ളക്കര കുറ്റിപ്പുരത്താഴത്തുനിന്ന് മോട്ടോർതറവരേക്കും അവിടെനിന്ന് പുത്തൻതോട് പാലം വരെ മണ്ണാരംതോട് സൈഡിൽകൂടി ഫാം റോഡ് നിർമ്മിക്കുക.

### വാർഡ് 4

പള്ളിപ്പുറം പടിഞ്ഞാറ്റുമുറിയിൽനിന്ന് 900 നിലം വരെയുള്ള ഫാം റോഡ് നിർമ്മിക്കുക.

### വാർഡ് 5

1. ശാസ്താംകടവിൽനിന്ന് മുനയം അകമ്പാടംകൂടി കർഷകനഗറിൽ ചേരുന്ന ഫാം റോഡ് നിർമ്മിക്കുക. ടി റോഡ് കുറ്റിക്കൽ ഇടവഴി റോഡുമായി ബന്ധിപ്പിക്കുക.
2. ആര്യമ്പാടം കുണ്ടൻചാൽ സൈഡിൽ കൂടി രാമൻകോൾ വരെ ഫാം റോഡ് നിർമ്മിക്കുക.
3. ശാസ്താംകടവ് മുതൽ കുണ്ടൻചാൽ വരെ ഫാം റോഡ് നിർമ്മിക്കുക.

**വാർഡ് 7**

**കാഞ്ഞിരക്കുളത്തിന്റെ പടിഞ്ഞാറുവശത്തു കൂടി ജവഹർ റോഡിലേക്ക് ഒരു ഫാം റോഡ് നിർമ്മിക്കുക.**

**മററ് നിർദ്ദേശങ്ങൾ**

**പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും റോഡിനോടു ചേർന്നുള്ള പുറമ്പോക്ക് കയ്യേറ്റം ഒഴിവാക്കുകയും അടിഞ്ഞു കിടക്കുന്ന കൈ വഴികൾ തുറന്ന് സഞ്ചാര യോഗ്യമാക്കുകയും ചെയ്യുക.**

**പഞ്ചായത്തിന്റെ പ്രധാനപ്പെട്ട എല്ലാ പ്രദേശത്തേക്കും ബസ് സർവ്വീസ് നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.**

**നിലവിലുള്ള 2 K.S.R.T.C. ബസ്സുകൾ മുടക്കം കൂടാതെ സർവ്വീസ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.**

**ചേനത്തേക്ക് ഒരു K.S.R.T.C. ബസ് സർവ്വീസ് നടത്തുവാൻ നടപടി കൈക്കൊള്ളുക.**

**വാടകയ്ക്ക് ഓടുന്ന കാർ, ഓട്ടോറിക്ഷ, വാൻ തുടങ്ങിയ വാഹനങ്ങൾ അമിതമായ വാടക ഈടാക്കുന്നതിനാൽ അവയുടെ അംഗീകൃത നിരക്ക് ക്ളിപ്തപ്പെടുത്തുക.**



" പൂവണിഞ്ഞ ചിരകാലസ്വപ്നം "
— കുണ്ടോളിക്കടവ് പാലം പണിതീർത്ത് ഗതാഗതം തുടങ്ങി .

# 8. മാർക്കറ്റ്

ആദ്യകാലങ്ങളിൽ പാറളം പഞ്ചായത്തിനേരതായി ഒരു പൊതുമാർക്കറ്റ് പാലയ്ക്കൽ സെൻററിൽ ഉണ്ടായിരുന്നു. എന്നാൽ അവിണിശ്ശേരി പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഈ പൊതു മാർക്കറ്റ് നഷ്ടപ്പട്ടു. അമ്മാടം, കോടന്നൂർ സെൻററുകളിൽ സ്വകാര്യമാർക്കറ്റുകൾ ഉണ്ടായിരുന്നു. ഇപ്പോൾ അവയും പ്രവർത്തിക്കുന്നില്ല. "അടയ്ക്ക"ക്ക് മാത്രമായി സ്വകാര്യ ചന്തകൾ അമ്മാടത്തും കോടന്നൂരും പ്രവർത്തിച്ചുവന്നിരുന്നു. ഇപ്പോൾ കോടന്നൂരിൽ മാത്രമേ അടയ്ക്കച്ചന്ത പ്രവർത്തിക്കുന്നുള്ളു. പൊതുമാർക്കറ്റുകളുടെ അഭാവത്തിൽ തെരുവീഥികളിലും പുറംപോക്കുകളിലുമാണ് ഇപ്പോൾ കാർഷിക വിഭവങ്ങളും മത്സ്യമാംസാദികളും വിറ്റുവരുന്നത്.

**പ്രശ്നങ്ങൾ**

1. പൊതുമാർക്കറ്റുകൾ ഇല്ല.
2. പരിസരമലിനീകരണം സംഭവിക്കുന്നു.
3. ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
4. പഞ്ചായത്തിലെ വിപണന ശൃംഖല ശക്തമല്ല.

**സാദ്ധ്യതകൾ, പരിഹാരങ്ങൾ**

1. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ അമ്മാടം, കോടന്നൂർ, വെങ്ങിണിശ്ശേരി, പള്ളിപ്പുറം, ചേനം എന്നിവിടങ്ങളിൽ പൊതുമാർക്കറ്റുകൾ സ്ഥാപിക്കുക.
2. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു ഷോപ്പിംങ്ങ് കോംപ്ളക്സ് പണി കഴിയ്ക്കുക.
3. എല്ലാ വാർഡുകളിലും അന്തിച്ചന്തകളും പ്രധാ ന കേന്ദ്രങ്ങളിൽ ആഴ്ച്ചച്ചന്തകളും തുടങ്ങുക.
4. മത്സ്യ-മാംസാദികളുടെ വിപണനത്തിന് കോൾഡ് സ്റ്റോറേജുകളും അറവുശാലകളും പണിയുക.
5. മാർക്കറ്റിൽ വിൽക്കപ്പെടുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പഞ്ചാ യത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.
6. മാർക്കറ്റിലെ വിലനിലവാരവും അളവു തൂക്കങ്ങളും പരിശോധിക്കാൻ സംവിധാനങ്ങൾ ഉണ്ടാകണം.
7. പഞ്ചായത്തിലെ പുറംപോക്കുസ്ഥലങ്ങൾ ഒഴി പ്പിച്ചെടുത്താൽ പൊതുമാർക്കറ്റിനും ചന്തകൾക്കുമുള്ള സ്ഥലങ്ങൾ കണ്ടെത്താം.

# 9. കുടിവെള്ളം

പഞ്ചായത്തിൽ ശുദ്ധജലക്ഷാമം മിക്കവാറും എല്ലാ പ്രദേശങ്ങളിലും രൂക്ഷമാണ്. ജനങ്ങൾ മുഖ്യമായും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെയുള്ള 4000 ത്തോളം കിണറുകളിൽ 3000 കിണറുകളും വേനൽക്കാലങ്ങളിൽ വെള്ളമില്ലാത്തവയാണ്. പഞ്ചായത്തിൻെറ വിസ്തൃതിയുടെ 75% വും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് 10-ാം വാർഡിലെ പാറളം ശിവപുരം പട്ടിക ജാതി കോളനിയിൽ മാത്രമാണ് സർക്കാർ സഹായത്തോടുകൂടി പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതി മൂലം കോളനി നിവാസികളുടെ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടുമില്ല.

ആദ്യകാലങ്ങളിൽ പഞ്ചായത്തിൻെറ താഴ്വര പ്രദേശങ്ങളിൽ മാത്രമാണ് കുടിവെള്ളത്തിനുപകരിക്കുന്ന ശുദ്ധജല സൗകര്യങ്ങൾ ഉണ്ടായിരുന്നത്. ജനസാന്ദ്രത കൂടിവന്നതോടുകൂടി മറ്റു പ്രദേശങ്ങളിലും പുതിയ കിണറുകൾ കുഴിച്ചു പോന്നു. എന്നാൽ ആവശ്യാനുസരണം ശുദ്ധജലം ലഭിച്ചിരുന്നില്ല. ഭൂരിഭാഗം പ്രദേശങ്ങളിലും കിണറിൻെറ അടിവശം പാറയാണ്. താഴ്വരകളിൽ നിന്ന് വെള്ളം ചുമന്നു കൊണ്ടുവന്നാണ് മറ്റു പ്രദേശത്തുള്ളവർ കുടിവെള്ളപ്രശ്നം പരിഹരിച്ചിരുന്നത്. വേനൽക്കാലങ്ങളിൽ അന്യപ്രദേശങ്ങളിൽനിന്നും ലോറിയിൽ വെള്ളംകൊണ്ടുവന്നു വിതരണം ചെയ്യേണ്ട സ്ഥിതി ഇന്നും നിലനിൽക്കുകയാണ്. പഞ്ചായത്തിൽ പൊതു കുഴൽകിണറുകൾ 19 എണ്ണം ഉണ്ടെങ്കിലും ടി കിണറുകൾകൊണ്ട് കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്നില്ല. കൂടാതെ ലഭിക്കുന്ന വെള്ളം ശുദ്ധവുമല്ല. 23 പൊതുകിണറുകളിൽ 17 എണ്ണവും വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്നവയാണ്.

### പ്രശ്നങ്ങൾ

1. വർഷം ചെല്ലുംതോറും ഭൂമിയുടെ അടിയിലുള്ള ജല ഉറവിടം താഴ്ന്നു കൊണ്ടിരിക്കുന്നു.
2. ശുദ്ധജലക്ഷാമം വർദ്ധിച്ചുവരുന്നു.
3. പാറ പ്രദേശങ്ങളും കൽപ്രദേശങ്ങളുമായതിനാൽ സാധാരണ കിണറുകൾ കുഴിക്കുന്നതിന് വലിയ ചെലവ് വരുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

1. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമായി ബന്ധപ്പെട്ട് ഈ പ്രദേശത്തെ ജലഉറവിടങ്ങൾ ശാസ്ത്രീയമായി തിട്ടപ്പടുത്തി ഒരു മേപ്പു തയ്യാറാക്കുക.

   ഇതിൻെറ അടിസ്ഥാനത്തിൽ നിലവിലുള്ള സ്വകാര്യകിണറുകളും പൊതു കിണറുകളും ആവശ്യമെങ്കിൽ കൂടുതൽ താഴ്ത്തി ഉപയോഗയോഗ്യമാക്കുക. കൂടാതെ പുതിയ കിണറുകൾക്കും കുഴൽ കിണറുകൾക്കും ശാസ്ത്രീയാടിസ്ഥാനത്തിൽ സ്ഥാനം കണ്ടെത്തുക. ഇതിനായി ഒരു പദ്ധതി തയ്യാറാക്കുകയും ഇതു നടപ്പാക്കുന്നതിനുള്ള ചുമതല ജനകീയ കമ്മറ്റിയെഏല്പിക്കുകയും ചെയ്യുക.
2. ഈ പഞ്ചായത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള

കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള 2 കോടി 70 ലക്ഷം രൂപയുടെ സമഗ്ര കുടിവെള്ളപദ്ധതി ദ്രുതഗതിയിൽ നടപ്പി ലാക്കുക. ഈ പദ്ധതി നടപ്പാക്കുന്നതിന് പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുക. മേൽ പറഞ്ഞ സമഗ്ര കുടിവെള്ളപദ്ധതി പ്രാവർത്തികമാവുകയാണെങ്കിൽ പഞ്ചായ ത്തിലെ മിക്കവാറും ഭവനങ്ങളിലെല്ലാം കുടിവെള്ളം എത്തിക്കാൻ കഴിയും.

3. കുടിവെള്ളത്തിനായി പുതുതായി സ്വകാര്യ കിണറുകൾ കുഴിക്കുന്നവർക്ക് യാതൊരു മാനദണ്ഡവും നോക്കാതെ സബ്സിഡി അനുവദിച്ചു നൽകണം.

4. സന്നദ്ധ സംഘടനകളെയും ചാരിറ്റി നിയമത്തിൻ കീഴിൽ രജിസ്റ്റ്രാക്കപ്പെട്ട ക്ളബ്ബുകളേയും പൊതുകിണറുകളും കുഴൽ കിണറുകളും കുഴിക്കുന്നതിന് ചുമതലപ്പെടുത്തണം. മേൽപറഞ്ഞ (ഖണ്ഡിക 3) സബ്സിഡി ഇവർക്കും നൽകണം. പഞ്ചായത്തിലെ അൺടൈഡ് ഫണ്ട് കഴിയുമെങ്കിൽ ഇതിനായി ഉപയോഗിക്കണം.

5. കുടിവെള്ളമലിനീകരണത്തിനെതിരെ പഞ്ചായത്ത് വാർഡു തലങ്ങളിൽ ബോധവൽക്കരണ ക് ളാസ്സുകൾ നടത്തണം.

6. മലിനീകരണനിർമ്മാർജന പദാർത്ഥങ്ങൾ പഞ്ചായത്തിൽനിന്ന് സൗജന്യമായി വിതരണം ചെയ്യുകയും ഇപ്രകാരം വിതരണം ചെയ്യുന്ന വസ്തുക്കളുടെ ഉപയോഗം ഉറപ്പുവരുത്തുകയും വേണം. ഇതിനായി വാർഡുനിലവാരത്തിൽ കുടിവെള്ളശുദ്ധീകരണ കമ്മറ്റികൾ രൂപീ കരിച്ച് ഈ പ്രവർത്തനങ്ങളുടെ മേൽ നോട്ടം ഏൽപ്പിക്കണം. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കിണറുകളെല്ലാം വല കെട്ടി മൂടിയിടണം. ആവശ്യമുള്ള വലകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കിണറുകൾക്ക് കൈവരി (ആൾമറ) കെട്ടിയ്ക്കുന്നതിന് സഹായം നൽകണം.

## കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരങ്ങൾ

കുളങ്ങളുടെ എണ്ണം(വിസ്തീർണ്ണത്തിനനുസരിച്ച്- സെൻറിൽ)

| വാർഡ് | 10സെൻറിന് താഴെ | 10-20 | 20-30 | 30-40 | കിണറുകൾ |
|---|---|---|---|---|---|
| 1 | | 1 | 1 | | 4 |
| 2 | | 1 | | | 3 |
| 3 | | 1 | | | 2 |
| 4 | | 1 | | | 3 |
| 5 | | 1 | | 1 | 4 |
| 6 | | 1 | | | 5 |
| 7 | | 2 | | | - |
| 8 | 1 | 2 | | | 7 |
| 9 | | 1 | | | 5 |
| 10 | | | 1 | | 9 |
| ആകെ എണ്ണം | 1 | 11 | 2 | 1 | 42 |

# 10.ആരോഗ്യം

ആരോഗ്യം നാടിൻെറ സമ്പത്താണ്. രണ്ടായിരാമാണ്ടിൽ രാഷ്ട്രം കൈവരിക്കാനുദ്ദേശിക്കുന്ന ആരോഗ്യലക്ഷ്യങ്ങൾ കേരളം വർഷങ്ങൾക്കുമമ്പേ, കൈവരിച്ചുവെന്നതിൽ നാം അഭിമാനിക്കാറുണ്ടല്ലോ? എന്നാൽ നാനാവിധ ആരോഗ്യ പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നു എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. കേരളത്തിൻെറ ഒരു ചെറിയ യൂണിറ്റായ പാറളം ഗ്രാമ പഞ്ചായത്തും ഈ ആരോഗ്യ പ്രശ്നങ്ങളിൽ നിന്ന് വിമുക്തമല്ല. അവ നേരിടുന്നതിന് നിലവിലുള്ള ആരോഗ്യപരിപാടികളേയും നൂതനപരിപാടികളും സംയോജിപ്പിച്ചു കൊണ്ട് ഗ്രാമതലത്തിൽ ഒരു സമഗ്ര ജനകീയ ആരോഗ്യ പരിപാടി നാം തയ്യാറാക്കേണ്ടതുണ്ട്. അവിടെയാണ് ജനകീയ ആസൂത്രണത്തിൻെറ പ്രസക്തിയും.

എന്താണ് ആരോഗ്യം? "രോഗമില്ലാത്ത അവസ്ഥ" --- എന്ന നിർവചനത്തിൽ പൂർണ്ണമാകുന്നില്ല. ആരോഗ്യം എന്നത് എന്തിൻെറയെങ്കിലും ഇല്ലായ്മയല്ല. അതൊരു ഭാവാത്മക മായ അവസ്ഥയാണ്. രോഗമുണ്ടായി, ചികിത്സ നടത്തി, രോഗം മാറി, ആരോഗ്യം വീണ്ടെടുത്തു എന്നു പറയുന്നത് മുഴുവൻ ശരിയല്ല. രോഗം വരാതിരിക്കലാണ് ആരോഗ്യം. അതിനുവേണ്ടിയാണ് നാം ശ്രമിക്കേണ്ടത്. അതിനു വേണ്ടിയായിരിക്കണം നമ്മുടെ പരിപാടിയും ആസൂത്രണവും.

മുൻകാലങ്ങളിൽ പാരമ്പര്യ വൈദ്യമാണ് ഈ പഞ്ചായത്തിൽ പ്രചാരത്തിലുണ്ടായിരുന്നത്. കേട്ടറിവും നാട്ടറിവും ഉപയോഗിച്ചു കൊണ്ടുള്ള വ്യവസ്ഥാപിത ചികിത്സാരീതിയാണ് ഇവിടെ നിലനിന്നിരുന്നത്. പലപ്പോഴും ഈ ചികിത്സാ രീതികളിൽ അന്ധവിശ്വാസങ്ങളുടേയും മന്ത്രതന്ത്രങ്ങളുടേയും നിഴലാട്ടമുണ്ടായിരുന്നു. ഊഹാപോഹങ്ങളിലൂടെയുള്ള രോഗ നിർണ്ണയമാർഗ്ഗങ്ങൾ ചിലപ്പോഴെല്ലാം വൈദ്യനെയും രോഗിയെയും വഴിതെറ്റിക്കുമായിരുന്നു.ഈ പ്രാകൃതചികിത്സാ സമ്പ്രദായങ്ങൾ ആയുർവേദത്തിന് വഴിമാറുകയായിരുന്നു. ആയുർവേദചികിത്സാരംഗം വളരെ ഫലപ്രദമായിരുന്നു എന്നുപറയാം. ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും അക്കാലങ്ങളിൽ പഞ്ചായത്തിലുണ്ടായിരുന്നില്ല. എന്നാൽ ആയുർ വേദവും പ്രത്യേകവിഷചികിത്സാ രീതികളും ഇവിടെ പ്രചാരം നേടിക്കഴിഞ്ഞിരുന്നു. അലോപ്പതി ചികിത്സക്കായി ചേർപ്പിലേക്കും തൃശ്ശൂർക്കുമാണ് പഞ്ചായത്ത് നിവാസികൾ പോയിക്കൊണ്ടിരുന്നത്. വാഹന സൗകര്യം തീരെ കുറവായിരുന്ന അക്കാലങ്ങളിൽ രോഗശാന്തിക്കുവേണ്ടിയുള്ള ഈ അലച്ചിൽ ജനങ്ങൾക്ക് വല്ലാത്ത ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ഒരു ആശുപത്രിക്കു വേണ്ടി ജനം ഒരുപാടു നാളുകൾ കാത്തിരിക്കേണ്ടിവന്നിട്ടുണ്ട്. 1950 - ൽ അമ്മാടത്തും 1957-ൽ വെങ്ങിണിശ്ശേരിയിലും ആരോഗ്യ കേന്ദ്രങ്ങൾ തുറന്നു.എന്നാൽ ഈ കേന്ദ്രങ്ങളിൽ മിഡ് വൈഫ് മാത്രമാണ് ഉണ്ടായിരുന്നത്. 1970- ൽ പാറളം പഞ്ചായത്തിനായി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം(P.H.C. ആശുപത്രി) അനുവദിച്ചു. പഞ്ചായത്തിൽ കോടന്നൂരിൽ ഒരു ഗവ. ആയുർ വേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അലോപ്പതി ആയുർവേദ ഹോമിയോ ചികിത്സാരീതികളിൽ സ്വകാര്യ ഡോക്ടർമാരും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ആരോഗ്യരംഗത്തെക്കുറിച്ച് ഗ്രാമീണർക്ക് നിരവധി കാര്യങ്ങൾ പറയാനുണ്ട് .

ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന അഭിപ്രായ പ്രകടനങ്ങളുടെ ക്രോഡീകരണം ചുവടെ ചേർക്കുന്നു.

1. 10 പേരെയെങ്കിലും കിടത്തി ചികിത്സി ക്കുന്നതിനുള്ള സൗകര്യങ്ങളോടുകൂടിയ വാർഡിന്റെ പണി പൂർത്തിയാക്കിയെ ങ്കിലും പാറളം P.H.C. സെൻററിൽ കിടത്തി ചികിത്സ ആരംഭി ച്ചിട്ടില്ല. വേണ്ടത്ര സ്റ്റാഫിനേയും മറ്റുസൗകര്യ ങ്ങളും ഉണ്ടാകുകയും കിടത്തി ചികിത്സി ക്കുന്നതിനുള്ള സൗകര്യം ഉടനെ ആരംഭിക്കുകയും ചെയ്യണം.

2. പഞ്ചായത്തിൽ ഗവ. അലോപ്പതി വിഭാഗ ഡോക്ടർ, ഗവ. ആയുർവേദ ഡോക്ടർ മറ്റു സ്വകാര്യഡോക്ടർമാർ എന്നിവരുണ്ടെ ങ്കിലും രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം ലഭ്യമല്ല. തന്മൂലം ഗ്രാമീണർക്ക് വളരെ കഷ്ട്ടപ്പെടേണ്ടി വരുന്നുണ്ട്. സർക്കാർ P.H.C. യിൽ ഒരു ലേഡി ഡോക്ടറുടെ സേവനം കൂടി ലഭിക്കണം. P.H.C.യിൽ രാത്രിസമയത്തും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം.

3. അത്യാവശ്യം വേണ്ട മരുന്നുകൾ ആശു പത്രിയിൽ പലപ്പോഴും ഉണ്ടാകാറില്ല. ഇതിന് പ്രതിവിധിയുണ്ടാകണം.

4. സാക്രമികരോഗവിവരങ്ങളെക്കുറിച്ച് പൊതു വെയും ആരോഗ്യസംബന്ധമായ വിഷയ ങ്ങളെക്കുറിച്ചും പഞ്ചായത്തിലെ ജനങ്ങളെ പ്രത്യേകിച്ചും അവശ ദരിദ്രവിഭാഗങ്ങളെ ബോധവാന്മാരാക്കണം. ഇതിന് ഹെൽത്ത് വിസിറ്റർമാരുടെ സന്ദർശനം ഇടക്കിടെ യുണ്ടാകണം. വാർഡുതലത്തിൽ ആരോഗ്യ ചർച്ചാ ക്ളാസ്സുകൾ, സെമിനാറുകൾ എന്നിവ ജനപങ്കാളിത്വത്തോടെ സംഘ ടിപ്പിച്ചു നടത്തണം.

5. പ്രതിരോധകുത്തിവെപ്പുകൾ നിർബന്ധമാ ക്കണം. ഇതുറപ്പുവരുത്തുന്നതിനുവേണ്ടി പഞ്ചായത്ത് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് മോണിറ്ററിംഗ് നടത്തണം.

6. ആരോഗ്യം നശിപ്പിക്കുന്ന മലിനജലം മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിന് വാർഡുകൾ തോറും സന്നദ്ധസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തന ങ്ങൾ നടത്തണം. അന്തരീക്ഷമലിനീകരണം കുറക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കേണ്ട ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കണം.

7. പഞ്ചായത്തിൽ സാനിറ്ററി സൗകര്യങ്ങൾ ഇല്ലാത്ത വീടുകൾ നിരവധിയുണ്ട്. (പ്രത്യേകിച്ചും അവശജനവിഭാഗങ്ങളിൽ) കൃത്യമായ ഒരു സർവേ നടത്തി സാനിറ്ററി സൗകര്യങ്ങൾ മുഴുവൻ കുടുംബങ്ങൾക്കും (ഏകദേശം 500 കുടുംബങ്ങൾ വരുമെന്ന് കണക്കാക്കുന്നു). പ്രസ്തുത സൗകര്യങ്ങൾ ചെയ്തുകൊടുക്കു ന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കണം. ചെലവുകുറഞ്ഞരീതിയിൽ സാനിറ്ററി സൗകര്യങ്ങൾ ഉണ്ടാക്കുന്ന തിനുള്ള കൃത്യമായ പരിശീലനം സന്നദ്ധ സേനകൾക്ക് നൽകുകയും അവരുടെ നേതൃത്വത്തിൽ ഈ പദ്ധതി വിജയിപ്പി ക്കുകയും വേണം.

8. ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും ഡോക്ടർക്ക് താമസസൗകര്യവും ഉണ്ടാകണം.

9. പഞ്ചായത്തിൽ വെങ്ങിണിശ്ശേരി പ്രദേശ ത്തായി ഒരു ഗവ. ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.

### ലാട്രിൻ സൗകര്യങ്ങൾ

ആകെ വീടുകൾ - 5776
ലാട്രിൻ ഇല്ല ാത്തവ - 474




10. അറവു നടത്തുന്നതിന് മുമ്പ് മൃഗങ്ങളെ മൃഗഡോക്ടറെക്കൊണ്ട് / ബന്ധപ്പെട്ട ഹെൽത്തുദ്യോഗസ്ഥനെക്കൊണ്ട് സർട്ടിഫൈ ചെയ്തിരിക്കണമെന്നകാര്യം നിർബന്ധമാക്കണം. മൃഗങ്ങളെ അറവു നടത്തുന്നതിന് ആധുനിക രീതിയിലുള്ള അറവുശാല ഉണ്ടാവുകയും വേണം.

11. കുഞ്ഞുങ്ങളുടെ / അവശരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് വാർഡുകൾ തോറും ഫീഡിങ്ങ് സെൻററുകൾ സ്ഥാപിക്കണം. ഇതിൻറ മേൽനോട്ടത്തിനായി ഒരു ജനകീയ കമ്മിറ്റി ഉണ്ടാകണം.

12. ത്വക്ക്, ടി.ബി., കുഷ്ടം, കാൻസർ, കണ്ണുരോഗങ്ങൾ മുതലായ പ്രത്യേകയിനം രോഗങ്ങൾ പരിശോധിക്കുന്നതിന് പ്രത്യേക പരിശീലനം സിദ്ധിച്ച ഡോക്ടർമാരുടെ സേവനം മാസത്തിൽ ഒരിക്കലെങ്കിലും P.H.C. യിൽ ലഭിക്കണം.

### കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ല ാത്ത വീടുകളുടെ എണ്ണം iRDP സർവ്വേ പ്രകാരം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ചകക്കൂസുകളുടെ എണ്ണം 1992 നു ശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേ ണ്ട കുടുംബങ്ങളുടെ എണ്ണ ം |
|---|---|---|---|---|
| 1 | 45 | 7 | 7 | 38 |
| 2 | 30 | 2 | 2 | 28 |
| 3 | 50 | 3 | 3 | 47 |
| 4 | 47 | 12 | 12 | 35 |
| 5 | 63 | 4 | 4 | 59 |
| 6 | 54 | - | - | 54 |
| 7 | 45 | - | - | 45 |
| 8 | 40 | - | - | 40 |
| 9 | 40 | - | - | 40 |
| 10 | 60 | 7 | 7 | 53 |
| ആകെ | 474 | 35 | 35 | 439 |

13. ചേനം പ്രദേശത്ത് ആധുനികരീതിയിലുള്ള പൊതുശ്മശാനം പണിയണം. കോടന്നൂരിലെ ശ്മശാനപരിസരത്തുനിന്നും മണ്ണെടുപ്പു നടത്തുന്നതും കർശനമായി തടയണം. മണ്ണെടുക്കുന്നതുമൂലം ഉയർന്ന ശ്മശാന ഭാഗത്തുനിന്നും മഴ പെയ്യുമ്പോൾ മലിന ജലം കീഴോട്ടൊഴുകി കിണറുകളിലും മറ്റും എത്തിച്ചരുകയും പരിസരമലിനീകരണവും ജലമലിനീകരണവും ഉണ്ടാവുകയും ചെയ്യുന്നുണ്ട്.

14. ദരിദ്രവിഭാഗങ്ങൾക്ക് അവരുടെ കിണറുകൾ ചുറ്റുമതിലുകൾ കെട്ടുന്നതിനും വലകെട്ടി സംരക്ഷിക്കുന്നതിനും പഞ്ചായത്ത് അടിസ്ഥാ നത്തിൽ ധനസഹായമടക്കമുള്ള നടപടികൾ ഉണ്ടാകണം.

15. പഞ്ചായത്തിൽ ഒരു ആധുനിക വൈദ്യുതി ശ്മശാനം പണിയണം.

16. മത്സ്യമാംസവില്പന നടത്തുന്നതിന് പ്രത്യേകം സജ്ജമാക്കിയ മാർക്കറ്റുകൾ വേണം. പൊതു നിരത്തുകളിലും പുറംപോക്കിലും വെച്ചുള്ള മത്സ്യമാംസ വില്പന നിരോധിക്കണം.

17. ജലജന്യമായ അസുഖങ്ങൾ തടയുന്നതിനു വേണ്ടി പഞ്ചായത്തിലെ കായലോരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബോധവൽക്കരണ ക്ളാസ്സുകൾ നടത്തണം. രോഗങ്ങൾ വരാതിരിക്കുന്നതിന് ആവശ്യമായ മറ്റു നടപടികളും ഉണ്ടാകണം.

18. പ്ളേഗ്, എലിപ്പനി, മറ്റുരോഗങ്ങൾ, വിളനഷ്ടം എന്നിവക്ക് കാരണക്കാരായ എലികളേയും കൊതുകുകളേയും നശിപ്പിക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാകണം.

19. പ്ളാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം ആരോഗ്യകരമായ പ്രശ്നങ്ങളുണ്ടാക്കുമെന്നതിനാൽ ഇവയുടെ ഉപയോഗം കുറക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ ഉണ്ടാകണം.

20. പഞ്ചായത്തിലെ പൊതുസെൻററുകളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.

21. പ്രൈമറി ഹെൽത്ത് സെൻററിലെ ഉദ്യോഗസ്ഥർ മാസത്തിലൊരിക്കലെങ്കിലും ഭവന സന്ദർശനം നടത്തി ജനങ്ങളുടെ ആരോഗ്യപരമായ കാര്യങ്ങൾ ശ്രദ്ധിക്കണം. ഗർഭിണികൾക്കും, കുട്ടികൾക്കുമുള്ള ശുശ്രൂഷാരീതികൾ, സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ചും ജനങ്ങളെ ബോധവാന്മാരാക്കണം. അംഗന വാടികൾ ബാലവാടികൾ എന്നിവ സന്ദർശിച്ച് കുട്ടികൾക്ക് പോഷകാഹാരങ്ങൾ, വിറ്റാമിൻ ഗുളികകൾ എന്നിവ നൽകണം. സർക്കാർ ആശുപത്രികളെ സംബന്ധിച്ച് ജനങ്ങൾക്ക് മതിപ്പുണ്ടാകണം.

**ലാട്രിൻ സൗകര്യങ്ങൾ -സഹായം സംബന്ധിച്ച**

**IRDP** സർവ്വേ

| | |
|---|---|
| സാനിട്ടറി കക്കൂസുകൾ | |
| ഇല്ല ാ ത്ത കുടുംബങ്ങൾ | 474 |
| സഹായം ലഭിച്ച വർ | 35 |
| ഇനി സഹായം വേണ്ടവർ | 439 |

7.38% സഹായം ലഭിച്ചവർ



## രോഗവിവരങ്ങൾ

| വർഷം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം(എണ്ണം) | | | | | |
|---|---|---|---|---|---|---|---|
| | | ത്വക്ക് രോഗം | വാതരോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത് സ (പാമ്പുകടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 1553 | 1030 | 12000 | 2000 | 103 | 400 | 15533 |
| 1993-94 | 16870 | 6070 | 10400 | 240 | 40 | 120 | 16870 |
| 1994-95 | 14515 | 3015 | 11200 | 200 | 50 | 50 | 14515 |
| 1995-96 | 16542 | 5100 | 11140 | 102 | 70 | 130 | 16542 |
| ആകെ - | 63460 | 15215 | 44740 | 2542 | 263 | 700 | 63460 |

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | BD | |
| 1 വയസ്സിൽ താഴെ | 449 | 421 | 421 | 416 | - | 421 | 421 | 416 | - | - | 401 |
| 1-3 വയസ്സ് | 788 | | | | 762 | | | | 762 | | |
| 3-6 വയസ്സ് | 477 | | | | | | | | 443 | 443 | |

### ടെറ്റനസ് ടോക് സോയിസ് ( T T)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 92 | 114 | 11 |

| | |
|---|---|
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | Nil |
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | 242 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | 25 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | Nil |
| വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | Nil |

**ജനന മരണ കണക്കുകൾ**

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 93-94 | 385 | 65 | - |
| 94-95 | 360 | 80 | 1 |
| 95-96 | 256 | 76 | - |

**പകർച്ച വ്യാധി വിവരങ്ങൾ**

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | [illegible] |
|---|---|---|---|
| 93-94 | 1005 | 14 | 14 |
| 94-95 | 932 | 10 | 7 |
| 95-96 | 341 | 26 | 14 |

**പൊതു ജനാരോഗ്യം**

| വാർഡ് | പൊതു ടാപ്പുകൾ | പൊതു കുഴൽകിണർ | പൊതു കിണർ | കുളിക്കട വുകൾ | ശ്മശാനങ്ങൾ |
|---|---|---|---|---|---|
| 1 | 9 | 3 | 4 | 2 | - |
| 2 | 1 | - | 3 | 1 | - |
| 3 | - | - | 2 | 1 | - |
| 4 | - | 1 | 3 | 1 | - |
| 5 | - | 3 | 4 | 2 | - |
| 6 | 3 | - | 5 | 1 | 1 |
| 7 | 2 | 1 | - | 2 | - |
| 8 | 6 | 4 | 7 | 3 | - |
| 9 | 2 | 3 | 5 | 1 | - |
| 10 | 21 | 5 | 9 | 1 | 1 |
| ആകെ | 44 | 20 | 42 | 15 | 2 |

പൊതു ജനാരോഗ്യം ചെലവ് ... 1140.00
മൊത്തം ചെലവിൻെറ എത്ര ശതമാനം ... 0. 0797 %

1. ജനസംഖ്യ- 20191 ( 1991 സെൻസസ് പ്രകാരം)
   1. പുരുഷൻമാർ 9991
   2. സ് ത്രീകൾ 10200
   3. കുട്ടികൾ 2295
2. പ്രായാടിസ് ഥാനത്തിൽ ദമ്പതിമാർ ( സ് ത്രീയുടെ പ്രായക്രമം)
   1. 15 -19 12
   2. 20 -24 580
   3. 25 -29 842
   4. 30 -34 694
   5. 35 -39 652
   6. 40-44 455
3. അമ്മമാരുടെ എണ്ണം ആകെ 2945 ( ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ് ഥാനത്തിൽ)
   1. കുട്ടി 665
   2. 2കുട്ടികൾ 1409
   3. 2ൽ കീടുതൽ കുട്ടികൾ 871
4. കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ ( ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ് ഥാനത്തിൽ) ആകെ 2030
   1. 1കുട്ടി 111
   2. 2കുട്ടികൾ 1188
   3. 2ൽ കൂടുതൽ കുട്ടികൾ 731
5. അംഗവൈകല്യമുള്ളവർ
   1. അന്ധർ 35
   2. ബധിരർ 9
   3. മൂകർ 26
   4. ബധിര-മൂകർ 11
   5. ചലന വൈകല്യങ്ങൾ 122

   ആകെ
6. മന്ദബുദ്ധികൾ എണ്ണം 36

   പ്രായം
   - a. 0-5 1
   - b. 6-10 1
   - a. 11-15 10
   - a. 16ന് മേൽ 24
7. സ്ഥായിയായ രോഗബാധിതർ
   1. രക്തസമ്മർദ്ദം 123
   2. പ്രമേഹം 35
   3. കാൻസർ -
   4. കുഷ്ഠം 5
   5. ക്ഷയം 7
   6. ഹൃദ്രോഗം 3

   ആകെ 173
8. 1) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 449

   2) പ്രതിരോധകുത്തിവെയ് പ് നടത്തിയവർ 401
9. ആകെ ഗർഭിണികൾ 121

## ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ( 1995-96 )

| ഏതു വിഭാഗം ചികിത് സാ സംവിധാനം | ആശുപത്രി സർക്കാർ | ആശുപത്രി സ്വകാര്യം | ഡിസ് പെൻസറി സർക്കാർ | ഡിസ് പെൻസറി സ്വകാര്യം | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സർക്കാർ | മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്വകാര്യം | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| അലോപ്പ തി | 1 | - | - | - | - | - | 21 |
| ആയു ർവേദം | 1 | - | - | - | - | - | 4 |

# 11. വിദ്യാഭ്യാസം

ഒരു കാർഷിക മേഖലയായ പാറളം പഞ്ചായത്തിലെ നിവാസികൾ ആദ്യകാല ഘട്ടങ്ങളിൽ കാർഷികവൃത്തിയിലും, കച്ചവട ത്തിലും വേണ്ട അറിവുകൾ നേടിയിരുന്നത് അനുഭവങ്ങളിലൂടെയും നാട്ടറിവിലൂടെയും വായ്മൊഴിയിലൂടെയും ആയിരുന്നു. ദൈനംദിന ജീവിത പ്രക്രിയയിൽ ഇത്തരം അറിവുകൾ കൂട്ടു കുടംബ സമ്പ്രദായത്തിലൂടെ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുക എന്നത് അന്നത്തെ അത്യാവശ്യമായിരുന്നു. ജന്മിത്വം നിലനിന്നിരുന്ന കാലഘട്ടത്തിൽ സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് തുടർന്നും ഈ ബോധന പരിപാടി ആവർത്തിക്കേണ്ടിവന്നിട്ടുണ്ട്. പിന്നീട് എഴുത്താശ്ശാൻമാരുടെ ഇടപെടൽ വിദ്യാഭ്യാസ രംഗത്തെ ഒരു ഉണർവ്വായിരുന്നു. ഇവർ ഈ പ്രദേശത്തെ ഭൂരിഭാഗംപ്രദേശങ്ങളിലും പല വീടുകൾ കേന്ദ്രമാക്കി വിദ്യ അഭ്യസിപ്പി ച്ചുവന്നിരുന്നു. ഈ സമ്പ്രദായത്തിൽ ഇടത്തര ക്കാരായവരും വിദ്യ നേടിയിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആണ് ആദ്യമായി ഔപചാരിക വിദ്യാഭ്യാസത്തിന് തിരശ്ശീല ഉയരുന്നത്. അമ്മാടത്ത് ആദ്യമായി ഒരു ലോവർ പ്രൈമറി സ്ക്കൂൾ ആരംഭിക്കുന്നു. പിന്നീട് അമ്മാടത്ത് U. P സ്ക്കൂൾ പള്ളി മാനേജ്മെന്റിൽ ആരംഭിക്കുകയുണ്ടായി. അക്കാലങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തി നായി അഞ്ചുകിലോമീറ്ററോളം യാത്ര ചെയ്ത് വിദ്യാർത്ഥികൾ അയൽ ഗ്രാമമായ ചേർപ്പിൽ പോയിരുന്നു. പിന്നീട് അമ്മാടം സെന്റ് ആന്റണീസ് സ്ക്കൂൾ, ഹൈസ്ക്കൂളാക്കി ഉയർത്തിയപ്പോൾ വിദ്യാർത്ഥികളുടെ ദൂരയാത്രക്ക് വിരാമമായി. ഇപ്പോൾ ഈ പഞ്ചായത്തിൽ പള്ളിപ്പുറം, ചേനം. പാറളം, വെങ്ങിണിശ്ശേരി, കോടന്നൂർ എന്നീ പ്രദേശങ്ങളിൽ കൂടി സ്ക്കൂളുകൾ നിലവിലുണ്ട്. ഇതിൽ കോടന്നൂർ സ്ക്കൂൾ യു.പി യാണ്. അമ്മാടത്തെ ലോവർ പ്രൈമറി വിദ്യാലയമൊഴിച്ച് ബാക്കിയുള്ള നാല് ലോവർ പ്രൈമറി വിദ്യാലയങ്ങളും കോടന്നൂർ യു.പി വിദ്യാലയവും അമ്മാടം ഹൈസ്ക്കൂളും എയ്ഡഡ് സ്ഥാപനങ്ങളാണ്. പഞ്ചായത്തിലെ വിവിധ പ്രദേശ ങ്ങളിൽ നിന്ന് ഏകദേശംമൂന്ന് നാല് കിലോമീറ്ററോളം യാത്ര ചെയ്താണ് വിദ്യാർത്ഥികൾ അമ്മാടത്തുള്ള ഹൈസ്ക്കൂളി ലേക്ക് വരുന്നത്. എന്നാൽ ചേനം പ്രദേശത്തുള്ള വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാ ഭ്യാസത്തിനായി ചേർപ്പിലുള്ള സ്ക്കൂളുകളേയാണ് ആശ്രയിക്കുന്നത്.

**വിദ്യാർത്ഥികൾ - സ്ത്രീ പുരുഷ അനുപാതം**



| സ്ക്കൂൾ | വാർഡുകൾ | | | | | | | | | | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| H.S | - | | | | | | | 1 | | | 1 NO. Aided |
| U.P | - | | | | 1 | | | | | | 1 No. Aided |
| L.P | - | 2 | 1 | 1 | | | | 1 | | | 5 No. Govt. 1 Aided 4 |
| Nursery | - | | 2 | 1 | 1 | 2 | | | | | 6No. Pvt. 6 |

കോളേജ് വിദ്യാഭ്യാസത്തിനും, സാങ്കേതിക, കലാവിദ്യാഭ്യാസത്തിനും വിദ്യാർത്ഥികൾ 12 കിലോമീറ്ററോളം യാത്രചെയ്ത് തൃശൂരിലേക്കാണ് പോകുന്നത്. പാരലൽ കോളേജുകൾ ഒന്നും തന്നെയില്ല. വിദ്യാർത്ഥികൾക്ക് റ്റ്യൂഷൻ സമ്പ്രദായം നിലനിൽക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ അതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്.

പ്രീപ്രൈമറി രംഗത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ കുറവാണ് പഞ്ചായത്തിൽ. ചേനം, പള്ളിപ്പുറം, ശാസ്താംകടവ് എന്നിവിടങ്ങളിൽ ബാലവാടികൾ നിലവിലുണ്ട്. അമ്മാടം ലോവർ പ്രൈമറി വിദ്യാലയത്തിൽ പി.ടി.എ നടത്തുന്ന നഴ്സറി, കോടന്നൂരിൽ ഇംഗ്ലീഷ് മീഡിയം നഴ്സറി തുടങ്ങിയവയാണ് പഞ്ചായത്തിലെ ശിശു വിദ്യാഭ്യാസ കേന്ദ്രങ്ങൾ.

സമൂഹത്തിൻെറ താഴെ തട്ടിലുള്ളവർക്ക് ആദ്യകാലഘട്ടങ്ങളിൽ വിദ്യാഭ്യാസം ലഭിക്കാതിരുന്നത് മൂലവും, ദരിദ്ര വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്കുമൂലവും നിരക്ഷരരായവരുടെ എണ്ണം പഞ്ചായത്തിൽ ഏറെയായിരുന്നു. എന്നാൽ സാക്ഷരതാ പ്രസ്ഥാനത്തിൻെറ കാര്യക്ഷമമായ പ്രവർത്തനങ്ങൾ മൂലം വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ പള്ളിപ്പുറം, ചേനം, കോടന്നൂർ, അമ്മാടം എന്നിവിങ്ങളിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന വായനശാലകൾ അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് കാര്യക്ഷമമായ സംഭാവനകൾ നൽകുന്നു. ചേനം, കോടന്നൂർ, പള്ളിപ്പുറം എന്നിവിടങ്ങളിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന വായനശാലകൾ ഗ്രന്ഥശാലാ സംഘത്തിൻെറ കീഴിലും അമ്മാടത്തുള്ളത് പഞ്ചായത്തിൻെറ കീഴിലുമാണ് പ്രവർത്തിച്ചുവരുന്നത്. വിദ്യാഭ്യാസരംഗത്ത് പല പദ്ധതികളും നില നിൽക്കുന്നുണ്ടെങ്കിലും

പഞ്ചായത്തിൽ ഇതിൻെറ ഗുണഫലങ്ങൾ കുറവാണ്. സ്ക്കൂൾ കോംപ്ലക്സ് നിലവിൽ വന്നിട്ടില്ല. പള്ളിപ്പുറം സ്ക്കൂളിനെ പുതിയ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിദ്യാർത് ഥികൾ .. ജനറൽ – പട്ടികജാതി അനുപാതം**




**പ്രശ്നങ്ങൾ**

1. വിദ്യാലയങ്ങളിലെ നിലവാരത്തകർച്ച.
2. ഭൗതിക നിലവാരം ശോചനീയം
3 പഴഞ്ചൻ ബോധനരീതിയും കാര്യക്ഷമത കുറവും നില നിൽക്കുന്നു.
4. മൂല്യ നിർണ്ണയത്തിലുള്ള അപാകത.
5. പാഠ്യാനുബന്ധപ്രവർത്തനങ്ങളിലും, പാഠ്യേതര പ്രവർത്തനങ്ങളിലുമുള്ള തകർച്ച.
6. വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക്.
7. വിദ്യാഭ്യാസത്തെക്കുറിച്ച് സമൂഹത്തിൽ വ്യാപിച്ചിട്ടുള്ള തെറ്റിദ്ധാരണകൾ.
8 അധ്യാപക രക്ഷാകൃത്യസമിതിയുടെ മെച്ചമായ രീതിയിലുള്ള ഇടപെടലിൻെറ അഭാവം.
9. വിദ്യാഭ്യാസ സമ്പ്രദായവും ജീവിതവും തമ്മിലുള്ള പൊരുത്തക്കേടുകൾ.
10. പഠനോപകരണങ്ങളുടെ കുറവ്
11. കോളേജ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം.
12. അംഗൻവാടികളുടെ അഭാവം.
13. പഞ്ചായത്തിൽ നിന്ന് മറ്റ് പ്രദേശങ്ങളിലെ മെച്ചപ്പെട്ട സ്ക്കൂളുകളിലേക്ക് പോകാനുള്ള പ്രവണത. ( പ്രത്യേകിച്ച് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക്)
14. വിദ്യാർത്ഥികളുടെ ആരോഗ്യ നിലവാരത്തിലുള്ള പിന്നോക്കാവസ്ഥ
15. വിദ്യാർത്ഥികളിലുള്ള മൂല്യ തകർച്ച.
16. അനൗപചാരിക വിദ്യാഭ്യാസത്തിൻെറ തുടർച്ചയില്ലായ്മ.
17. കലുഷമായ വിദ്യാലയാന്തരീക്ഷം
18. അദ്ധ്യാപക നിയമനത്തിലെ അപാകത.
19. കണക്ക്, ഇംഗ്ലീഷ്, മാതൃഭാഷ എന്നിവയിലുള്ള നിലവാരത്തകർച്ച.

**അദ്ധ്യാപകർ .. സ് ത്രീ --പുരുഷ അനുപാതം**



**സാദ്ധ്യതകൾ, പരിഹാരങ്ങൾ**

1. പഞ്ചായത്തിൽ സ്ക്കൂൾ കോംപ്ലക്സുകൾ സ്ഥാപിക്കുക. ഇതുവഴി പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളേയും ഏകീകരിപ്പിക്കുവാനും ആക്കാദമിക് പ്രവർത്തനങ്ങളെ വിലയിരുത്താനും പ്രാദേശികാടിസ്ഥാനത്തിൽ എല്ലാ അദ്ധ്യാപകർക്കും എല്ലാ വിഷയങ്ങളിലും നിരന്തരമായ പുനഃപരിശീലനം നൽകാനും എളുപ്പത്തിൽ സാധിക്കുന്നു. ഇതിലേക്ക് ഡയറ്റ്, സീ. ടി .ഇ. മുതലായ സ്ഥാപനങ്ങളുടെ സഹായം തേടാം. ഇംഗ്ലീഷ്, കണക്ക്, മലയാളം എന്നീ വിഷയങ്ങളിൽ പുതിയ പഠന സമ്പ്രദായങ്ങൾ ആവിഷ്കരിച്ച് ബോധന നിലവാരം മെച്ചപ്പെടുത്താൻ സാധിക്കണം. അടിസ്ഥാന വിദ്യാഭ്യാസത്തിൽ നേടേണ്ട അക്ക - അക്ഷര ജ്ഞാനം നേടാതെയുള്ള കുട്ടികളുടെ ക്ലാസ്സ് കയറ്റമാണ് എസ്. എസ്. എൽ, സി നിലവാരതകർച്ചയിലുള്ള മുഖ്യഹേതു. ആയത് കൊണ്ട് ഓരോ ക്ലാസ്സ് കയറ്റം നടക്കുമ്പോഴും അവരെ മോണിററിംഗ് ചെയ്യാനുള്ള സംവിധാനം സ്ക്കൂൾ കോംപ്ളക്സ് സംവിധാനത്തിൽ ഏർപ്പെടുത്താൻ സാധിക്കണം. തുടർന്ന് അനുപൂരക പ്രവർത്തനങ്ങൾ വഴി വിദ്യാർത്ഥികളിലെ അടിസ്ഥാന ധാരണകൾ ഉറപ്പിക്കാൻ സാധ്യമാക്കണം. എല്ലാ സ്ക്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ ലളിതമായ വിധത്തിൽ മെച്ചപ്പെടുത്താനും പഠനോപകരണങ്ങൾ കാര്യക്ഷമമായ വിധത്തിൽ നിർമ്മിക്കാനും ജനകീയ പങ്കാളിത്വത്തിലൂടെ സാധിക്കണം. സ്ക്കൂൾ കോംപ്ളക്സുകൾ വഴി ബോധന സമ്പ്രദായത്തിലെ പുതിയ വിദ്യകൾ കൈമാറാൻ സാധിക്കുന്നു. വീഡിയോ, ടീ.വി, കമ്പ്യൂട്ടർ, ലബോറട്ടറി എന്നിവ എല്ലാവർക്കുമായി പങ്കുവെക്കാൻ കഴിയുന്നു അതുവഴി വിദ്യാഭ്യാസ വളർച്ചയെ ത്വരിതഗതിയിലാക്കാം.

**S. S. L. C. വിജയശതമാനം**




2. വിദ്യാഭ്യാസത്തെക്കുറിച്ച് ഏറെ തെറ്റിദ്ധാരണകൾ സമൂഹത്തിൽ നിലനിൽക്കുന്നു. വിദ്യാഭ്യാസം മത്സര പരീക്ഷകളെ അടിസ്ഥാനമാക്കിയായിരിക്കണമെന്നും അതു മൂലം മെച്ചപ്പെട്ട ജോലി സമ്പാദനത്തിനു ഉതകുമെന്നുള്ള വിചാരം പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഏറെ പഠിച്ചിട്ടും കാര്യമില്ലായെന്ന മിഥ്യാധാരണയും നില നിൽക്കുന്നു. ഇവയൊക്കെ കൂടുതൽ നല്ല വിദ്യാലയങ്ങൾ തേടിപ്പോകാനും പഠിപ്പു നിർത്താനുംപ്രേരിപ്പിക്കു്ു. ആവശ്യമായ ബോധവത്ക്കരണം സമൂഹത്തിൽ ഏർപ്പെടുത്തണം.

3. പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലും കാര്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി വായനശാലകൾ , സയൻസ് കോർണറുകൾ, സാഹിത്യ സമാജങ്ങൾ,

വീഡിയോ പ്രദർശനങ്ങൾ, സെമിനാറുകൾ, സാഹിത്യ - കലാ - കായിക മത്സരങ്ങൾ, പരിസരബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ കാര്യക്ഷമമാക്കണം. ഇത് ഫലപ്രദമായി നടപ്പാക്കാൻ മറ്റ് ജനകീയ സമ്പ്രദായങ്ങൾ ആവിഷ്കരിക്കുകയും, അദ്ധ്യാപകരെ ഇത്തരം രംഗങ്ങളിലേക്ക് പ്രാപ്തരാക്കുന്നതിന് പരിശീലനം കൊടുക്കുകയും സ്ക്കൂൾ കോംപ്ലക്സി ലുള്ള അദ്ധ്യാപകരുടെ കൂടുതൽ സാന്നിദ്ധ്യം പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**തോറ്റുപഠിക്കുന്നവർ .. ആൺ - പെൺ %**




പഠനം **നിർത്തിപോകുന്നവർ.. SC/ST -- ജനറൽ അനുപാതം**




4. അദ്ധ്യാപക - രക്ഷാകൃതൃസമിതിയും മാതൃ സംഗമവും ഇടയ്ക്കിടെ വിളിച്ചു ചേർക്കുകയും ഫലപ്രദമായ രീതിയിൽ സ്ക്കൂൾ പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും വേണം.

5. ജീവിതത്തിലൂന്നിയ വിദ്യാഭ്യാസ പഠന സമ്പ്രദായം ആവിഷ്ക്കരിക്കുക, സമൂഹത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന കൃഷി, വ്യവസായം തുടങ്ങിയ പാഠ്യ വിഷയങ്ങൾ ഉൾപ്പെടുത്തി പാഠ്യ സമ്പ്രദായം പരിഷ്കരിക്കണം.

6. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ തേടിയുള്ള വിദ്യാർത്ഥികളുടെ പോക്ക് അവസാനിപ്പിക്കാൻ ഇംഗ്ലീഷ് പഠന സമ്പ്രദായം പരിഷ്ക്കരിക്കേണ്ടതും ആ വിഷയത്തിൽ കൂടുതൽ അറിവും പരിജ്ഞാനവുമുള്ള അദ്ധ്യാപകരെ താഴെ തട്ടിൽ നിന്നുതന്നെ ഏർപ്പെടുത്തേണ്ട തുമാണ്. കണക്കിനും, മലയാളത്തിനും കൂടി ഇത് തുടരേണ്ടതാണ്.

7. വിദ്യാർത്ഥികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്താൻ ഇടയ്ക്കിടെയുള്ള വൈദ്യ പരിശോധനയും, വ്യക്തി ശുചിത്വത്തിലും, പരിസര ശുചിത്വത്തിലും ഊന്നി ക്കൊണ്ടുള്ള ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കണം. കൂടാതെ ഉച്ചഭക്ഷണ പരിപാടിയിൽ പോഷകമൂല്യ മുള്ള ആഹാരം വിതരണം ചെയ്യണം.

8. അദ്ധ്യാപക - വിദ്യാർത്ഥി ബന്ധം തകരാ തിരക്കാനും കലുഷമായ വിദ്യാലയ അന്തരീക്ഷം ഇല്ലാതാക്കാനും ജനകീയ ഇടപെടലുകൾക്ക് സാധിക്കും. ഒരു കൂട്ടായ്മ വിദ്യാലയ അന്തരീക്ഷത്തിൽ ഉണ്ടാക്കിയെടുക്കാൻ യത്നിക്കണം.

9. അംഗനവാടികളും ബാലവാടികളും വാർഡുകൾ തോറും നിർമ്മിക്കണം. ഉള്ളവയെ വിപുലപ്പെടുത്താനും മെച്ചപ്പെട്ട

സൗകര്യങ്ങൾ ഏർപ്പെടുത്താനും കഴിയണം. കുട്ടികൾക്ക് കളികളിലൂടേയും, പാട്ടുകളിലൂടേയും വ്യക്തിത്വ വികാസത്തിനുളള സാഹചര്യം ഉണ്ടാക്കണം.

10. ചേനം എൽ. പി സ്ക്കൂളിനെ യു.പി. സ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്. അതുപോലെ പള്ളിപ്പുറം, വെങ്ങിണിശ്ശേരി എൽ.പി. സ്ക്കൂളുകളെ യു.പി സ്ക്കൂളുകളാക്കി ഉയർത്തേണ്ടതാണ്. കോടന്നൂർ യു.പി. സ്ക്കൂളിനെ ഹൈസ്ക്കൂളാക്കണം.

11. പഞ്ചായത്തിൽ ഉചിതമായ പ്രദേശങ്ങളിൽ കോളേജുകളും, സാങ്കേതിക സ്ഥാപനങ്ങളും പാരലൽ കോളേജുകളും സ്ഥാപിക്കണം

12. പ്രൈവറ്റ് സ്ക്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്. സി. യെ ഏൽപ്പിക്കണം

13. പ്രാഥമിക വിദ്യാഭ്യാസം മലയാള ഭാഷയിലൂടെ ആയിരിക്കണം.

14. അമ്മാടം ഹൈസ്ക്കൂളിൽ കൃഷി ഐഛിക വിഷയമായി ഹയർസെക്കൻററി ക്ലാസ്സ് ആരംഭിക്കണം.

### അക്കാദമിക് നിലവാരം

കുട്ടികളുടെ പൊതുനിലവാരം

| ക്ലാസ്സ് | ആകെ കുട്ടികൾ | 30%താഴെ | 30-40% നേടുന്നവർ | 40-50% നേടുന്നവർ | 50-60% | 60%ത്തിൽ നേടുന്നവർ |
|---|---|---|---|---|---|---|
| 3 | 350 | 59 | 77 | 57 | 56 | 101 |
| 4 | 313 | 42 | 62 | 51 | 55 | 103 |
| 5 | 308 | 45 | 65 | 140 | 40 | 18 |
| 6 | 358 | 35 | 75 | 110 | 95 | 43 |
| 7 | 362 | 35 | 95 | 100 | 92 | 40 |
| 8 | 317 | 20 | 87 | 120 | 60 | 30 |
| 9 | 272 | 37 | 35 | 140 | 35 | 25 |
| 10. | 240 | 30 | 40 | 120 | 30 | 20 |

### സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| സ്കൂളിൻെറ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രാൽറ് | മുസ്ളീംപെൺ കുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് |
|---|---|---|---|---|
| 1. സെൻറ്ആൻറണീസ് യു.പി. സ്ക്കൂൾ കോടന്നൂർ | 2 | 115 | 1 | |
| 2. എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം- | - | 23 | | |
| 3. എ.എൽ.പി. സ്ക്കൂൾ, ചേനം | - | 8 | | |
| 4. എം.എൽ.പി സ്ക്കൂൾ, പാറളം | - | 20 | | |
| 5. ഗവ. എൽ.പി. സ്ക്കൂൾ, അമ്മാടം | 1 | 2 | | |
| 6. സി. എ.എൽ.പി. സ്ക്കൂൾ, വെങ്ങിണിശ്ശേരി | - | 55 | | |
| 7. സെൻറ് ആൻറണീസ് എച്ച്.എസ്. , അമ്മാടം | - | 250 | 7 | 2 |
| ആകെ | 3 | 503 | 8 | 2 |

## സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അധ്യാപകരുടെ എണ്ണം ആകെ പോസ്റ്റ് | നിലവിലുള്ളത് | ഒഴിവുള്ളത് | കാമ്പസിൻെറ വിസ്തീർണ്ണം | കളിസ്ഥല വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|
| സെൻറ്ആൻറണീസ് യു.പി. സ്ക്കൂൾ, കോടന്നൂർ | 323 | 286 | 609 | 18 | 17 | 1 | 350സെൻെറ | 80സെൻറ് |
| എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം | 62 | 59 | 121 | 4 | 4 | - | 50 - | |
| എ.എൽ.പി. സ്ക്കൂൾ, ചേനം | 63 | 58 | 121 | 5 | 5 | - | 24- | 10 - |
| ഗവ. എൽ.പി. സ്ക്കൂൾ അമ്മാടം | 159 | 145 | 304 | 9 | 9 | | 80 - | 20 - |
| എം. എൽ. പി സ്കൂൾ പാറളം | 58 | 59 | 117 | 4 | 4 | | 52 - | 30 - |
| സി. എ. എൽ പി സ് ക്കൂൾ വെങ്ങിണിശ്ശേരി | 144 | 161 | 305 | 8 | 8 | | 31.5 - | - |
| സെൻറ് ആൻെറണീസ് ഹൈസ് ക്കുൾ അമ്മാടം . | 717 | 878 | 1595 | 53 | 53 | | 400 - | 200 - |
| ആകെ | 1526 | 1646 | 3172 | 101 | 100 | 1 | 987.5 - | 340 - |

എൽ. പി. എസ് .. 5
യു.പി. .. 1
ഏച്ച് . എസ് .. 1

റിമാർക്സ് ..

എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം,എ.എൽ.പി. സ്ക്കൂൾ, ചേനം, എം. എൽ. പി സ്കൂൾ പാറളം, എന്നിവയ് ക്ക് ചുറ്റുമതിൽ ആവശ്യമാണ് .
ഗവ. എൽ.പി. സ് ക്കൂൾ അമ്മാടം,സെൻറ് ആൻെറണീസ് ഹൈസ് ക്കുൾ അമ്മാടം എന്നിവയ് ക്ക് ഫർണീച്ച ർ ആവശ്യമാണ് .

## വിദ്യാഭ്യാസം – ചെലവു സംബന്ധിച്ച വിവരങ്ങൾ (അവസാന സാമ്പത്തിക വർഷത്തെ)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B. | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടം അറ്റകുറ്റ പണികൾക്ക് | ഉപകരണങ്ങൾ, ഫർണിച്ചർ, അലമാരകൾ | [illegible] | സ്പോർട്സ് | കലാപരിപാടികൾക്ക് | ലൈബ്രറിക്ക് | ഉച്ചഭക്ഷണത്തിന് | മീറ്റിങ്ങുകൾക്ക് | സർക്കാർ | അദ്ധ്യാപക രക്ഷാകർതൃ | ആകെ | [illegible] | [illegible] | പിരിവ് | [illegible] | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| സെന്റ് ആന്റണീസ് U.P.S. | 1950 | 1980 | 1350 | 1400 | 1200 | 1200 | 10000 | – | 860760 | 1600 | 862360 | 1250 | – | 5000 | – | 86800 |
| A.L.P. സ്കൂൾ ചേനം. | 3245 | 150 | – | – | – | – | 2274 | – | 931 | 500 | – | – | – | 381 | 100 | 1912 |
| ഗവ: L.P.S അമ്മാടം. | – | – | – | – | – | – | 4713 | – | 1855 | 1100 | 2955 | – | – | 2525 | 850 | 3375 |
| M.L.P.S. പാറളം. | – | – | – | – | – | – | 6000 | 2000 | 1400 | 600 | 2000 | – | – | – | – | – |
| സെന്റ് ആന്റണീസ് H.S. അമ്മാടം | 60000 | 30000 | – | 5000 | 3000 | 4000 | 14000 | 7500 | 12000 | 1200 | 13200 | 15300 | – | 12350 | – | 40850 |
| C.A.L.P. സ്കൂൾ വെങ്ങിണിശ്ശേരി. | 7500 | 450 | 600 | 150 | 700 | – | 5000 | 600 | 2524 | 1250 | 3774 | – | – | 3500 | – | 7274 |
| ALP സ്കൂൾ ചുള്ളിപ്പറമ്പ്. | | | | | | | | | | | | | | | | |

പാറളം പഞ്ചായത്ത് - സ്കൂൾ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ
ആകെ എല്ലാ സ്കൂളുകൾ.

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | മൊത്തം എണ്ണം |
| I | 152 | 160 | 312 | 25 | 27 | 52 | – | – | – | – | – | – | – | – | – | – | – | – | – |
| II | 173 | 166 | 339 | 33 | 31 | 64 | 4 | 5 | 9 | 7 | 8 | 15 | – | – | – | – | – | – | – |
| III | 179 | 170 | 349 | 38 | 28 | 66 | 7 | 4 | 11 | 14 | 15 | 19 | 1 | – | 1 | – | – | – | 1 |
| IV | 167 | 146 | 313 | 30 | 18 | 48 | 10 | 2 | 12 | 16 | 2 | 18 | – | – | – | – | – | – | – |
| V | 164 | 644 | 308 | 21 | 36 | 57 | 6 | 10 | 16 | 18 | 11 | 29 | 1 | 2 | 3 | 3 | 2 | 5 | 8. |
| VI | 165 | 193 | 358 | 31 | 33 | 64 | 9 | 11 | 20 | 25 | 22 | 47 | – | – | – | 2 | 7 | 9 | 9 |
| VII | 173 | 191 | 364 | 34 | 41 | 75 | 8 | 9 | 17 | 14 | 17 | 31 | 4 | 1 | 5 | 1 | – | 1 | 6 |
| VIII | 153 | 164 | 317 | 25 | 34 | 59 | 10 | 10 | 20 | 17 | 18 | 35 | 2 | 1 | 3 | – | – | – | 3. |
| IX | 159 | 153 | 272 | 21 | 29 | 50 | 7 | 10 | 17 | 10 | 14 | 24 | – | – | – | – | – | – | – |
| X | 81 | 159 | 240 | 7 | 26 | 33 | | | | | | | | | | | | | |
| ആകെ. | 1526 | 1646 | 3172 | 265 | 303 | 568 | 61 | 61 | 122 | 121 | 97 | 218 | 8 | 4 | 12 | 6 | 9 | 15 | 27. |

സ് കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം. പട്ടിക 1.

| സ്കൂളിൻെറ പേര് | ആകെ ഡിവിഷൻ. | കെട്ടിടങ്ങളുടെഎണ്ണം | മുറികളുടെഎണ്ണം | ഇനിആവശ്യമുള്ളമുറികൾ | മുറികൾക്ക് ആവശ്യമുള്ള ഭൂമി | മൂത്രപ്പുരകളുടെഎണ്ണം |
|---|---|---|---|---|---|---|
| സെൻറ്ആൻറണീസ് യു.പി. സ്ക്കൂൾ, കോടന്നൂർ | 16 | 5 | 20 | - | - | 2 |
| എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം | 4 | 1 | 2 | 1 | ഉണ്ട് | 1 |
| എ.എൽ.പി. സ്ക്കൂൾ, ചേനം | 4 | 3 | 6 | 1 | ഉണ്ട് | 1 |
| ഗവ. എൽ.പി. സ്ക്കൂൾ അമ്മാടം | 8 | 8 | 12 | 1 | ഉണ്ട് | 2 |
| എം. എൽ. പി സ്കൂൾ പാറളം | 4 | 1 | 13 | | ഉണ്ട് | 1 |
| സി. എ. എൽ പി സ് ക്കൂൾ വെങ്ങിണിശ്ശേരി | 8 | 1 | 8 | | ഉണ്ട് | 2 |
| സെൻറ് ആൻെറണീസ് ഹൈ സ് ക്കുൾ അമ്മാടം . | 37 | 8 | 37 | | ഇല്ല | 4 |

സ് കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം. പട്ടിക 2.

| സ്കുളിൻെറ പേര് | മൂത്രപ്പുര ഒരേസമയംഎത്രകുട്ടികൾക്ക്ഉപയോഗിക്കാം | ഇനിആവശ്യമുള്ളതിൻെറ എണ്ണം | നിലവിലുള്ള കക്കൂസിൻെറ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|
| സെൻറ്ആൻറണീസ് യു.പി. സ്ക്കൂൾ, കോടന്നൂർ | 60 | 2 | 1 | |
| എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം | 1 | 1 | 1 | |
| എ.എൽ.പി. സ്ക്കൂൾ, ചേനം | 10 | 1 | - | |
| ഗവ. എൽ.പി. സ്ക്കൂൾ അമ്മാടം | 20 | - | 3 | 3 |
| എം. എൽ. പി സ്കൂൾ പാറളം | 10 | - | 1 | |
| സി. എ. എൽ പി സ് ക്കൂൾ വെങ്ങിണിശ്ശേരി | 30 | - | 1 | |
| സെൻറ് ആൻെറണീസ് ഹൈ സ്ക്കുൾ അമ്മാടം . | 200 | 3 | 4 | 4 |

**സ് കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം. പട്ടിക 3.**

| സ്കൂളിൻെറ പേര് | കുടിവെള്ള സംവിധാനം ഉണ്ട്-ഇല്ല | വൈദ്യുതീകരണം ഉണ്ട്-ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ളഫർണീച്ചർമതിയാവുമോ | ഡസ്ക് | ബഞ്ച് | മേശ | ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|
| സെൻറ്ആൻറണീസ് യു.പി. സ്ക്കൂൾ, കോടന്നൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | - | അലമാര |
| എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം | ഉണ്ട് | ഉണ്ട് | - | - | - | 12 | - | 1 | അലമാര |
| എ.എൽ.പി. സ്ക്കൂൾ, ചേനം | ഉണ്ട് | - | ഉണ്ട് | - | - | 8 | 6 | - | അലമാര |
| ഗവ. എൽ.പി. സ്ക്കൂൾ അമ്മാടം | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | 25 | - | - | അലമാര |
| എം. എൽ. പി സ്കൂൾ പാറളം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | - | |
| സി. എ. എൽ പി സ്ക്കൂൾ വെങ്ങിണിശ്ശേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | - | |
| സെൻറ് ആൻെറണീസ് ഹൈ സ്ക്കൂൾ അമ്മാടം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | 60 | 60 | 25 | |

**അക്കാദമിക് സൗകര്യങ്ങൾ**

| സ്കൂളിൻെറ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ | ബ്ളാക്ക്ബോർഡ് ആവശ്യമുള്ളത് | ബ്ളാക്ക്ബോർഡ് നിലവിലുള്ളത് | അദ്ധ്യയനദിനം |
|---|---|---|---|---|---|---|
| സെൻറ്ആൻറണീസ് യു.പി. സ്ക്കൂൾ, കോടന്നൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | - | 16 | 193 |
| എ.എൽ.പി സ്ക്കൂൾ, പള്ളിപ്പുറം | ഉണ്ട് | ഉണ്ട് | - | - | 4 | 194 |
| എ.എൽ.പി. സ്ക്കൂൾ, ചേനം | - | ഉണ്ട് | ഉണ്ട് | - | 5 | 194 |
| ഗവ. എൽ.പി. സ്ക്കൂൾ അമ്മാടം | ഉണ്ട് | ഉണ്ട് | - | 9 | 8 | 194 |
| എം. എൽ. പി സ്കൂൾ പാറളം | ഉണ്ട് | - | ഉണ്ട് | 4 | 4 | 193 |
| സി. എ. എൽ പി സ് ക്കൂൾ വെങ്ങിണിശ്ശേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | - | 8 | 194 |
| സെൻറ് ആൻെറണീസ് ഹൈ സ്ക്കൂൾ അമ്മാടം . | ഉണ്ട് | - | ഉണ്ട് | - | 37 | 200 |

## അക്കാദമിക് സൗകര്യങ്ങൾ

**ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ**

**അമ്മാടം എച്ച് .എസ് -ൽ സിനിമാ പ്രോജക്ടർ,സ്ലയിഡ് പ്രോജക്ടർ റേഡിയോ, എന്നിവ ഉണ്ട്.**
**പള്ളിപ്പുറം, ചേനം, അമ്മാടം,പാറളം എന്നീ എൽ.പി. സ്കൂളുകളിൽ റേഡിയോയും ടേപ്പ് റിക്കോർഡറും ഉണ്ട്.**
**ചേനം എൽ.പി. സ്കൂളൊഴികെ എല്ലാ സ്കൂളുകളിലും പി.ടി.എ ഉണ്ട് .**

# 12.പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ മുഖ്യമാണ് പാർപ്പിടം. വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് ഭൂരിഭാഗം. ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതൽ. പഞ്ചായത്തിലെ 5776 വീടുകളിൽ 1026 എണ്ണം ടെറസ്സ് കെട്ടിടങ്ങളും 3104 എണ്ണം ഓടു മേഞ്ഞ ഇടത്തരം വീടുകളും 1646 എണ്ണം ഓല മേഞ്ഞവയുമാണ്. ലക്ഷക്കണക്കിന് മുതൽ മടക്കി പണിതീർത്തിരിക്കുന്ന വലിയ സൗധങ്ങളും അപൂർവ്വമായി പഞ്ചായത്തിൽ കാണാൻ കഴിയും. ഗൾഫ് പണം പഞ്ചായത്തിലെ ഭവനനിർമ്മാണ രംഗത്തെ സ്വാധീനിച്ചതായി കാണാൻ കഴിയുന്നുണ്ട്. അതുപേലെ തന്നെ ആഭരണ നിർമ്മാണ രംഗത്ത് ഈ പഞ്ചായത്തിലെ നിരവധി ചെറുപ്പക്കാർക്ക് തൊഴിൽ സാധ്യത കണ്ടെത്താൻ കഴിഞ്ഞതും ഭവനനിർമ്മാണരംഗത്തെ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ സാധാരണക്കാരെ സംബന്ധിച്ച് ഭവനനിർമ്മാണം ഇന്നും ഒരു പൂവണിയാത്ത സ്വപ്നം! ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം വീട് ആവശ്യമുള്ള ദരിദ്ര കുടുംബങ്ങളുടെ എണ്ണം 290 ആകുന്നു. സർക്കാരിന്റെ വിവിധ പദ്ധതികളിലായി 68 പേർക്ക് വീടുകൾ അനുവദിച്ചു. 32 വീടുകൾ പണി പൂർത്തിയാക്കി. 36 വീടുകൾ പൂർത്തിയാക്കാനുണ്ട്. ബാക്കിയുള്ള 222 വീടുകൾക്ക് പദ്ധതിയായിട്ടില്ല.

ഭവനങ്ങളുടെ സ്വഭാവം




| | |
|---|---|
| ആകെ കുടുംബങ്ങൾ | - 5776 |
| ടെറസ്സ് | - 1026 |
| ഓട് | - 3104 |
| ഓല | - 1646 |

പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്
2. കെട്ടിട നിർമ്മാണ പ്രവർത്തന മേഖലയിൽ വർദ്ധിച്ച് വരുന്ന കൂലി നിരക്ക്.
3. ഭവന നിർമ്മാണ വായ്പാ സൗകര്യങ്ങൾ ഇല്ല.
4. ദുർബ്ബല ജനവിഭാഗങ്ങൾക്കുള്ള സാമ്പത്തിക പരിമിതി
5. ദുർബ്ബല ജനവിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമി ഇല്ലാത്ത അവസ്ഥ

സാധ്യതകൾ, പരിഹാരങ്ങൾ

1. പഞ്ചായത്ത് നിലവാരത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രജിസ്റ്റർ ചെയ്യുക. ഭവന നിർമ്മാതാക്കൾക്ക് ഈ

സംഘം വഴി കുറഞ്ഞ വിലക്ക് വീട് പണിയുന്നതിനുള്ള കമ്പി, സിമൻറ്, മെററൽ,മണൽ, ജല്ലി, കരിങ്കല്ല്, കട്ട, മരം ഏന്നിങ്ങനെയുള്ള എല്ലാ സാമഗ്രികളും വിതരണം ചെയ്യുന്നതിന് കഴിയണം. വീടു പണിക്ക് മേലന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർ തൊട്ട് (എഞ്ചിനിയർ സൂപ്പർസൈർ) ഹെൽപ്പർമാർ വരെയുള്ള വരെ സംഘത്തിലൂടെ നിയോഗിക്കണം. സംഘം വഴി ആയിരിക്കണം സർക്കാരിൻെറ ഭവന നിർമ്മാണ സഹായ പദ്ധതികളെല്ലാം നടപ്പിലാക്കേണ്ടത്. സംഘത്തിന് കെട്ടിട നിർമ്മാണ സാമഗ്രികൾ സിവിൽ സപ്ലൈസ് മുഖേന കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

2. കെട്ടിട നർമ്മാണത്തൊഴിലാളികളുടെ കൂലി നിരക്കുകൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കുക.

3. ഭവന നിർമ്മാണത്തിനായുളള വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഗ്രാമത്തെ ദത്തെടുത്തിട്ടുള്ള വിവിധ വാണിജ്യ ബാങ്കുകൾ അതാതു പ്രദേശങ്ങളിൽനിന്ന് സമാഹരിക്കുന്ന ഡെപ്പോസിറ്റുകളുടെ 25% എങ്കിലും ഭവന വായ്പയായി നൽകുന്നതിന് നടപടിയുണ്ടാകണം. ഹൗസിങ്ങ് ബോർഡ് മററു സർക്കാർ ഏജൻസികൾ തുടങ്ങിയവയിൽ നിന്നു വായ് പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കണം. വായ്പാപേക്ഷകൾ ഗ്രാമ പഞ്ചായത്ത് വഴി വിതരണം ചെയ്യുകയും സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നൽകുകയും വേണം.

4. ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു ഭവന സഹായ നിധി രൂപികരിക്കണം. ഈ സഹായനിധിയിലേക്ക് സർക്കാർ സഹായം, സന്നദ്ധ സംഘടനകളുടെ സഹായം, മററു പ്രാദേശിക സഹായം എന്നിവ ഉപയോഗപ്പെടുത്തി വിഭവ സമാഹരണം നടത്തുകയും പഞ്ചായത്ത് ഭരണ സമിതി നിശ്ചയിക്കുന്ന മുൻഗണനാ ക്രമത്തിൽ വിതരണം നടത്തുകയും വേണം. (വിധവകൾ, വികലാംഗർ, നിത്യരോഗികൾ എന്നിവർക്കായിരിക്കണം മുൻഗണന)

5. ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിന് (4സെൻെററ്) സർക്കാർ ഇപ്പോൾ നൽകിവരുന്ന തുക സെൻററിന് 3000 രൂപയാണ്. ഈ വിലയ്ക്ക് ഈ പഞ്ചായത്തിൽ ഭൂമി ലഭ്യമല്ല. അത് കൊണ്ട് ഈ സംഖ്യ സെൻററിന് 10000 രൂപയെങ്കിലും ആക്കി ഉയർത്തണം.

6. സർക്കാർ ഏജൻസികൾ മുഖേന നൽകുന്ന ഭവന നിർമ്മാണ വായ്പകളുടെ വിവരങ്ങൾ പൂർണ്ണ മായും പഞ്ചായത്തിൽ അറിഞ്ഞിരിക്കണം ആ വായ്പ കൊടുക്കുന്ന ഏജൻസി വിവരം പഞ്ചായത്തിനെ അറിയിക്കണം. സർക്കാർ ഏജൻസികൾ മുഖേന വായ്പയെടുക്കുന്നതിന് ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കണം. ശരിയായ വിധത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വ്യക്തികൾക്ക് അപേക്ഷ സ്വീകരിച്ചു 2 മാസത്തിനകമെങ്കിലും വായ്പാ വിതരണം ആരംഭിക്കണം.

7. ഭവന നിർമ്മാണത്തിനായി വിവിധ വായ്പാ ഏജൻസികൾ ഇന്ന് സ്വീകരിച്ചിട്ടുള്ള വ്യത്യസ്ത പലിശാസമ്പ്രദായങ്ങൾ സർക്കാർ തലത്തിൽ നിയന്ത്രിച്ച് പലിശനിരക്ക് ഏകോപിപ്പിക്കണം. അടച്ച് തീർത്ത സംഖ്യയ്ക്ക് കൂടി പലിശ വസൂലാക്കുന്ന ഫ്ലാറ്റ് സമ്പ്രദായം ഒഴിവാക്കി മേലാൽ അടച്ച് തീരാനുള്ള സംഖ്യക്ക് മാത്രം പലിശ കണക്കാക്കുന്ന സമ്പ്രദായം (ഡിമിനിഷിങ്ങ് മെത്തേഡ് ) എല്ലാ ഭവന നിർമ്മാണ വായ്പകൾക്കും നിയമം മൂലം ബാധകമാക്കണം. ഭവന നിർമ്മാണ വായ്പകൾക്കുള്ള പലിശ നിരക്ക് 12% ആക്കി നിജപ്പെടുത്തണം .

ഇതിൽ കൂടുതലായി നൽകേണ്ടിവരുന്ന പലിശ സബ്സീഡിയായി വായ്പക്കാർക്ക് കൊടുക്കണം. ദുർബ്ബല വിഭാഗങ്ങൾക്കുള്ള വായ്പാനിരക്ക് 6% ആക്കി കുറയ്ക്കണം. ചെലവ് കുറഞ്ഞ ഭവനനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുന്നതിനു, നൽകുന്ന വായ്പാത്തുക 2 ലക്ഷം എന്ന് നിജപ്പെടുത്തുകയും ഓരോ ഏജൻസിക്കും വിതരണം ചെയ്യാൻ കഴിയുന്ന മൊത്തം വായ്പാത്തുകകൾ പരമാവധി വായ്പക്കാർക്ക് പ്രയോജനപ്പെടും വിധം വിതരണ ചെയ്യേണ്ടതുമാണ്.

**ഭവന നിർമ്മാണം – IRDP സർവ്വേ**

**ഭവന നിർമ്മാണം – IRDP സർവ്വേ**




| | | |
|---|---|---|
| വീട് ആവശ്യമുള്ളവർ | - | 290 |
| അനുവദിച്ച വീടുകൾ | - | 68 |
| വീട് ലഭിക്കേണ്ടവർ | - | 222 |

**ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം – IRDP സർവ്വേ പ്രകാരം**

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടികളിലായിഅനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാനുള്ള വീടുകൾ | അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| 1 | 40 | 9 | 7 | 2 | 31 |
| 2 | 20 | - | - | - | 20 |
| 3 | 30 | 8 | 3 | 5 | 22 |
| 4 | 20 | 6 | 2 | 4 | 14 |
| 5 | 30 | 5 | 2 | 3 | 25 |
| 6 | 25 | 7 | 3 | 4 | 18 |
| 7 | 20 | 3 | 1 | 2 | 17 |
| 8 | 25 | 3 | 1 | 2 | 22 |
| 9 | 20 | 5 | 3 | 2 | 15 |
| 10 | 60 | 22 | 10 | 12 | 38 |
| ആകെ | 290 | 68 | 32 | 36 | 222 |

8. ദുർബ്ബല വിഭാഗങ്ങൾക്ക് ഇപ്പോൾ സർക്കാർ നൽകിവരുന്നഭവനനിർമ്മാണ വായ്പാ പദ്ധതികൾ മൂലം ലഭിക്കുന്ന തുകകൾകൊണ്ട് വീടുപണി പൂർത്തി യാക്കുവാൻ തികയുന്നില്ല . O.D. വായ്പാതുകകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. സ്വന്തം അദ്ധ്വാനവും സ്വന്തം നിലക്ക് സ്വരൂപി ക്കുന്ന സംഖ്യയും കൂട്ടിച്ചേർത്താലും വീടു പണി പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. വായ്പ ലഭിച്ച വ്യക്തി കൾക്ക് വീട്പണി പൂർത്തിയാക്കാൻ സാധിക്കാതെ വരുന്ന അവസ്ഥക്ക് പരിഹാരം ഉണ്ടാക്കണം.

9. വൻ തുകകൾ ഉപയോഗിച്ച് മണിമാളിക കൾ നിർമ്മിക്കുന്നവരിൽ നിന്ന് ഒരു നിശ്ചിത സംഖ്യ ഈടാക്കി ദുർബ്ബല ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് ഉപയോഗപ്പെടുത്തണം.

# 13.സാമൂഹ്യക്ഷേമം

ആസൂത്രണത്തിൻെറ പ്രധാന വെല്ലുവിളികളാണ് തൊഴിലില്ലായ്മയും ദാരിദ്ര്യവും. വർദ്ധിച്ച തോതിലുള്ള തൊഴിലില്ലായ്മയും ശേഷിക്കൊത്ത് തൊഴിലിൻെറ ദൗർലഭ്യവും ഒരു വലിയ വിഭാഗം ജനതയെ ദാരിദ്രത്തിലേക്ക് നയിക്കുന്നു. പാവപ്പെട്ട വർക്കുമാത്രം പ്രയോജനം കിട്ടുന്ന സാമൂഹ്യ ആസ്തികളാണ് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കളിലൂടെ നിർമ്മിക്കേണ്ടത്. പക്ഷേ തൊഴിൽ പദ്ധതികളിൽ ഏറ്റെടുത്തു നടപ്പിലാക്കുന്ന മിക്ക പരിപാടികളുടേയും ഗുണഫലം സമൂഹത്തിലെ മധ്യവർഗ്ഗത്തിനോ, മേലേക്കിടയിലുള്ളവർക്കോ ആണ് കിട്ടുന്നത്. ഇവിടെ വികസനത്തെപ്പറ്റി ഒരു പുതിയ ഉൾക്കാഴ്ച നമുക്ക് ഉണ്ടാകേണ്ടതുണ്ട്.

ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്ന പണ്ടുകാലത്ത് ദാരിദ്ര്യം സാർവ്വത്രികമായിരുന്നു. പുലർകാലെ തുടങ്ങി പാതിരാവരെ പണി യെടുത്താലും പഞ്ഞം പടിയിറങ്ങാത്ത കാലം. പട്ടിണി കിടന്ന് പൊരിയുമ്പോൾ പതിര് വറുത്ത് പൊടിച്ച് തവിടാക്കിയും ഉമ്മലക്കിഴങ്ങ്, കാട്ടു കിഴങ്ങുകൾ പനനൂറ്, കൊള്ളിത്തൊലി, പട്ട്ള് അരി, പുല്ലുകഞ്ഞി എന്നിവ പാകം ചെയ്ത് ഭക്ഷിച്ച് വിശപ്പടക്കുക പതിവായിരുന്നു. ഭൂപരിഷ്കരണം നടപ്പായതോടെ 10 സെൻറു കുടികിടപ്പവകാശം ലഭിച്ചുവെങ്കിലും അത് കൊണ്ടൊന്നും ദരിദ്രൻെറ കഷ്ടപാട് തീർന്നില്ല. ലഭിച്ച 10 സെൻറുകൾ അടുത്ത തലമുറകൾക്ക് 4 സെൻറും 2 സെൻറുമായി ചുരുങ്ങുകയായി രുന്നു. ദരിദ്രൻ വീണ്ടും വീണ്ടും ദരിദ്രനാവുകയായിരുന്നു. ദാരിദ്ര്യനിർമ്മാർജ്ജന ത്തിനുവേണ്ടി കേന്ദ്രസംസ്ഥാന ഗവൺമെൻറു കൾ കാലാകാലങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും ദാരിദ്ര്യം തുടച്ച് മാററാൻ നമുക്ക് സാധിച്ചിട്ടില്ല എന്നത് നിസ്തർക്കമാണ്.

**ജനസംഖ്യ --- 91 - ലെ കാനേഷുമാരി**

പട്ടികജാതിക്കാർ - 14.5 %



മറ്റുള്ളവർ - 85.5 %

മൊത്തം ജനസംഖ്യ ---- 20191
പട്ടികജാതിക്കാർ ---- 2939

പാറളം പഞ്ചായത്തിലെ ജനസംഖ്യ 1991ലെ കാനേഷ്മാരി കണക്കനുസരിച്ച് 20191 ആണ്. (ഇപ്പോൾ ജനസംഖ്യ ഏകദേശം 25000 ത്തിന് അടുത്ത് വരും) പുരുഷന്മാരേക്കാൾ എണ്ണത്തിൽ സ്ത്രീകൾ അല്പം കൂടുതലാണ്. വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ സ്ത്രീകളും പുരുഷൻമാരും ഒപ്പത്തിനൊപ്പമാണ്. എന്നാൽ

തൊഴിൽ രംഗം അങ്ങനെയല്ല. സ്ത്രീകൾ പിറകിലാണ്. സർക്കാരിൻെറ വിവിധ സാമൂഹ്യ ക്ഷേമപദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്നുണ്ട്. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 1536 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നുണ്ടോ എന്നും അനർഹർ പട്ടികയിൽ ഉൾപ്പെടുന്നുണ്ടോ എന്നും പരിശോധന വിഷയമാക്കേണ്ടതാണ്. നിരവധി പരാതികളാണ് അവശ ജനവിഭാഗങ്ങൾക്ക് പറയാനുള്ളത്. ഗ്രാമ സഭകളിലൂടെ കണ്ണോടിച്ച് നോക്കാം.

R. A. P. സർവ്വേ – ഗ്രാമീണ കൈത്തൊഴിൽ സഹായ പദ്ധതി .




| | | |
|---|---|---|
| ആകെ കൈത്തൊഴിലുകാരുടെ എണ്ണം | – | 281 |
| സഹായം ലഭിച്ചവർ | - | 37 |
| ഇനി സഹായം ലഭിക്കേണ്ടവർ | - | 244 |

**പ്രശ്നങ്ങൾ**

1. ദരിദ്ര വിഭാഗങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ പെൻഷനുകൾ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല. പലപ്പോഴും അനർഹർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയും അർഹതപ്പെട്ടവർ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.
2. വാർദ്ധക്യകാലത്ത് അനുഭവപ്പെടുന്ന അനാഥത്വം.
3. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ എന്നിവരുടെ പാരാധീനതകൾ തീർക്കുന്നില്ല.
4. സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ടം കൂടി വരുന്നു.
5. ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അജ്ഞത ഗ്രാമീണർക്കുണ്ട്.

. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മക്കും പരിഹാരം കാണുന്നതിനായി കേന്ദ്ര - കേരള സർക്കാറുകൾ നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവയെല്ലാം പൂർണ്ണമായും വിജയപ്രദമാകുന്നുണ്ടെന്ന് പറഞ്ഞ്കൂടാ. എന്നാൽ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ തന്നെ അർഹരായവർക്ക് കിട്ടണമെന്നകാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതുപോലെ തന്നെ നൽകുന്ന ആനുകൂല്യങ്ങൾ / പെൻഷനുകൾ മുതലായവ യഥാസമയങ്ങളിൽ തന്നെ കൊടുത്ത് തീർക്കണം. പഞ്ചായത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന വിവിധ സാമൂഹ്യ പദ്ധതികൾ മാസാമാസങ്ങളിൽ അവലോകനം നടത്തണം. ഇതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ജനകീയ കമ്മറ്റി ഉണ്ടാക്കണം. വിവിധ ക്ഷേമപദ്ധതികൾക്ക് വേണ്ടി തെരഞ്ഞെടുത്ത വ്യക്തികളുടെ /കുടുംബങ്ങളുടെ പേരു വിവരം

ഗ്രാമസഭകളിൽ പ്രഖ്യാപിക്കണം. അർഹതപ്പെട്ട അംഗങ്ങളെ തെരഞ്ഞെടുക്കുന്ന സമയങ്ങളിൽ ഗ്രാമസഭകളുടെ അഭിപ്രായംകൂടി കണക്കിലെടുക്കണം. അതുപോലെ തന്നെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഉപഭോക്താവ് വേണ്ടവിധം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന കാര്യവും അവലോകനത്തിൽ ഉൾപ്പെടുത്തണം.

**IRDP സർവ്വേ —**




ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ

ആകെ —1546

ഇതിൽ പട്ടികജാതിക്കാർ — 198

**സഹായം ലഭിച്ചവർ**

ആകെ - 147

ഇതിൽ പട്ടികജാതിക്കാർ- 75




**സഹായം മൂലം ദാരിദ്ര്യരേഖക്ക് മുകളിലായ കുടുംബങ്ങൾ.**

ആകെ --27




വാർദ്ധക്യം ബാധിക്കുന്ന കാലങ്ങളിൽ സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും ഒറ്റപ്പെട്ട് പോകുന്ന ഒരു സ്ഥിതി വിശേഷമുണ്ട്. വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടത് സമൂഹത്തിൻെറ ബാധ്യതയാണ്. വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഒരു മന്ദിരം പഞ്ചായത്ത് തലത്തിലോ / ബ്ലോക്ക് തലത്തിലോ ഉണ്ടാകണം. വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്ന പുതിയ ക്ഷേമ പദ്ധതികൾ ഇനിയും ഉണ്ടാകണം. 60 വയസ്സ് കഴിഞ്ഞ എല്ലാ വൃദ്ധജനങ്ങൾക്കും സൗജന്യ രോഗ ചികിത്സക്ക് വേണ്ട ഒരു പദ്ധതി പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.

വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ എന്നിവർക്ക് വളരെയധികം ക്ലേശങ്ങൾ അനുഭക്കേണ്ടിവരുന്നുണ്ട്. ദരിദ്രരായവരുടെ കുടുംബ സംരക്ഷണം അവരുടെ മക്കളുടെ വിവാഹം, മാറാരോഗങ്ങൾ പിടിപെടുമ്പോഴു ണ്ടാകുന്ന ചികിത്സ മുതലായ കാര്യങ്ങളിൽ അവരെ സാഹായിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ പഞ്ചായത്ത്/ബ്ലോക്ക് തലങ്ങളിൽ ഉണ്ടാകണം. പഞ്ചായത്തിൽ 253 വികലാംഗ രുണ്ടെന്നാണ് കണക്ക്. വികലാംഗർക്ക് വേണ്ടി യുള്ള ഒരു പ്രത്യേക ക്ഷേമപദ്ധതി തന്നെ ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. (253 പേരിൽ ഏകദേശം 50 പേർക്ക് മാത്രമാണ് ഇപ്പോൾ വികലാംഗ പെൻഷൻ ലഭിക്കുന്നത്). വികലാംഗരെ സഹായിക്കാൻ കഴിയുന്ന ഒരു തൊഴിൽ പദ്ധതി പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങണം.

**വികലാംഗർ — സ്ത്രീ - പുരുഷ അനുപാതം**




| | | |
|---|---|---|
| **ആകെ വികലാംഗർ** | - | **239** |
| **പുരുഷന്മാർ** | - | **145** |
| **സ്ത്രീകൾ** | - | **94** |

സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ടം ഈയിടെയായി പഞ്ചായത്തിൽ വർദ്ധിച്ചു വരികയാണ്. രാത്രികാലങ്ങളിലെ ഭവന ഭേദനങ്ങളും അക്രമപ്രവർത്തനങ്ങളും എടുത്തുപറയാതിരിക്കാൻ വയ്യ. ഈ പഞ്ചായത്തിൽ ക്രമസമാധാനപാലകർ കാര്യ മായി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം. ഇതിന് കഴിയാത്തപക്ഷം ഒരു ഔട്ട് പോസ്റ്റെങ്കിലും സ്ഥാപിക്കണം. നൈറ്റ് പെട്രോളിങ്ങ് കാര്യക്ഷമ മാക്കണം. സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെ തിരെയുള്ള ബോധവത്കരണം ശക്തിപ്പെടു ത്തണം. ഇതിനായി പഞ്ചായത്ത്/വാർഡ് തലങ്ങളിൽ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ എന്നിവ നടത്തണം. സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതിന് പഞ്ചായത്ത് തല സംരക്ഷണ സേന രൂപീകരിക്കുകയും വേണം.

**ട്രൈസം - തൊഴിൽ പരിശീലനം**




| | | |
|---|---|---|
| പരിശീലനം ലഭിച്ച വർ | — | 43 |
| സ്വയംതൊഴിൽ കണ്ടെത്തിയവർ | — | 2 |
| മറ്റു തൊഴിലുകളിൽഏർപ്പെ ട്ടവർ | – | 39 |
| ശേഷിക്കുന്നവർ | – | 2 |

## ട്രൈസം – തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | മറ്റുതൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | Welding | 5 | 1 | 4 | |
| 2 | weaving | 5 | - | 5 | |
| 3 | radio repairs | 15 | 1 | 14 | |
| 4 | sheet metal | 4 | - | 4 | |
| 5 | motor repairs | - | - | - | |
| 6 | autodrivers | 4 | - | 4 | |
| 7 | etc. | - | - | - | |
| 8 | | - | - | 1 | |
| 9 | | 2 | - | 2 | |
| 10 | | 7 | - | 5 | 2 |
| | total | 43 | 2 | 39 | 2 |

## J R Y പണി സംബന്ധിച്ച വിവരങ്ങൾ ( REF. JRY ACTION PLAN ) 95-96

| പണിയുടെ പേര് | ജനറൽ സെക്ടർ തുക രൂ. | SC/ST വിഭാഗം തുക രൂ. | ആകെ തുക രൂ. |
|---|---|---|---|
| 1. ഹരിജനങ്ങൾക്ക് വീട് | – | 126400 | 126400 |
| 2. P.H. സെൻറർ കെട്ടിടം വൈദ്യുതീകരണം | 40000 | – | 40000 |
| 3. സമ്പൂർണ്ണശുചിത്വപരിപാടി | – | 24000 | 24000 |
| 4. ചാക്യാർകടവ് റോഡ് പുനരുദ്ധാരണപണി | 50000 | – | 50000 |
| 5. മഹാത്മാ റോഡ് ടാറിംഗ് | 67600 | – | 67600 |
| 6. ശാസ്താംകടവ് റോഡ് റിപ്പയർ | 25000 | – | 25000 |
| 7. ചോരാംകുളം റോഡ് ടാറിംഗ് | 150000 | – | 150000 |
| 8. പാരീസ്നഗർ റോഡ് ടാറിംഗ് | 46400 | – | 46400 |
| ആകെ | 379000 | 150400 | 529400 |

സർക്കാർ / മറ്റു ഏജൻസികൾ നടത്തുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്. സർക്കാർ / മറ്റു ഏജൻസികൾ നടത്തുന്ന എല്ലാ ക്ഷേമ പദ്ധതികളെക്കുറിച്ചും പഞ്ചായത്ത് വാർഡ് തലങ്ങളിൽ യുവജനങ്ങൾ, വനിതകൾ, ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കൾ എന്നിവർക്ക് തരംതിരിച്ച് വിവിധ ഡിപ്പാർട്ട്മെൻറ് നടപ്പിലാക്കുന്ന ഏല്ലാവിധ ക്ഷേമപദ്ധതികളെക്കുറിച്ചും ക്ളാസ്സുകൾ നടത്തണം.

ക്ഷേമപദ്ധതികളെക്കുറിച്ച് പരിശീലനം നേടിയ ഒരു ടീം പഞ്ചാത്ത് തലത്തിൽ ഉണ്ടാക്കുകയും അവർ വാർഡ് തലങ്ങളിൽ ക്ലാസ്സെടുക്കുകയും വേണം. ക്ഷേമ പദ്ധതികൾ സംബന്ധിച്ച് പബ്ലിക്ക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന ലീഫ്ലെററുകൾ ഗ്രാമസഭകളിൽ വിതരണം നടത്തണം. പഞ്ചായത്ത് തലത്തിൽ വിവിധ വികസന മേഖലകളിൽ നടപ്പിലാക്കുന്ന തൊഴിൽദായക പദ്ധതികളിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം.

**J R Y പദ്ധതികൾ 95-96 -ൽ ഏറ്റെടുത്തത്**




സംഖ്യ ആകെ — 529400
ജനറൽ — 379000
SC/ST — 150400

**DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം**

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ചവർഷം | പ്രവർത്തിക്കുന്നഅംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| III | Rice products അരി പുഴുങ്ങൽ | 1996 | 10 | Proper Function Loan- 40000/- subsidy - 38000/- |

## ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചകുടുംബങ്ങൾ | ഇതിൽ SC/ST | സഹായംലഭിച്ചതുവഴിദാരിദ്രരേഖയ്ക്കുമുകളിൽ എത്തിയവർ |
|---|---|---|---|---|---|
| 1 | 173 | 28 | | | |
| 2 | 159 | 9 | | | |
| 3 | 201 | 28 | | | |
| 4 | 106 | 4 | 20 | 11 | 4 |
| 5 | 160 | 26 | 24 | 17 | 4 |
| 6 | 174 | 13 | 18 | 4 | 2 |
| 7 | 134 | 12 | 6 | 5 | 1 |
| 8 | 205 | 25 | - | | - |
| 9 | 170 | 47 | 79 | 38 | 16 |
| 10 | 34 | 6 | - | | - |
| ആകെ | 1516 | 198 | 147 | 75 | 27 |

ദാരിദ്രരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ - സഹായം ലഭിച്ചവർ ഉൾപ്പടെ — 1516

## സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

| എണ്ണം | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മറ്റ് സേവനമേഖലകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ | സർക്കാർ | സഹകരണ | സ്വകാര്യ | ആകെ |
| സ്ഥാപനങ്ങൾ | 1 | - | 6 | 7 | 2 | . | . | 2 | . | 8 | . | 8 |
| ജീവനക്കാർ | 12 | - | 94 | 106 | 25 | | | 25 | | 33 | | 33 |

## വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | 5-വയസ്സുള്ളവർ | | 5-നും 10-നും | | 10-18 | | 18-25 | | 25-45 | | 45-60 | | 60-നു മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ. |
| 1 | | 1 | 1 | 1 | | | 1 | 1 | 2 | 3 | 7 | 1 | – | – | 11 | 7 |
| 2 | | | | 1 | 1 | | 2 | 2 | 1 | 2 | 2 | 1 | 1 | – | 7 | 6 |
| 3 | 2 | | | | 1 | 2 | 4 | 5 | 2 | 2 | 3 | 2 | 1 | 3 | 13 | 14 |
| 4 | | | | | 1 | 1 | 4 | 5 | 5 | 4 | 5 | 1 | 6 | 1 | 21 | 12 |
| 5 | | | | | | | 3 | 2 | 6 | 2 | 2 | 3 | 4 | 4 | 15 | 11 |
| 6 | | | | | | 1 | 5 | 5 | 12 | 6 | 3 | 0 | 1 | – | 21 | 12 |
| 7 | 1 | | 2 | 1 | | | 2 | 2 | 5 | 1 | 3 | 0 | 5 | – | 18 | 4 |
| 8 | | | | | 1 | | 0 | 2 | 9 | 3 | 1 | 0 | 1 | 1 | 12 | 6 |
| 9 | | | | | 2 | 1 | 1 | 3 | 4 | 4 | 0 | 2 | 1 | 1 | 8 | 11 |
| 10 | | | 1 | | 2 | 1 | 1 | 2 | 9 | 5 | 4 | 2 | 1 | – | 19 | 11 |
| ആകെ | 3 | 1 | 4 | 3 | 8 | 6 | 24 | 30 | 55 | 32 | 30 | 12 | 21 | 10 | 145 | 94 |

## ഏറ്റെടുത്ത JRY പണികൾ സംബന്ധിച്ച വിവരങ്ങൾ.

| പണിയുടെ പേര് | ജനറൽ | | SC/ST | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക | നൽകിയവർ | എസ്റ്റിമേറ്റ് തുക | നൽകിയത് |
| **SPILLOVER WORK** | | | | |
| ഹരിജനങ്ങൾക്ക് വീട് | - | - | 9100 | 3200 |
| ഹരിജനങ്ങളുടെ വീട് വൈദ്യുതീകരണം | - | - | 6000 | 6000 |
| P.H. സെൻററിന് 10കിടക്ക വാർഡ് നിർമ്മാണം | 7500 | 3062 | - | - |
| **NET WORK** | | | | |
| ഹരിജനങ്ങൾക്ക് വീട് | - | - | 126400 | 105600 |
| സമ്പൂർണ്ണ ശുചിത്വപരിപാടി കക്കൂസ് നിർമ്മാണം | - | - | 24000 | 15250 |
| ചാക്യാർക്കടവ് റോഡ് പണി | 50000 | 50000 | | |
| മഹാത്മ റോഡ് റിപ്പയർ | 67600 | 33000 | | |
| ശാസ്താം കടവ് റോഡ് റിപ്പയർ | 25000 | 25000 | | |
| ചോരാം കുളം റോഡ് റിപ്പയർ | 150000 | 97500 | | |
| പാരീസ് നഗർ റോഡ് റിപ്പയർ | 46400 | 11000 | | |
| ശിവപുരം ഹരിജൻ കോളനി ഡ്രൈനേജ് | 14150 | 3500 | | |
| ആസ്പത്രി കെട്ടിടം വൈദ്യുതീകരിക്കൽ | 40000 | 37441 | | |
| ആക | 400650 | 260503 | 165500 | 130050 |

പെൻഷനുകൾ ധനസഹായം സംബന്ധിച്ച വിവരങ്ങൾ.

| വർഷം | വില്ലേജ് | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|
| 1991 | പള്ളിപ്പുറം | 1 | – | 2 | 7 | 23 |
| | കോടന്നൂർ | 19 | 2 | 2 | 11 | 69 |
| | വെങ്ങിണിശ്ശേരി | 11 | – | 5 | 26 | 34 |
| | പാറളം. | 19 | – | 11 | 63 | 105 |
| | ആകെ. | 50 | 2 | 20 | 107 | 231 |
| 1992 | പള്ളിപ്പുറം. | 1 | – | 2 | 6 | 22 |
| | കോടന്നൂർ | 20 | – | 2 | 11 | 77 |
| | വെങ്ങിണിശ്ശേരി. | 14 | – | 5 | 22 | 33 |
| | പാറളം. | 21 | 2 | 11 | 56 | 97 |
| | ആകെ | 56 | 2 | 20 | 95 | 229 |
| 1993 | പള്ളിപ്പുറം | 1 | – | 2 | 5 | 28 |
| | കോടന്നൂർ | 19 | 2 | 2 | 11 | 84 |
| | വെങ്ങിണിശ്ശേരി | 14 | – | 6 | 19 | 33 |
| | പാറളം | 24 | 1 | 12 | 51 | 93 |
| | ആകെ | 58 | 3 | 22 | 86 | 238 |
| 1994 | പള്ളിപ്പുറം | 1 | – | 2 | 5 | 28 |
| | കോടന്നൂർ | 20 | – | 2 | 10 | 78 |
| | വെങ്ങിണിശ്ശേരി | 14 | – | 6 | 19 | 30 |
| | പാറളം. | 24 | 1 | 14 | 44 | 82 |
| | ആകെ | 59 | 1 | 24 | 78 | 218 |
| 1995 | പള്ളിപ്പുറം | 2 | – | 2 | 10 | 27 |
| | കോടന്നൂർ | 22 | – | 2 | 10 | 73 |
| | വെങ്ങിണിശ്ശേരി. | 15 | – | 4 | 18 | 30 |
| | പാറളം | 30 | 5 | 16 | 42 | 75 |
| | ആകെ. | 69 | 5 | 24 | 80 | 205. |

അഗതി, ക്ഷയരോഗി, കുഷ്ഠരോഗി, കാൻസർ രോഗി, അവശ കലാകാര/സാഹിത്യ, അവശ കായികതാര. പെൻഷനുകൾ ഈ പഞ്ചായത്തിൽ ആർക്കും കിട്ടുന്നില്ല.

## 1991 സെൻസസ് പ്രകാരം

ജനസാന്ദ്രത ......... 1185 per. sq. km

അനുപാതം ........... 1000 പുരുഷന് -- 1021 സ്ത്രീകൾ

### പ്രധാന തൊഴിൽ സംബന്ധിച്ച വിവരം

| മേഖല | എണ്ണം | | | |
|---|---|---|---|---|
| | പു. | സ്ത്രീ | ആകെ | ശതമാനം |
| കൃഷി പ്രധാന തൊഴിലാക്കിയവർ | 671 | 84 | 755 | 10.97 % |
| കർഷക തൊഴിലാളികൾ | 1188 | 1200 | 2388 | 34.92 % |
| മൃദസംരക്ഷണം, മത്സ്യബന്ധനം,ഫോറസ്ട്രി | 195 | 12 | 207 | 3.01 % |
| ഖനനം, പാറ പൊടിക്കൽ | 10 | -- | 10 | 0.15 % |
| കുടിൽവ്യവസായം | 261 | 56 | 317 | 4.61 |
| കുടിലേതര വ്യവസായം | 968 | 121 | 1089 | 15.84 |
| നിർമ്മാണ തൊഴിലാളികൾ | 178 | 6 | 194 | 2.68 |
| വാണിജ്യം | 618 | 74 | 692 | 10.06 |
| ഗതാഗതം,വാർത്താവിനിമയം | 407 | 12 | 419 | 6.09 |
| മറ്റു തൊഴിലുകൾ | 549 | 267 | 816 | 11.87 |
| ആകെ | 5045 | 1832 | 6877 | 100 % |
| ഭാഗികമായി തൊഴിലെടുക്കുന്നവർ | 199 | 137 | 336 | |
| | 5244 | 1969 | 7213 | |
| തൊഴിലാളികളല്ലാത്തവർ | 4747 | 8231 | 12978 | |
| മൊത്തം | 9991 | 10200 | 20191 | |

# 14.പട്ടികജാതിപട്ടിക ക്ഷേമം

**പ**ണ്ട് മുതൽക്കേ വരേണ്യ വർഗ്ഗത്തിന്റെ അടിച്ചമർത്തലുകൾക്കും, പീഢനങ്ങൾക്കും വിധേയരായിട്ടുള്ള വിഭാഗമാണ് പട്ടികജാതിക്കാർ അയിത്തത്തിനും തൊട്ടുകൂടായ്മക്കും, തീണ്ടികൂടായ്മക്കും സമൂഹത്തിൽ ഏററവും കൂടുതൽ വിധേയരായിട്ടുള്ളതും ഈ വിഭാഗമാണ്. തത്ഫലമായി അവർ പലപ്പോഴും അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൽക്കും അടിമകളായി ജീവിച്ച്പോന്നു.

കാർഷികരംഗത്തെ ഉല്പാദനശക്തികളായിരുന്നു ഇവർ. എന്നാൽ ഇവർക്കാർക്കും സ്വന്തമായി ഒരു തുണ്ട് ഭൂമി പോലും ഉണ്ടായിരുന്നില്ല. മാത്രമല്ല ഇവർക്ക് സ്വന്തമായി ഭൂമി വാങ്ങാൻ അവകാശവുമുണ്ടായിരുന്നില്ല. ഭൂവുടമകളുടെ ഇഷ്ടാനുസരണത്തിന് വഴങ്ങി ഭൂമികളിൽ കുടിൽകെട്ടി ജീവിക്കുവാൻ മാത്രമുള്ള അവകാശമാണ് ഉണ്ടായിരുന്നത്. ഇവരുടെ അധ്വാനത്തിന്റെ വിലയായി വെല്ലിം എന്നറിയപ്പെടുന്ന തുച്ഛമായ നെല്ലാണ് കിട്ടികൊണ്ടിരുന്നത്. പട്ടിണിയും രോഗങ്ങളും ഇക്കൂട്ടരുടെ നിത്യദ:ഖങ്ങളായിരുന്നു. മുട്ടെറങ്ങി മുണ്ടെടുക്കുവാനോ, മാറുമറയ്ക്കുവാനോ അവകാശമുണ്ടായിരുന്നില്ല. മക്കൾക്ക് പേരിടുന്നതിനോ, മക്കളെ വിവാഹം കഴിച്ചയക്കുവാനോ മേലാളൻമാരുടെ അനുവാദം വാങ്ങണമെന്നുണ്ടായിരുന്നു. ഇവരുടെ മക്കൾക്ക് വിദ്യാഭ്യാസം അവകാശപ്പെട്ടിരുന്നില്ല. നാലാൾ കൂടുമ്പോഴോ, സദ്യവിരുന്നിലോ, ഉത്സവാഘോഷങ്ങളിലോ ഇവരെ തീണ്ടപാടകലെ നിർത്തിയിരുന്നു.

സമൂഹത്തിലേ ആചാരനുഷ്ടാനങ്ങളുടെ ഭാഗമായി അന്നത്തെ പ്രാചീനകലകളായിരുന്ന ശീതൻതുള്ളൽ, പൂതൻകളി, പറയൻതുള്ളൽ, കളമെഴുത്ത്, നാടൻപാട്ട്, വിൽപാട്ട്, വട്ടകളി, പുള്ളുവൻപാട്ട്, തുകിലുണർത്തുപാട്ട്, എന്നീ വിരുതുകളിലൂടെയും ഇവർ ഉപജീവനമാർഗ്ഗം നടത്തിപോന്നിരുന്നു.

ഭൂവുടമക്കെതിരായുള്ള സംഘാടകശക്തികളുടെ ആവിർഭാവത്തോടുകൂടിയും, നവോത്ഥാന പ്രസ്ഥാനങ്ങളുടേയും, ദേശീയ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളിലെ മുന്നേററത്തിന്റെ ഫലമായും ഇവരെ സമൂഹത്തിന്റെ ഭാഗമായി കാണാൻ തുടങ്ങി. . സർക്കാരിന്റെയും മറ്റ് സാമൂഹ്യ സംഘടനകളുടേയും ഇടപെടലുകളുടെ ഫലമായി സമൂഹത്തിൽ തുല്യതക്ക്വേണ്ടിയുള്ള പ്രവർത്തനം നടന്നു. വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടായി. പട്ടികജാതികോളനികളും, ലക്ഷംവീട്, നാല് സെന്റ് കോളനികളും വഴി ഭൂരഹിതരായ പട്ടികജാതിക്കാർ ഭൂമിക്കുടമകളായി.

പഞ്ചായത്തിൽ ഇപ്പോൾ 678 പട്ടികജാതി കുടുംബങ്ങളുണ്ട്. ജനസംഖ്യ 3290 ആണ്. പഞ്ചായത്തിലെ 5-ാം വാർഡിലും, 10-ാം വാർഡിലും അംഗീകൃത ഹരിജൻ കോളനികൾ നിലവിലുണ്ട്. ഒന്നാം വാർഡിൽ ആലുക്കൽ കുന്ന് ഷാപ്പ് പട്ടികജാതിസങ്കേതം, മൂന്നാം വാർഡിൽ മുള്ളക്കര പട്ടികജാതിസങ്കേതം, നാലാം വാർഡ ˇ പള്ളിപ്പുറം പട്ടികജാതി സങ്കേതം, അഞ്ചാം വാർഡിൽ ചക്കാലപ്പറമ്പിൽ പട്ടികജാതിസങ്കേതം, ആറാം വാർഡിൽ താണിക്കമുനയം പട്ടികജാതിസങ്കേതം, ഏഴാം വാർഡിൽ പാറപ്പുറം പട്ടികജാതിസങ്കേതം, 8-ാം

വാർഡിൽ വാരിയംമൂല പട്ടികജാതിസങ്കേതം, 9-ാം വാർഡിൽ വെങ്ങിണിശ്ശേരി, കപ്പക്കാട് പട്ടികജാതി സങ്കേതം, പത്താം വാർഡിൽ വിളക്കുംകാൽ, അമ്പലനട, ലക്ഷംവീട്, നാല്സെൻറ് പട്ടികജാതി സങ്കേതങ്ങൾ എന്നിവിടങ്ങളിലാണ് ഇവർ പ്രധാനമായും ജീവിച്ചു പോരുന്നത്.

### പ്രശ്നങ്ങൾ

1. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ.
2. പരിസരശുചിത്വമില്ലായ്മ കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ
3. മണ്ണൊലിപ്പുമൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം.
4. തൊഴിൽ പരമായ പ്രശ്നങ്ങൾ.
5. വിദ്യാഭ്യാസ - കല - സംസ്കാരിക രംഗത്തെ പ്രശ്നങ്ങൾ.
6. സഹകരണമേഖലയിലെ പ്രശ്നങ്ങൾ.
7. ആനുകൂല്യങ്ങളുടെ ലഭ്യതയിലുള്ള അപാകത.
8. പൊതു പരിജ്ഞാന കുറവ്.

### സാധ്യതകൾ, പരിഹാരങ്ങൾ.

1. നിലവിൽ കൈവശഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീടുനിർമ്മിക്കുന്നതിന് വിവിധ ഏജൻസികൾ വഴി നൽകുന്ന ധനസഹായം ഏകീകരിക്കുകയും വീടു നിർമ്മിക്കുനതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില കണക്കാക്കി കാലോചിതമായി ധനസഹായത്തുക വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.
2. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമിവാങ്ങി വീടുവയ്ക്കുന്നതിന് പ്രാദേശിക വില കണക്കാക്കിയുള്ള സഹായത്തിന് നടപടിയുണ്ടാകണം.
3. എല്ലാ കുടുംബങ്ങളിലും ശുചിത്വമുള്ള കക്കൂസ് ഉറപ്പാക്കാൻ ആവശ്യമായ സഹായ നടപടികൾ ഉണ്ടാകണം.
4. നിലവിലുള്ള പട്ടികജാതി സങ്കേതങ്ങളിൽ പ്രത്യേക കുടിവെള്ളപദ്ധതികൾ വഴി ശുദ്ധജലം എത്തിക്കണം. ശിവപുരം ഹരിജൻ കോളനിക്ക് മാത്രമായി ശുദ്ധജല പദ്ധതി നിലവിലുള്ളതിൽ സംഭരണവും, വിതരണവും ഒരേ പൈപ്പിലൂടെ നടക്കുന്നതുകൊണ്ടുള്ള അപാകതകളും, പോരായ്മകളും പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.
5. എല്ലാ പട്ടികജാതി കുടുംബങ്ങളിലും വിദ്യുച്ഛക്തി എത്തിക്കുകയും ഹരിജൻ കോളനികളിലേയും, സങ്കേതങ്ങളിലേയും വഴികളിൽ പൊതുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.
6. പരിസരമലിനീകരണത്തെക്കുറിച്ചും പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.
7. സാമൂഹ്യ - സാംസ്കാരിക വിഷയങ്ങളിൽ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ബോധവൽക്കരണം നൽകുകയും പട്ടികജാതി സങ്കേതങ്ങളിൽ വായനശാലകൾനിർമ്മിക്കുകയും, വാർത്താവിനിമയ മാധ്യമങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം.
8. I.H.D.P. കോളനികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പഞ്ചായത്തിൽ താമസിക്കുന്ന എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ലഭ്യമാക്കണം.

9. പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ കുറ്റമറ്റതും, ദ്രുതഗതിയിലുമാക്കുന്നതിനുവേണ്ടി പട്ടിക ജാതി എക്സ്റ്റെൻഷൻ ഓഫീസറുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ലഭിക്കണം.

10. പട്ടികജാതികോളനികളിലേയും, സങ്കേതങ്ങളിലേയും സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ മിനിമം 5 മീറ്ററെങ്കിലും അടിസ്ഥാനപ്പെടുത്തി ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കണം.

12. മൊട്ടക്കുന്നുകളിലേയും,വാസയോഗ്യമല്ലാത്ത പ്രദേശങ്ങളിലും പട്ടികജാതി കോളനികൾക്കൊ, സങ്കേതങ്ങൾക്കൊ സ്ഥലമെടുക്കുന്നത് ഒഴിവാക്കി ഫല പുഷ്ടമായ പ്രദേശങ്ങളിൽ സ്ഥലം വാങ്ങി വിതരണം ചെയ്യേണ്ടതാണ്.ഇത് ഈ വിഭാഗക്കാരുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് ഉപകാരപ്രദമായിരിക്കും.

13. ഉയർന്നപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന പട്ടികജാതി കോളനികളിലും, സങ്കേതങ്ങളിലും താമസിക്കുന്നവരുടെ ഭൂമിയിൽ നിന്നു മണ്ണൊലിപ്പു തടയുന്നതിന് ഇവരുടെ ഭൂമി കരിങ്കൽ ഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്.

14. വെള്ളപ്പൊക്ക ഭീഷണി നിലവിലുള്ള പ്രദേശങ്ങളായ 3-ാം വാർഡിൽ മുള്ളക്കരയിലും, 9-ാം വാർഡിൽ കപ്പക്കാട്ടുള്ള പട്ടികജാതി സങ്കേതങ്ങളിലും മണ്ണിട്ടു ഉയർത്തി , സൈഡുകെട്ടി സംരക്ഷിക്കേണ്ടതാണ്.

15. പട്ടികജാതിക്കാരിൽ ഏറിയ പങ്കും കാർഷീക തൊഴിലാളികളാണ് . മരപ്പ ണി, കെട്ടിടനിർമ്മാണം, ആഭരണനിർമ്മാണം എന്നീ തൊഴിൽ മേഖല കളിൽ തൊഴിൽ തിരഞ്ഞെടുക്കുന്നതുകൊണ്ട് ഇവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. പരമ്പരാഗത തൊഴിൽ മേഖലകളിൽ പണിയെടുത്തിരുന്ന (പായനെയ്ത്ത്, കുട്ട നെയ്ത്ത്) പട്ടികജാതി വിഭാഗക്കാരുടെ തൊഴിലുകൾ പരിപോഷിപ്പിക്കുകയും, വിപണന സൗകര്യം ഉണ്ടാക്കുകയും വേണം.

17. പാരമ്പര്യകലകൾ ഉപജീവനമായി സ്വീകരിക്ക പ്പെട്ടിട്ടുള്ളവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

18. പട്ടികജാതിയിലെ സ്ത്രീ തൊഴിലാളികൾക്ക് തുല്യ അദ്ധ്വാനത്തിന് തുല്യകൂലി നടപ്പിലാക്കണം.

19. വിദ്യാഭ്യാസരംഗത്ത് പട്ടികജാതിക്കാർക്കിടയിൽ അനൗപചാരിക വിദ്യാഭ്യാസം ഫലപ്രദമായി നടപ്പിലാക്കണം. വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് പട്ടികജാതിക്കാർക്കിടയിൽ പ്രത്യേക ബോധവൽക്കരണ ക്ളാസ്സുകൾ നടത്തേണ്ടതാണ്.

20. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സൗജന്യ പദ്ധതികളുടെ നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനോടൊപ്പം കാലാനുസൃതമായി സഹായതുക വർദ്ദിപ്പിക്കുകയും വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുകയും വേണം.,

21. പട്ടികജാതിക്കാർക്കിടയിലുള്ള കലാ അഭിരുചികൾ വർദ്ധിപ്പിക്കുന്നതിന് പ്രാചീനകലകളും , ആധുനിക കലകളും പ്രചരിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

22. പട്ടികജാതിക്കാർക്കിടയിലുള്ള വായനാശീലം വർദ്ധിപ്പിക്കുന്നതിന് കോളനികളിൽ വായനശാലകൾ, സാംസ്കാരിക നിലയം എന്നിവ സ്ഥാപിക്കേണ്ടതാണ്.

23. പട്ടികജാതി വകുപ്പിന്റെ കീഴിൽ ശിവപുരം കോളനിയിൽ ഒരു അംഗൻവാടി ഉണ്ടായിരുന്നത് നിർത്തലാക്കി.. ആയത് പുന:സ്ഥാപിക്കേണ്ടതാണ്.

24. വിവിധ ക്ഷേമപദ്ധതിയിൽപ്പെട്ട കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം, ഗർഭിണികൾക്കുള്ള ധനസഹായം, തൊഴിലില്ലായ്മ വേതനം എന്നിവ കുറ്റമറ്റതാക്കുകയും ആനുകൂല്യതുകകൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം അർഹരായ മുഴവൻ പേർക്കും ആനുകൂല്യം ലഭിക്കുന്നതിന് നടപടി ഉണ്ടാകണം.

25. പട്ടികജാതിയിൽപെട്ട കുട്ടികൾക്കും, ഗർഭിണികൾക്കും പോഷകാഹാര വിതരണവും അവരുടെ ആരോഗ്യപ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കേണ്ടതാണ്.

26. പട്ടികജാതി കോളനികളോടും, സങ്കേതങ്ങളോടും ചേർന്നുള്ള മദ്യഷാപ്പുകൾ നിറുത്തൽ ചെയ്യേണ്ടതാണ്.

27. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പട്ടാകജാതി സഹകരണസംഘം രജിസ്റ്റർ കഴിഞ്ഞിട്ടുണ്ട്. (R.617) ടി സംഘത്തിന് ആവശ്യമായ ഭൂമി, കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ടി സംഘത്തിൽ തെരഞ്ഞെടുപ്പുനടത്തി ജനാധിപത്യ ഭരണക്രമം നിലവിൽ വരുത്തണം.

28. ചേർപ്പ് ബ്ളോക്ക്, പട്ടികജാതി സഹകരണ പ്രസ്സ് ഈ പഞ്ചായത്തിലാണ്. പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

29. കൃഷിവകുപ്പിന്റെ കീഴിൽ ഉള്ള അഗ്രോ സർവ്വീസ് സെൻററിന്റെ പ്രവർത്തനം നല്ലരീതിയിലാക്കാൻ നടപടി ഉണ്ടാകണം.

30. പട്ടികജാതിക്കാർക്ക് വിവിധ ഏജൻസികൾ വഴി നടപ്പിലാക്കുന്ന ആനുകൂല്യ പദ്ധതികളുടെ കാലതാമസം ഒഴിവാക്കികൊടുക്കുക.നടപടിക്രമങ്ങൾ ലഘൂകരിയ്ക്കുക.

31. 10-ാംവാർഡിൽ നിലവിലുള്ള വിസ്തൃതി കുറഞ്ഞ ,ശ്മശാനം വൈദ്യുതി ശ്മശാനമാക്കുക. 8-ാം വാർഡിലുള്ള ശ്മശാനം മതിൽ കെട്ടി സുരക്ഷിതമാക്കുക.

# 15. വനിതാ ക്ഷേമം

'സ്ത്രീകൾക്ക് സ്വാതന്ത്ര്യത്തിന് അർഹതയില്ല ' എന്ന് മനുസ്മൃതി അനുശാസിക്കുന്ന വിധത്തിലായിരുന്നു പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥ. ജന്മി - കുടിയാൻ ബന്ധങ്ങളുടെ രൂക്ഷതമൂലം സമൂഹത്തിൻെറ അടിത്തട്ടിലുള്ള സ്ത്രീജനങ്ങൾക്ക് മാറുമറക്കാനൊ, സവർണ്ണന് നേരെ നോക്കാനൊ, സംസാരിക്കാനൊ അധികാരമുണ്ടായിരുന്നില്ല. സ്ത്രീകൾക്ക് നേരെ അക്രമവും അധമവിചാരവും നിലനിന്നിരുന്നു. എന്നാൽ സവർണ്ണസ്ത്രീകൾക്ക് അല്പം സ്വാതന്ത്ര്യം അവരുടെ വീടുകളിൽ കിട്ടിയിരുന്നു. സ്ത്രീകളുടെ ഇടയിൽ കെട്ടുകല്ല്യാണം നിലനിന്നിരുന്നു. പെൺകുട്ടികൾ തിരണ്ടുകഴിഞ്ഞാൽ, തിരണ്ടുകല്ല്യാണം വളരെ ആഘോഷപൂർവ്വം കൊണ്ടാടാറുണ്ടായിരുന്നു. വിവാഹപ്രായമായി എന്ന് നാട്ടുകാരെ അറിയിക്കാനായിരുന്നു ഇങ്ങനെ ചെയ്തിരുന്നത്. ഇത് കഴിയുന്നതോട് കൂടി കൂടുതൽ അസ്വാതന്ത്ര്യം അവർക്കനുഭവിക്കേണ്ടിവരുന്നു. സ്ത്രീകളുടെ പ്രധാനജോലി കാർഷികവൃത്തിയായിരുന്നു. അതിരാവിലെ ഭർത്താക്കാൻമാരോടൊപ്പം വയലേലകളിലും മററു കൃഷി സ്ഥലങ്ങളിലും പോകേണ്ടിവരികയും സന്ധ്യമയങ്ങി തിരിച്ച് വരികയും തുടർന്ന് ഗൃഹജോലികൾ ചെയ്യേണ്ടതായും വന്നു. വീട്ടിലെ ചെറിയ കുഞ്ഞുങ്ങളെ നോക്കൽ മുതിർന്ന പെൺകുട്ടികളുടെ ചുമതലയാണ്. സവർണ്ണ വിഭാഗത്തിലും ഇടത്തരം കുടുംബങ്ങളിലും അവരുടെ ഗൃഹങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസം ലഭിച്ചിരുന്നു.

എന്നാൽ താഴെതട്ടിലുള്ളവർക്ക് ഇതും ലഭ്യമായിരുന്നില്ല. പഞ്ചായത്തിൽ വിദ്യാലയം ആരംഭിച്ചതോട് കൂടി സ്ത്രീവിദ്യാഭ്യാസം കൂടിയെങ്കിലും ദരിദ്രവിഭാഗത്തിന് ഈ ഗുണം ലഭിച്ചിരുന്നില്ല. നിലവിലിരുന്ന സാമൂഹിക - സാംസ്കാരിക - രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ സ്ത്രീ പങ്കാളിത്വം തീരെയുണ്ടായിരുന്നില്ല. ഗൃഹങ്ങളിലുള്ള കലാ പ്രവർത്തനങ്ങൾ സവർണ്ണ കുടുംബങ്ങളിൽ നിലനിന്നിരുന്നു. അനുഭവ ങ്ങളിലൂടെയുള്ള അറിവായിരുന്നു സ്ത്രീകളുടെ വിദ്യാഭ്യാസത്തിൻെറ ഉറവിടം.

ദേശീയ പ്രസ്ഥാനത്തിൻെറയും നവോത്ഥാന പ്രസ്ഥാനത്തിൻെറയും മററു പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളുടെ സ്വാധീനം സ്ത്രീകളുടെ സാമൂഹ്യ പദവിക്ക് അല്പമായഉയർച്ചയുണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണ്. ഇന്നും പഞ്ചായത്തിലെ സ്ത്രീകളുടെ പദവിക്കും അന്തസ്സിനും ചേർന്ന ജനസംഖ്യാനുപാതത്തിലുള്ള ഉയർച്ചയുണ്ടാകുന്നില്ല. സമൂഹത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അവജ്ഞയും അടിമത്വ സമീപനവും ഒരു പരിധിവരെ അവരുടെ വളർച്ചക്ക് വിഘാതമാകുന്നു. സമൂഹത്തിൽ വിദ്യാഭ്യാസ സാംസ്ക്കാരിക കലാപ്രവർത്തനങ്ങൾ നടത്തിയിരുന്നത് സത്രീകൾക്ക് അസൗകര്യമുള്ള സമയങ്ങളിലായിരുന്നു. സിനിമ, ടി.വി., പത്രമാസികകൾ മുതലായ മാധ്യമങ്ങളിലൂടെ സ്ത്രീകൾ അവഹേളിക്കപ്പെടുന്നുണ്ട്. സ്ത്രീകളുടെ പത്രമാസിക പാരായണം കുറവായതിനാൽ ലോകപരിജ്ഞാനവും, യുക്തിയും കുറഞ്ഞുപോകുകയും അവരെ എളുപ്പത്തിൽ ചൂഷണവിധേയരാക്കാൻ സാധിക്കുകയും ചെയ്യുന്നു.

**ജനസംഖ്യ - 91 കാനേഷുമാരി**
**സ് ത്രീ -പുരുഷ അനുപാതം**




| | |
|---|---|
| മൊത്തം ജനസംഖ്യ | – 20191 |
| പുരുഷൻമാർ | – 9991 |
| സ് ത്രീകൾ | – 10200 |

സ്ത്രീകൾ കാർഷികവൃത്തിയിലും, കെട്ടിട പണിയിലും, നെയ്ത്തുപണിയിലും ഖാദിമേഖലയിലും മത്സ്യ വ്യാപാരത്തിലും ഏർപ്പെടുന്നു. വിദ്യാസമ്പന്നരായ വനിതകൾ ഗവൺമെൻറ്, അർദ്ധഗവൺമെൻറ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നുണ്ട്. ചിലർ സ്റ്റേഷനറി, ചെറുകിട സ്ഥാപനങ്ങൾ, തുണിവ്യാപാരം, എന്നീ മേഖലകളിലും ജോലി ചെയ്യുന്നു. പൊതുവേ സ്ത്രീകളുടെ കൂലി കുറവാണ്. കാർഷികരംഗത്ത് വന്ന താളപ്പിഴകൾ ജോലി ഇല്ലാതാക്കിയിട്ടുണ്ട്. ഈ തൊഴിൽരഹിതരായ വനിതകൾ മറ്റു മേഖലകളിലേക്ക് കുടിയേറിയിരിക്കുന്നു. എന്നാൽസ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുവാൻ വനിതകൾ മടിക്കുന്നുണ്ട്. ഭൂരിഭാഗം സ്ത്രീകളും ഗൃഹഭരണം മാത്രമായി ഒതുങ്ങി കൂടുന്നു. ഗൃഹഭരണം ഒരു കാണാപണിയാണ് . വീടുശുചീകരണം, ഭക്ഷണം പാകം ചെയ്യൽ, കുഞ്ഞുങ്ങളെ പരിചരിക്കൽ, വിറക് ശേഖരിക്കൽ, വസ്ത്രമലക്കൽ, രോഗികളെ പരിചരിക്കൽ, ആടുമാടുകളെപരിചരിക്കൽ, ജലം ശേഖരിക്കൽ, തുടങ്ങിയ ജോലികൾ സ്ത്രീകളുടെ അധ്വാന ഭാരത്തെ വർദ്ധിപ്പിക്കുന്നു.പുരുഷൻമാരേക്കാൾ ഊർജ്ജം ചിലവഴിക്കുന്നത് സ്ത്രീകളാണെന്നത് യാഥാർത്ഥ്യം.

സ്ത്രീകളുടെ രോഗാതുരത പുരുഷൻമാരേക്കാൾ കുറവായിരുന്നിട്ടും പഞ്ചായത്തിൽ പൊതുവേ സ്ത്രീകൾ ആരോഗ്യപരമായി പിന്നിലാണ്. ഗർഭിണികളായ സ്ത്രീകൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കാര്യമായ ശ്രദ്ധ നൽകാനാവശ്യമായസൗകര്യങ്ങൾകുറവാണ്.പഞ്ചായത്തിൽ എവിടേയും അംഗനനാടികൾ നിലനിൽക്കുന്നില്ല. മഹിളാ സമാജങ്ങൾ പ്രവർത്തനരഹിതമാണ്.

സ്ത്രീകളുടെ സാമൂഹ്യസുരക്ഷയുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള സർക്കാരിന്റെ വിവിധ പദ്ധതികൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇത് വ്യാപകമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. സ്ത്രീ ജനങ്ങൾ പരസ്പരസംവാദങ്ങളിലും ആശയ വിനിമയത്തിലും പുറകിലായത് കൊണ്ട് കൃത്യമായ പദ്ധതികളെ പ്രയോജനപ്പെടുത്താൻ ആകുന്നില്ല. ഗവൺമെൻറ് സ്ത്രീ സംവരണം ഭരണതലത്തിൽ ഏർപ്പെടുത്തിയത് മൂലം രാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റു പ്രസ്ഥാനങ്ങളും സ്ത്രീകളുടെ പങ്കാളിത്വവും നേതൃത്വവും വളർത്തി കൊണ്ട്വരുന്നുണ്ട്. പുതിയ സമ്പ്രദായങ്ങൾ സ്ത്രീ ക്ഷേമത്തെ വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷയുണ്ട്.

**പ്രശ്നങ്ങൾ**

1. സ്ത്രീകളുടെ തൊഴിലില്ലായ്മയും തൊഴിൽ ചെയ്യുന്നതിന് അനുസൃതമായ കൂലി ലഭിക്കായ്മയും നിലനിൽക്കുന്നു.
2. സ്ത്രീകളുടെ ആരോഗ്യരംഗത്തെ അപര്യാപ്തത.
3. വിധവകൾക്കും അഗതികൾക്കും പരിഗണന യില്ലായ്മ.
4. അജ്ഞതയും വിദ്യാഭ്യാസമില്ലായ്മയും നില നിൽക്കുന്നു.
5. സ്ത്രീകൾക്ക് നേരെയുളള ചൂഷണവും ലൈംഗിക പീഢനവും
6. വനിതകളുടെ സാമൂഹ്യ പദവിയുടെ അഭാവം
7. നേതൃത്വമേറ്റെടുക്കാനുള്ള ഭയവും അപകർഷതയും.
8. അനാചാരങ്ങളുടെ നിലനിൽപ്പ്.
9. സ്ത്രീ അടിമയെന്ന സാമൂഹ്യ ചിന്ത, സ്ത്രീയെ സ്വയം ഉൾവലിയാൻ പ്രേരിപ്പിക്കുന്നു.
10. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ സൗകര്യമില്ലായ്മ.
11. സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു.

**സാധ്യതകൾ - പരിഹാരങ്ങൾ**

1. പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ, പുഷ്പകൃഷി ഗൃഹഭരണ വുമായി ബന്ധപ്പെട്ട അനുബന്ധ തൊഴിലുകൾ, ക്യഷിപ്പണി, മത്സ്യ ബന്ധനം, വിപണനം തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇതിനായി വിവിധ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. സ്ത്രീകളുടെ കൂലി തൊഴിൽ ചെയ്യുന്ന തിനനുസൃതമായി വർദ്ധിപ്പിക്കണം.
2. പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ അംഗനവാടികൾ രൂപീകരിക്കണം, ആരോഗ്യ പരമായ അജ്ഞത നീക്കാൻ കൂടുതൽ ബോധവത്ക്കരണം നടത്തണം. ആതുര കേന്ദ്രങ്ങൾ വാർഡുകൾതോറും ഉണ്ടാക്ക ണം. കൂടാതെ ഗൈനക്കോളജിസ്റ്റിൻെറ സേവനം ഉറപ്പാക്കണം.
3. സാമൂഹ്യ ക്ഷേമപരിപാടികൾ നടപ്പിലാക്കു മ്പോൾ വനിതകളുടെ ക്ഷേമകാര്യങ്ങളിൽ പ്രത്യേകിച്ച് പട്ടികജാതി വനിതകളുടെ കാര്യത്തിൽ ഫലപ്രദമായി നടപടികൾ സ്വീകരിക്കണം. ഇതിൽ വിധവകൾ, അംഗവൈകല്യം ബാധിച്ചവർ അഗതികൾ എന്നിവരെ പുനരധിവസിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കണം. ഇതിനായി ജനകീയ കമ്മിററികൾ സജ്ജമാക്കാം.
4. സ്ത്രീകളുടെ അജ്ഞതയും വിദ്യാഭ്യാസമി ല്ലായ്മയും മുതലെടുത്തുകൊണ്ട് പരസ്യ ങ്ങളിലൂടെയും മറ്റു മാധ്യമമാർഗ്ഗ ങ്ങളിലൂടേയും അവർ വശീകരിക്കപ്പെടുന്നു. ഇതിനെ ഫലപ്രദമായി നേരിടേണ്ടതുണ്ട്. കുടുംബ യോഗങ്ങൾ സംഘടിപ്പിച്ച് ബോധവത്ക്കരണം നടത്തി ഇത് പരിഹരിക്കാം.
5. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യം പൊതുസ്ഥലങ്ങളിൽ ഏർപ്പെടു ത്തണം.
6. ഗൃഹനാഥകളായ സ്ത്രീകളെ കണ്ടെത്തി അർഹമായ സഹായം നൽകേണ്ടതാണ്.
7. സ്ത്രീകളെ അവഹേളിക്കുന്ന അശ്ലീല പരസ്യങ്ങളും പ്രചാരണങ്ങളും അവസാനി

പ്പിക്കാൻ പഞ്ചായത്തിൽ സംവിധാനം ഉണ്ടാകണം. ഇതിനായി ഒരു വനിതാസെൽ രൂപീകരിക്കാം.

8. സ്ത്രീകൾക്ക് കായിക പരിശീലനം നൽകുക വഴി അവർക്കെതിരെയുള്ള പീഢനത്തെ ഒരു പരിധിവരെ തടയാം.

9. വനിതാ വികസന കോർപ്പറേഷൻ സ്ഥാപിക്കണം.

10. സ്ത്രീകൾക്ക് നേരെയുള്ള അവഹേളനവും സ്ത്രീ ഭ്രൂണഹത്യയും ഇല്ലാതാക്കുക.

11. സ്ത്രീധന സമ്പ്രദായം ഇല്ലാതാക്കുന്നതിന് സമൂഹത്തിൽ ബോധവത്ക്കരണം നടത്തണം.

12. സാമൂഹിക-രാഷട്രീയ, കലാ-സാംസ്ക്കാരിക സംഘടനകൾ സ്ത്രീകളുടെ ഉന്നമന ത്തിനായും നേതൃത്വപരമായ തലത്തിലേക്ക് ഉയർത്തി കൊണ്ട്വരുന്നതിനും പ്രവർത്തിക്കണം. ഇതിനായി ഈ സംഘടനകൾക്ക് അർഹമായ സഹായം ചെയ്യേണ്ടതാണ്.

13. മിശ്രവിവാഹിതരായ സ്ത്രീകൾക്ക് ധനപര മായും സാമൂഹികമായും പ്രോത്സാഹനം നൽകണം.

14. സ്ത്രീകളുടെ മേലുള്ള പുരുഷമേധാവിത്വം ഒഴിവാക്കുന്നതിന് ബോധവത്ക്കരണം നട ത്തണം.

15. സമൂഹവിവാഹം നടത്താൻ അർഹമായ പ്രോത്സാഹനം നടത്തണം.

16. സ്ത്രീകളുടെ കുടുംബപരവും - സാമൂഹി കവുമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രത്യേക കുടുംബ കോടതികൾ രൂപീകരിക്കണം.

# 16.സംസ്ക്കാരം

സംസ്ക്കാരം മനുഷ്യരുടെ ജൈവവാസന കളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാത്ക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

കേരള സംസ്ക്കാരത്തിൻെറ ഒരു പരിഛേദം പഞ്ചായത്തിൻെറ സാംസ്ക്കാരികതലത്തിൽ ദൃശ്യ മാണ്. കൊച്ചി രാജ്യത്തിൻെറ അധീനത യിലായിരുന്നു ഈ പഞ്ചായത്ത്. ഹിന്ദു - ക്രിസ്ത്യൻ - മുസ്ലിം എന്നീ മത വിഭാഗങ്ങൾ തങ്ങളുടേതായ സംഭാവനകൾ സാംസ്ക്കാരിക പൈതൃകത്തിനായി സംഭാവന നല്കിയിട്ടുണ്ട്. ജന്മി - കുടിയാൻ ബന്ധങ്ങളിൽ അതിഷ്ടിതമായ ഒരു സംസ്ക്കാരവും ഇതിൽ ഇഴുകി ചേർന്നി രിക്കുന്നു. ഏകദേശം 300 വർഷങ്ങളായി ക്രിസ്ത്യൻ മതം പഞ്ചായത്തിൽ നിലനിൽക്കുന്നു. 200 വർഷങ്ങളായി സുന്നി വിഭാഗത്തിൽപ്പെട്ട മുസ്ളിം സമുദായവും ഇവിടെ അധിവസിച്ച് വരുന്നു. ഹിന്ദുമതത്തിൽ ധാരാളം ഉപ ജാതികൾ നിലനിൽക്കുന്നു, നമ്പൂതിരി, നായർ, (വിളക്കത്ര നായർ, വെളത്തേടത്ത് നായർ, മാരാർ, വാരിയർ, എമ്പ്രാന്തിരി) ഈഴവർ, പുലയർ, പറയൻ, വേട്ടുവ, പടന്ന, പെരുവ ണ്ണാൻ, കുറുപ്പ്, മരാശ്ശാരി, കല്ലാശ്ശേരി, മുശ്ശാരി, തട്ടാൻ, കരുവാൻ, തുകൽകൊല്ലൻ, പണിക്കർ കുറുപ്പ്, കണിയാൻ കുറുപ്പ്, വാത്തികുറുപ്പ്, കുറവർ മുതലായവ ജാതികളാണ് ഹിന്ദുമതത്തിൽ ഇവിടെ അധിവസിച്ച് വരുന്നത്.

ക്രിസ്ത്യൻ മതത്തിൽ റോമൻ കത്തോലിക്കക്കാരും, പെന്തക്കോസ്തുവിഭാഗവും, നിലനിൽക്കുന്നു. ഈ വിഭാഗങ്ങൾക്കെല്ലാം അവരുടേതായ ആചാരങ്ങളും അനുഷ്ടാനങ്ങളും നിലനിൽക്കുന്നു. ഇവയെല്ലാം ഈ പ്രദേശ ത്തിൻെറ സാംസ്ക്കാരിക പാരമ്പര്യത്തിൽ അതുല്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇതെല്ലാം കൂടി ചേർന്ന പൊതുസംസ്ക്കാര ത്തിൻെറ മൂല്യത കൈവിടാതെ നിലനിർത്തി പോരുന്നു. ജന്മി- കുടിയാൻ ബന്ധത്തിൽ താഴെകിടയിലുള്ള സ്ത്രീകൾക്ക് പ്രാചീനകാലത്ത് മാറ് മറയ്ക്കാൻ അവകാശമുണ്ടായിരുന്നില്ല. മുലക്കച്ചയും റൗക്കയുമായിരുന്നു ഹിന്ദു സ്ത്രീകളുടെ വേഷം, അതിന് ശേഷം മുണ്ടും നേരിയതും, സാരിയും ജാക്കററും, തുടർന്ന് ചുരിദാറിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുന്നു. മുട്ട് മറയാത്തമുണ്ടായിരുന്നു പുരുഷന്മാരുടെ വേഷം. സ്ത്രീകൾ പൂത്താലി ,കാതിൽ തോട, കാശ്മാല, വെള്ളിയരഞ്ഞാണം, കല്ല്മാല, പവിഴമാല എന്നിവ ഉപയോഗിച്ചിരുന്നു. വിവാഹത്തിനായി ചരടിൻമേലാണ് താലി കെട്ടിയിരുന്നത്. ക്രിസ്തീയ വിഭാഗത്തിൽ സ്ത്രീകൾ ഞൊറിവെച്ചമുണ്ടാണ് ഉപയോഗിച്ചിരുന്നത്. മുസ്ലിം സമുദായത്തിലെ പുരുഷൻമാർ ഇടത്തോട്ടാണ് മുണ്ട് മാടി കെട്ടിയിരുന്നത്. സ്ത്രീകൾ ചീനായ് കാശ്മുണ്ടും കൈമുട്ടോളം നീളമുള്ള കുപ്പായവും (പെൺകുപ്പായം) ആണ് ധരിച്ചിരിന്നത്. കാതിൽ ചിററണിയുന്നത് അവരുടെ ഇടയിൽ അലങ്കാരമായിരുന്നു. തല മറക്കാനായി തട്ടം ഉപയോഗിച്ചുപോന്നിരുന്നു. കോടതിയിൽപോലും പോകേണ്ടിവരുമ്പോൾ തൊപ്പിധരിക്കാൻ കഴിയും. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിൽ

ആഘോഷിക്കുന്നു. മുസ്ലീം വിഭാഗത്തിൽ ദേശീയമായും, പ്രാദേശികമായും പെരുന്നാളുകളും ആഘോഷിച്ച് വരുന്നു. ദേശീയവും, പ്രദേശികവുമായ പെരുന്നാളുകളും ക്രിസ്തീയ വിഭാഗത്തിലുള്ളവർ ആഘോഷിച്ച് വരുന്നു. ഹൈന്ദവ വിഭാഗത്തിലുള്ള നമ്പൂതിരി വിഭാഗത്തിൽ 3 ദിവസം നീണ്ട് നിൽക്കുന്ന വിവാഹ ചടങ്ങുകൾ നില നിന്നിരുന്നു. ചില മത വിഭാഗങ്ങളിലും വിവാഹ മരണാദി ചടങ്ങുകൾ ആർഭാടമായി നടത്തി വന്നിരുന്നു. സവർണ്ണ വിഭാഗത്തിനും അവർണ്ണ വിഭാഗത്തിനും വിത്യസ്തമായ ആഘോഷ പരിപാടികൾ നില നിന്നിരുന്നു. ഉത്സവങ്ങളിൽ പഞ്ചവാദ്യം. ചെണ്ടമേളം, ആനയെക്കൂട്ടി എഴുന്നള്ളിപ്പ് വെടിക്കെട്ട്, എന്നിവ സർവ്വസാധാരണമയിരുന്നു. ക്ഷേത്രകലകളായി കഥകളി, മോഹിനിയാട്ടം, ഓട്ടൻതുള്ളൽ, കൂത്ത്, നാടകം, നങ്ങ്യാർകൂത്ത്, പാഠകം, മുടിയേററ് എന്നിവ ഉണ്ടായിരുന്നു. ഉത്സവത്തോടനുബന്ധിച്ചും പ്രത്യേക സന്ദർഭങ്ങളിലും ആചാരാനുഷ്ടാനങ്ങൾക്കനുസൃതമായി കുതിരക്കളി, കോൽക്കളി, പൂതംകളി, തിരുവാതിരക്കളി, വട്ടക്കളി, ഐവർക്കളി, മുടിയാട്ടം, പറയൻതുള്ളൽ, കുമ്മാട്ടിക്കളി, പുലിക്കളി, കളമെഴുത്ത്, പുള്ളുവൻപാട്ട്, തുയിലണർത്ത് പാട്ട്, വില്ലടിച്ചാൻപാട്ട്, ഉടുക്ക്പാട്ട്, കുറത്തികളി, പൊറാട്ട്നാടകം, നന്തുണി പാട്ട്. വീണപാട്ട്, എന്നീ പ്രാചീനകലകൾ നിലനിന്നിരുന്നു. മൃഗബലി നിലനിന്നിരുന്നു. വിദ്യാഭ്യാസ കാര്യങ്ങളിൽ വിദ്യാലയങ്ങൾക്ക് മുമ്പ് എഴുത്തശ്ശമാരെയും കുടുംബത്തിലുള്ള വായ് മൊഴികളേയും, സാമൂഹ്യപരിഷ്കർത്താക്കളേയും, നവോത്ഥാന നായകൻമാരുടേയും അറിയപ്പെടാത്ത (വടക്കൻപാട്ട്, നാടൻപാട്ട് മുതലായവ) സാഹിത്യ --കലാ -സാംസ്കാരിക നായകൻമാരുടേയും സ്വാധീനം ഉണ്ടായിരുന്നു. മാരകമായ പകർച്ചവ്യാധികൾക്ക് ദൈവികമായ പരിവേഷം നൽകിയിരുന്നു. ക്ഷേത്ര കലാ സംസ്ക്കാരം വളരെയേറെ പുരോഗതി നേടിയിരുന്നു. കുടുംബബന്ധങ്ങൾ സുദൃഢമായിരുന്നു.

സാമൂഹ്യ പുരോഗമന പ്രസഥാനങ്ങളുടേയും സാമൂഹ്യസംഘടകളുടേയും ദേശീയ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും പ്രവർത്തന ഫലമായി സാംസ്ക്കാരികരംഗത്ത് പുരോഗതി നേടിയിരുന്നു. ശ്രീ നാരായണ പ്രസ്ഥാനം അയിത്തോച്ചാടന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. എഴുതാനും വായിക്കാനും ഏറെ പേർക്ക് കഴിഞ്ഞു. ഇത് സാംസ്ക്കാരിക രംഗത്തെ വളരെ സംപുഷ്ടമാക്കി. വായനാശീലവും കലാ സാഹിത്യ പ്രവർത്തനങ്ങളും വർദ്ധിച്ചവു. കൃഷി , വ്യവസായം ആരോഗ്യം തുടങ്ങിയ മേഖലകളിൽ കൂട്ടുകുടുംബങ്ങളിലൂടെ കൈമാറിയിരുന്ന നാട്ടറിവുകൾ ആധുനിക കാലഘട്ടത്തിൽ സമൂഹത്തിൽ നിന്ന് വേറിട്ട് പോകുകയും ഈ സഥാനത്ത് നിന്ന് ആധുനിക മാധ്യമങ്ങളിലൂടെ വന്ന നൂതന സമ്പ്രദായങ്ങൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

1910കളിൽ സഥാപിതമായ അമ്മാടം ഗവ.സ്ക്കൂളും, തുടർന്ന് നിലവിൽ വന്ന മററു വിദ്യാലയങ്ങളും 1942 ൽ സഥാപിതമായ കോടന്നൂർ വായനശാലയും 1970 ൽ സഥാപിതമായ പള്ളിപ്പുറം ഗ്രമീണവായനശാലയും ചേനം, അമ്മാടം എന്നിവിടങ്ങളിൽ നിലവിൽ വന്ന ഗ്രാമീണ വായനശാലകളും സാസ്കാരിക രംഗത്ത് വളരെയേറെ സ്വാധീനം

ചെലുത്തിയുട്ടുണ്ട്. അത് പോലെ ക്ലബ്ബുകളും മററു സാംസ്കാരിക സംഘടനകളും ഈ രംഗത്ത് സംഭാവനകൾ നൽകിയിരുന്നു. എന്നാൽ വളരെയേറെ പ്രതിബന്ധങ്ങളും അസൗകര്യങ്ങളും ഇത്തരം പ്രസ്ഥാനങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്.ഇന്ന് ഇത്തരം പ്രസ്ഥാനങ്ങൾക്ക് പകരം ടി.വി, വീഡിയോ, റേഡിയോ, പത്ര മാസികകൾ, എന്നിവ പ്രചുരപ്രചാരം നേടിയുട്ടുണ്ട് .ഈ മാധ്യമങ്ങൾ സാംസ്ക്കാരിക രംഗത്ത് വളരെയേറെ അപചയങ്ങൾക്ക് കാരണമാകുന്നുണ്ട് . ഈ മാധ്യമാങ്ങൾ ജനകീയ വൽക്കരിക്കപ്പെട്ടിട്ടുള്ളത് കൊണ്ട് വളരെ എളുപ്പത്തിൽ ഇവയ്ക്ക് ജനങ്ങളെ സ്വാധീനം ചെയ്യാൻ കഴിയും. വായനശാലകളിൽ വായന ക്കാരുടെ എണ്ണം കുറയുന്നുണ്ട്. പ്രത്യേകിച്ച് വനിതാ വായനക്കാരുടെ 1500 ദിനപത്രങ്ങളും വിവിധതരം മാസികകളും പഞ്ചായത്തിൽ വിതരണം ചെയ്യുന്നു.

സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ചലചിത്ര കോർപ്പറേഷൻ, തുടങ്ങിയ ഗവൺമെൻറ് സ്ഥാപനങ്ങൾ പഞ്ചായത്തിൻെറ സാംസ്ക്കാരിക രംഗത്ത് ഇടപെടൽ നടത്തുന്നില്ല. ഇത്മൂലം സമൂഹത്തിൽ, നാടകം, സിനിമ, ചിത്രകല, വസ്തുശില്പം സംഗീതം, നൃത്തം തുടങ്ങിയ കലാപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നില്ല. പകരം സമൂഹത്തെ വഴിതെററിക്കുന്ന രംഗമായി സാംസ്ക്കാരിക രംഗം മാറുന്നു.

**പ്രശ്നങ്ങൾ**

1. സാസ്ക്കാരിക സ്ഥാപനങ്ങളുടേയും വായനശാലകളുടേയും കുറവ്.

   പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് ആവശ്യമായ പ്രോത്സാഹന കുറവ്.
2. നാടകം, സിനിമ, രംഗങ്ങളിലെ ജനകീയത യില്ലായ്മ.
3. അനുഷ്ഠാന കലകളുടേയും നാടൻകല കളുടേയും അപചയം.
4. മൂല്യമുള്ള പുസ്തക-പത്ര-മാസിക-വാരിക കളുടെ പ്രചാരണമില്ലായ്മ.
5. ഇലക്ട്രോണിക് മാധ്യമങ്ങളുടെ വികല മായ ഇടപെടൽ, നിലനിൽക്കുന്ന കൂട്ടാ യ്മക്കും സൗഹൃദ പ്രകടനങ്ങൾക്കും വിഘാതമാകുന്നു.
6. വിദ്യാലയങ്ങളിൽ കലാ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ കുറവ്.
7. ഗവൺമെൻറ് കീഴിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളുടെ ഇടപെടൽ കുറവ്
8. നാട്ടറിവുകൾ ഇല്ലാതാകുന്നു
9. അശ്ലീല പുസ്തകങ്ങളുടെയും സിനിമ കളുടേയും വാരികകളുടേയും പ്രചാരം.

**പരിഹാരങ്ങൾ, സാധ്യതകൾ**

1. പഞ്ചായത്തിൻെറ നേതൃത്വത്തിൽ സാംസ്ക്കാരിക അക്കാദമി രുപീകരിക്കുക. ഇതിൻെറ കീഴിൽ പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളെ ഏകോപി പ്പിക്കുകയും വളർത്തുകയും, , വിശകലനം ചെയ്യുകയും വേണം.

2. വായനശാലകളും, സാംസ്ക്കാരിക സ്ഥാപനങ്ങളും, ക്ലബ്ബുകളില്ലാത്ത വാർഡുകളിൽ രൂപീകരിക്കുകയും ഉള്ള സ്ഥാപനങ്ങളെ ഊർജ്ജസ്വലമാക്കുവാൻ ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.

3. വായനശാലകൾക്ക് ആവശ്യമായ ഉപകരണങ്ങളും മൂല്യമുള്ള പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.

3. പഞ്ചായത്തിൽ നിലനിൽക്കുന്ന വസ്തു ശില്പങ്ങളെ, നാടൻ കലകളെ സംരക്ഷിക്കുക. ഇതിനു പുറമെ നാടൻ വസ്തുക്കളേയും ചിത്രങ്ങളേയും സംരക്ഷിക്കുന്നതിന് ഒരു മ്യൂസിയം രൂപീകരിക്കണം.

5. ജനകീയനാടക സംഘങ്ങളെയും സിനിമാ നിർമ്മാണ സംഘങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. ഇതിനായി ഒരു സാസ്ക്കാരിക സഹകരണ സംഘം രൂപീകരിക്കണം.

6. ലളിതാകലാ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാലയങ്ങളിലേയും സാംസ്കാരിക സംഘടനകളിലൂടെയും ഇതിനായുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങൾ നല്കണം.

7. ഇലക്ട്രോണിക് മാധ്യമങ്ങളെ സാസ്ക്കാരിക ഉന്നമനത്തിനായി പ്രയോജനമാവുന്ന [illegible]ത്തിൽ പുന: സംഘടിക്കണം. ഇവ [illegible]ഉപയോഗം ചെയ്യുന്നത് ഫലപ്രദമായി നേരിടാൻ തയ്യാറാകണം.

8. ഫിലിം സൊസൈറ്റികളേയും വീഡീയോ ക്ലബ്ബുകളേയും സംഘടിപ്പിച്ച് ഉത്തമ സിനിമ പ്രദർശിപ്പിക്കാനുള്ള മേളകൾ സംഘടിപ്പിക്കണം.

9. പഞ്ചായത്തിലെ കലാ - സാംസ്ക്കാരിക - സാഹിത്യ രംഗങ്ങളിലെ നായകൻമാരെ ആദരിക്കുകയും അവരെ പഞ്ചായത്തിലെ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുകയും വേണം

10. ദേശീയ - രാഷ്ട്രീയ - സാസ്ക്കാരിക വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കണം

11. ഗ്രന്ഥശാലകളിൽ കൂടി കൃഷി, വ്യവസായം, ആരോഗ്യം, ക്ഷേമപ്രവർത്തനങ്ങൾ തുങ്ങിയ മേഖലകളിൽ വിജ്ഞാന സമ്പാദനത്തിന് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം

12. വീഡിയോ, ടി.വി. കേന്ദ്രങ്ങൾ, വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കുക.

13. മതസൗഹാർദ്ദത്തിന് അടിത്തറയേകാൻ ബോധവത്ക്കരണം നൽകണം

14. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ രൂപീകരിക്കണം.

## കായികസംസ്കാരം

ഒരു സമൂഹത്തിൽ നടത്തുന്ന വിവിധ കായിക പ്രവർത്തനങ്ങളടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കാൻ കഴിയുന്ന സ്വഭാവ വിശേഷണങ്ങളുടെ ആകെ തുകയെയാണ് കായികസംസ്കാരം എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്. ചാമ്പ്യൻമാരെ നേടലും മെഡൽ നേടലുമല്ല കായികപ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യം. സാർവ്വത്രികമായ കായിക പരിശീലനം എന്നതാണ് അതിൻെറ ഉദ്ദേശ്യം. സ്പോർട്സ് ശരീരത്തെ ശക്താമാക്കുന്ന തോടൊപ്പ ം വ്യക്തികളിൽ ധൈര്യവും

ദൃഢചിത്തതയും സംഘപ്രവർത്തന മനസ്ഥി തിയും ഉണ്ടാക്കുന്നു. പഞ്ചായത്തിൽ പഴയ കാലഘട്ടത്തിൽ കായിക വിനോദങ്ങൾ ഉത്സവ വേളകളിലും ഒഴിവ് ദിനങ്ങളിലുമായിരുന്നു നടന്നിരുന്നത്. ധാരാളം ഗ്രാമ കോളനികൾ നില നിന്നിരുന്നു. പകിടകളി, പമ്പരംകളി, തുണിപന്ത്, ഏറ്പന്ത്, തൊടുത്തംപിടുത്തം. കാറക്കളി, കല്ലുകളി, പുള്ളികുത്തികളി, കശുവണ്ടികളി, ചുട്ടിയും കോലും, ഗോട്ടികളി, കിളിമാസ്, ചതുരംഗം, പടവെട്ട്, കവിടികളി, കുമ്മാട്ടികളി, തുമ്പിതുള്ളൽ, ഒളിച്ചുകളി, കണ്ണുകെട്ടുകളി, കള്ളനും പോലീസും കളി, വട്ടകളി തലപ്പന്ത്, തുടങ്ങി പേരറിയുന്നതും അറിയാത്തതുമായ നിരവധി കായിക വിനോദങ്ങൾ ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്നു. കൂടാതെ കാർഷിക വിനോദമായി പോത്തോട്ട മത്സരവും സംഘടി പ്പിക്കപെട്ടിരുന്നു . ഇതെല്ലാംതന്നെ ജനങ്ങളുടെ ഇച്ഛക്കനുസരിച്ചാണ് രൂപപെട്ട് വന്നിട്ടുള്ളത്. പിന്നീട് ഇവയിൽ പലതും കാലഭേദങ്ങൾ ക്കനുസരിച്ച് നവീകരിക്കപ്പെട്ടു. കുറെയൊക്കെ അപ്രത്യക്ഷമാവുകയും പുതിയ ധാരാളം കളി കൾ ആവിർഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംഭവിക്കുന്നതോടൊപ്പം പുതിയക്ളബ്ബുകളും സംഘടനകളും കായികരംഗത്തെ പ്രോത്സാഹി പ്പിക്കാൻ ഉദയം ചെയ്യുകയുണ്ടായി. ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ. കബടി, ചെസ്സ്, കാരംസ്സ്, ക്രിക്കററ് തുടങ്ങിയ കളികൾ പഞ്ചായത്തിൽ നിലവിൽ വന്നു.

വിദ്യാലയങ്ങളിൽ കായിക രംഗത്ത് കുറ ച്ചൊക്കെ വളർച്ചയുണ്ടായിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങളിൽ കാര്യമായ വീഴ്ച സംഭവിച്ചി രിക്കുന്നു. ക്ലബ്ബുകളും മററു സംഘടനകളും ഈ രംഗത്ത് ആദ്യ കാലഘട്ടങ്ങളിൽ ധാരാളം സംഭാവന നൽകിയിരുന്നു. എന്നാൽ ഇവ ഫലപ്രദമായി നിലനിർത്താൻ സാധിക്കാതെ വന്നിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ യുവജന മേളകൾ സംഘടിപ്പിക്കാറുണ്ട്. ഇതിൽ വെച്ച് കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ക്ലബ്ബുകൾ ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ സംഘടിപ്പിക്കപെടാറുണ്ട്. പൊതുവെ പഞ്ചായത്ത് കായിക സംസ്ക്കാരത്തിൽ പഴയ കാലഘട്ടത്തെ അപേകഷിച്ച് വളരെയേറെ പിറകിലാണ്.

**പ്രശ്നങ്ങൾ**

1. ക്ലബ്ബുകൾ, സംഘടനകൽ എന്നിവയുടെ കുറവ്
2. പഞ്ചായത്തിൽ കളിസ്ഥലങ്ങളുടെ അപര്യാപ്തത.
3. കായിക ഉപകരണങ്ങളുടെ ഇല്ലായ്മ
4. കായികതാരങ്ങളെ അംഗീകരിക്കാതി രിക്കുകയും, പ്രോത്സാഹനം കൊടുക്കാ തിരിക്കുകയും ചെയ്യുന്നു. .
5. വിദ്യാലയങ്ങളിൽ കായികരംഗത്തിന് പ്രോത്സാഹനമില്ലായ്മ.
6. നാഷ്ണൽ സർവ്വീസ് സ്കീം, എൻ.സി.സി, സ്കൗട്ട് മുതലായവ വിദ്യാലയങ്ങളിൽ തുടരാതിരിക്കൽ.
7. പഴയ ഗ്രാമീണ കളികളെ സംരക്ഷിക്കാ തിരിക്കൽ.
8. ഗവൺമെൻറ് കായിക സ്ഥാപനങ്ങളുടെ ഇടപെടൽ കുറവ്.

**സാധ്യതകൾ, പരിഹാരങ്ങൾ**

1. വാർഡുകൾ തോറും ക്ലബ്ബുകളും, സംഘടനകളും ഉണ്ടാക്കുകയും പഴയ ക്ലബ്ബുകളെ ഉയർത്തികൊണ്ട് വരികയും ചെയ്യുക, ഇതിനായി ക്ലബ്ബുകൾക്കും സംഘടനകൾക്കും സാമ്പത്തിക സഹായങ്ങളും, ഉപകരണങ്ങളും വിതരണം ചെയ്യുക. പഞ്ചായത്ത് തലത്തിൽ സ്പോർട്സ് വികസന സമിതി ജനകീയ സഹകരണത്തോടെ രൂപീകരിക്കുക.

2. എല്ലാവാർഡുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുകയും പഞ്ചായത്ത് ഗ്രൗണ്ടിനെ അനുയോജ്ജ്യമായ വിധത്തിൽ സജ്ജീകരിക്കുകയും ചെയ്യുക.

3. സഹകരണാടിസഥാനത്തിൽ സ്പോർട്സ് ഉപകരണങ്ങൾ ശേഖരിക്കാനുള്ള പഞ്ചായത്ത് തലത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

4. പഞ്ചായത്തിലുള്ള കായിക താരങ്ങളെ കണ്ടെത്തുകയും, അവരെ റജിസ്ററർ ചെയ്യിക്കുകയും ആദരിക്കുകയും, അവരുടെ സേവനം കായിക വികസനത്തിന് ഉപയോഗിക്കുകയും ചെയ്യുക .

5. വിദ്യാലയങ്ങളിൽ കായിക രംഗത്തെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. കായിക പ്രസ്ഥാനം രാജ്യനന്മക്ക് ഉതകുംവിധത്തിൽ ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

6. വിദ്യാലയങ്ങളിൽ എൻ. എസ്. എസ്, എൻ. സി. സി. സ്ക്കൗട്ട് മുതലായവ കൊണ്ട് വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

7. പഴയ ഗ്രാമീണ കളികളെ സംരക്ഷിക്കുന്നതിനുള നടപടികൾ സ്വീകരിക്കുക. ഇതിനായി ഇത്തരം വിനോദങ്ങളെ വിദ്യാലയങ്ങളിലെ കായികരംഗത്തേക്ക് കൊണ്ടു വരിക. കൂടാതെ ഇത്തരം കളികളുടെ സൗഹാർദ്ദപരമായ മത്സരം സംഘടിപ്പിക്കുക. ആവശ്യമായ പ്രോത്സാഹന സമ്മാനങ്ങൾ ഏർപ്പെടുത്തുക.

8. നെഹ്റു യുവകേന്ദ്രം, സ്പോർട്സ് കൗൺസിൽ. ചെസ്സ് അസോസിയേഷൻ മുതലായ സംഘങ്ങളുടെ സഹായങ്ങൾ തേടുക.

9. അധ്യാപകരെ കായിക പ്രവർത്തനങ്ങളെ വളർത്താൻ പങ്കാളികളാക്കുക.

10 ജനകീയ സഹകരണത്തോടെ കായിക രംഗം വികസിപ്പിക്കുക.

11. കായൽ പ്രദേശങ്ങളിൽ വള്ളം കളി മുതലായ കളികളെ പ്രോത്സാഹിപ്പിക്കുക.

12. പെൺകുട്ടികളുടെ കായിക പരിശീലനത്തിന് അധ്യാപികമാരുടെയും, മഹിളാ സംഘങ്ങളുടേയും, അംഗനവാടികളുടേയും സഹായം തേടാം.

13. കാർഷികരംഗത്തിന് അനുയോജ്യമായ കായികമത്സരം സംഘടിപ്പിക്കണം.

14. കായികരംഗത്ത് പ്രവർത്തിക്കുന്ന അധ്യാപകർ ആധുനികവും ശാസ്ത്രീയവുമായ പരിശീലന മുറകൾ അഭ്യസിച്ചിട്ടുള്ളവരാകണം.

15. കായിക സംസ്കാരം സമൂഹത്തിൻെറ അവശ്യഘടകമാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായ ബോധവത്ക്കരണം നടത്തേണ്ടതാണ്. ഇതിനായി സാംസ്ക്കാരിക പ്രവർത്തകരെയും സാമൂഹിക പ്രവർത്തകരേയും ഉപയോഗപ്പെടുത്തേണ്ടതാണ് .



" കോടന്നൂർ സെൻററിലെ ആൽമരം
എത്രയോ തലമുറകൾക്ക് തണലേകി എന്നിട്ടും തളർന്നിട്ടില്ല."

# 17.സഹകരണം

'സഹകരണം' എന്ന പദത്തിന് സാമാന്യമായി " കൂട്ടായി പ്രവർത്തിക്കുക " എന്ന ആശയമാണുള്ളത്. സഹകരണത്തിൻെറ ചരിത്രം മനുഷ്യരാശിയുടെ ഉല്പത്തിമുതൽ ആരംഭിക്കുന്നു. കാലം ഒട്ടേറേ പിന്നിട്ടതോട് കൂടി ഈ വാക്കിന് അർത്ഥഭേദങ്ങളുണ്ടായി. ഇന്ന് സംഘടന കൊണ്ട് ഫലപ്രദമാക്കപ്പെടുന്ന സ്വാശ്രയത്വമാണ് സഹകരണം. സ്വാശ്രയത്വം എന്നതിന് സാമൂഹികവും സാമ്പത്തികവുമായ സ്വയം പര്യാപ്തത എന്ന് വിവക്ഷിക്കാം. സംഘടന എന്നതിന് സ്ഥാപനം അതായത് സഹകരണസംഘം എന്ന് അർത്ഥം നൽകാം. അപ്രകാരം ഒരു സംഘടനയിലൂടെ അതിലെ പങ്കാളികൾക്ക് അഥവാ അംഗങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ സ്വയം പര്യാപ്തത അഥവാ സ്വാശ്രയത്വം നേടുന്ന സമ്പ്രദായമാണ് സഹകരണം എന്നു പറയാം.

"പരസ്പര സഹായത്തിൽ കൂടിയുള്ള സ്വാശ്രയത്വം " എന്ന ഈ ആശയം ഈ നൂററാണ്ടിൻെറ മദ്ധ്യത്തോട് കൂടി തന്നെ ഈ പഞ്ചായത്തിലെ പിതാമഹാൻമാരെയും ആശ്ളേ ച്ചിരുന്നു. 528ാം നമ്പർ വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ സംഘമാണ് പഞ്ചായത്തിൽ രൂപം കൊണ്ട ആദ്യത്തെ സഹകരണ സ്ഥാപനം. 1946 ലാണ് പ്രസ്തുത സംഘം രൂപം കൊണ്ടത്. അതേവർഷം തന്നെ 533ാം നമ്പർ അമ്മാടം സർവ്വീസ് സഹകരണ സംഘവും രൂപം കൊണ്ടു. ഈ രണ്ടു സ്ഥാപനങ്ങളും വളർന്ന് വലുതായി വലിയ ബാങ്കിങ്ങ് സ്ഥാപനങ്ങളായി നില കൊള്ളുന്നു. രണ്ടു ബാങ്കുകളുടേയും സുവർണ്ണ ജൂബിലി വർഷമാണ് 1996. 1965ൽ ആരംഭിച്ച ചേനം ക്ഷീരവ്യവസായ സഹകരണ സംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ ക്ഷീര സംഘം. 1976 ൽ അമ്മാടം പള്ളിപ്പുറം ക്ഷീര വ്യവസായ സഹകരണ സംഘവും 1977 ൽ കോടന്നൂർ ക്ഷീരവ്യവസായ സഹകരണ സംഘവും തുടർന്ന് വെങ്ങിണിശ്ശേരി ക്ഷീരവ്യവസായ സഹകരണ സംഘവും നിലവിൽ വന്നു. ഇതിൽ വെങ്ങിണിശ്ശേരി ക്ഷീര വ്യവസായ സഹകരണ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. കോൾ കർഷകരുടെ ഉന്നമനത്തിന് വേണ്ടി 798ാംനമ്പർ അമ്മാടം കൂട്ടുകൃഷിസഹകരണ സംഘവും കോടന്നൂർ കോൾ ഫാമിഗ് സഹകരണ സംഘവും രൂപീകരിക്കപ്പെട്ടു. 798ാം നമ്പർ അമ്മാടം കൂട്ടുകൃഷി സഹകരണ സംഘം ഇപ്പോൾ പ്രവർത്തനരഹിതമാണ്. പള്ളിപ്പുറം - ആലപ്പാട് കോൾകൃഷി സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകൃതമായെങ്കിലും പ്രസ്തുത സംഘത്തിനും പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി ക്ഷേമത്തെ മുൻ നിർത്തി പാറളം പട്ടികജാതി സഹകരണ സംഘം പള്ളിപ്പുറം പട്ടികജാതി ( മത്സ്യത്തൊഴിലാഴി ) സഹകരണ സംഘം എന്നീ സംഘങ്ങൾ രൂപീകൃതമായെങ്കിലും പ്രസ്തുത സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. രാജീവ്ഗാന്ധി മെമ്മോറിയൽ പട്ടികജാതി സഹകരണ പ്രസ്സ് ഈയടുത്ത കാലത്ത് രജിസ്ററർ ചെയ്ത് പ്രവർത്തിച്ച് വരുന്നുണ്ട്. അമ്മാടം സെൻറ് ആൻറണീസ് ഹൈസ്ക്കൂളിൽ വിദ്യാർത്ഥികളുടെ ഒരു

സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. **കോടന്നൂർ യു.പി സ്ക്കൂളുകളും** പഞ്ചായത്തിലെ പ്രൈമറി സ്ക്കൂളുകളും സോണൽ അടിസ്ഥാന ത്തിലുള്ള സ്ക്കൂൾ സഹകരണ സംഘങ്ങളിൽ ഉൾപ്പെടുന്നുണ്ട്. രജിസ്ററർ ചെയ്തുവെങ്കിലും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത മറ്റു ചില സഹകരണ സ്ഥാപനങ്ങളും ഈ പഞ്ചായ ത്തിലുണ്ടെന്ന് അറിയുന്നു.

**പ്രശ്നങ്ങൾ**

1. ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന അമ്മാടം സഹകരണ ബാങ്ക് വെങ്ങിണിശ്ശേരി സഹകരണ ബാങ്ക് എന്നിവ നഷ്ടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.
2. ഗ്രമീണ കർഷകരുടെ വായ്പാവശ്യങ്ങൾ നിറവേററുന്നതിന് സംഘങ്ങൾക്ക് കഴിയുന്നില്ല.
3. അംഗങ്ങൾക്ക് വളരെയധികം താല്പര്യമുള്ള കുറി പോലെയുള്ള നിക്ഷേപ പദ്ധതികൾ തുടങ്ങുന്നതിന് സാങ്കേതികമായ തടസ്സങ്ങൾ.
4. നല്ലരീതിയിൽ പ്രവർത്തിച്ച് വന്നിരുന്ന ഏതാനും സംഘങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുന്നു.
5. അർഹതയുള്ള എല്ലാ ഗ്രാമീണരും സംഘങ്ങളിൽ അംഗങ്ങളാകുന്നില്ല.
6. വായ്പ ലഭിക്കുന്നതിന് വളരെയധികം സാങ്കേതിക ബുദ്ധിമുട്ടുകൾ നേരിടുന്നു.
7. പുതിയ പ്രവർത്തനമേഖലകളിലേക്ക് കടന്ന് ചെല്ലുന്നതിന് സഹകാരികൾക്ക് ആത്മ ധൈര്യകുറവ് കാണുന്നു.
8. കാർഷിക വിഭവങ്ങളുടെ സംസ്കരണ വിപണന രംഗത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

**പരിഹാരങ്ങളും സാധ്യതകളും**

1. ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന അമ്മാടംസർവ്വീസ് സഹകരണ ബാങ്ക്, വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, എന്നിവ നഷ്ടത്തിലാണ് പ്രവർ ത്തിച്ച് വരുന്നത്. ഇതിൽ വെങ്ങിണിശ്ശേരി സർവ്വീസ് ബാങ്കിൻെറ നഷ്ടം കുറഞ്ഞ് വരുന്നുവെന്നത് ആശ്വാസകരമാണ്. എന്നാൽ അമ്മാടം സർവ്വീസ് സഹകരണ ബാങ്കിൻെറ നഷ്ടം വർദ്ധിച്ചുവരികയാണ്.

അമ്മാടം സർവ്വീസ് സഹകരണ ബാങ്ക് നഷ്ടത്തിൽ പ്രവർത്തിക്കേണ്ടി വരുന്നതിന് കാരണങ്ങൾ നിരവധിയാണ്. ഡെപ്പോസിറ്റിൻെറ അപര്യാപ്തത, വായ്പാകുടിശ്ശിക വർദ്ധിച്ച് വരുന്നത്, വർദ്ധിച്ച് വരുന്ന എസ്റ്റാബ്ലിഷ്മെൻറ് ചിലവ് എന്നിവ മുഖ്യ കാരണങ്ങളാണ്. ബാങ്കിൻെറ ജീവനക്കാർക്ക് നിയമാനുസൃതം ശമ്പളവും മററ് ആനുകൂല്യങ്ങളും കൊടുക്കാതെ തരമില്ല. എന്നാൽ അതിനനുസരിച്ചുള്ള വരുമാന മാർഗ്ഗങ്ങൾ ഈ ബാങ്കിന് ഇല്ല. എട്ട് ജീവനക്കാരുള്ള ഈ ബാങ്കിന് നിലനിൽക്കണ മെങ്കിൽ 2 കോടിയെങ്കിലും ഡെപ്പോസിററ് സമാഹരിക്കാനും ഡെപ്പോസിററ് കാര്യക്ഷമമായ രീതിയിൽ വായ്പാരംഗത്ത് വിതരണം നടത്തു ന്നതിനും കഴിയണം. അതിനുവേണ്ടി പ്രത്യേക നിക്ഷേപസമാഹരണ പരിപാടി ജനപങ്കാളിത്ത ത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കണം. കുടിശ്ശികപ്പിരിവിനായി ഒരു തീവ്രയത്ന പരിപാടി സംഘടിപ്പിക്കണം. ബാങ്കിൻെറ വ്യാപകാതിർത്തി

യിലുള്ള എല്ലാ വാർഡുകളിലും പ്രചരണയോഗങ്ങൾ, സെമിനാറുകൾ, കുടുംബയോഗങ്ങൾ എന്നിവ സംഘടിപ്പിച്ച് ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ഈ പരിപാടികൾ ലക്ഷ്യം നിറവേറ്റപ്പെടണം. സ്വന്തമായി ഫണ്ട് പിരിച്ചെടുക്കുന്നതിനുള്ള നൂതന പദ്ധതികൾ സഹകരണ വകുപ്പിൻെറ സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കണം. വായ്പ്പകൾക്കുള്ള അത്താണി എന്നതോടൊപ്പം മെമ്പർമാരുടെ ലഘുനിക്ഷേപങ്ങളുടെ കലവറ കൂടിയാക്കി ബാങ്കിനെ മാറ്റണം. മേൽപ്പറഞ്ഞ നിർദ്ദേങ്ങൾ വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിനും പ്രാവർത്തികമാക്കാവുന്നതാണ്. നിർദ്ദേശങ്ങളിൽ പലതും ബാങ്ക് പ്രാവർത്തികമാക്കിവരുന്നതുകൊണ്ടാണ് ടി ബാങ്കിനെപ്പറ്റി പരാമർശിക്കാതിരുന്നത്.

പാൽവിതരണ വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന ചേനം ക്ഷീരവ്യവസായ സഹകരണസംഘം, അമ്മാടം-പള്ളിപ്പുറം ക്ഷീര വ്യവസായ സഹകരണസംഘം എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. പാൽ ഉല്പാദനത്തിൻെറ കാര്യത്തിൽ കോടന്നൂർ ക്ഷീരസംഘമാണ് കുറെ ഭേദമായികാണുന്നത്. അമ്മാടം, പള്ളിപ്പുറം, ചേനം എന്നീ സംഘങ്ങളിൽ പാൽ അളവ് വളരെ കുറവാണ്. പാൽ അളവ് വർദ്ധിപ്പിക്കുന്നതിനുള്ള സത്വരനടപടികൾ ഈ സംഘങ്ങളിൽ അനിവാര്യമാണ്. സംഘങ്ങളിൽ പാൽ അളന്ന് ലഭിക്കുന്ന വിലകൾ കൊണ്ട് മൃഗപരിപാലനം ആദായകരമായി കൊണ്ടുനടക്കാൻ സാധിക്കാത്തതാണ് കർഷകർ ഈ രംഗത്തുനിന്ന് പിൻമാറുന്നതിന് കാരണം.

ക്ഷീരോല്പാദനം ആദായകരമാക്കുന്നതിനുള്ള ബോധവല്ക്കരണ ക്ളാസ്സുകൾ ഈ സംഘങ്ങളുടെ നേതൃത്വത്തിൽ ഇടക്കിടെ സംഘടിപ്പിക്കേണ്ടതാണ്. പാലിൻെറ ഗുണനിലവാരം ശാസ്ത്രീയ രീതിയിൽ പരിശോധിച്ച് തൂക്കത്തിൻെറ അടിസ്ഥാനത്തിൽ പാലിന് കൃത്യമായ വില ഉറപ്പാക്കണം. എങ്കിൽ മാത്രമേ കർഷകർ ഈ രംഗത്ത് ഉറച്ചുനിൽക്കുകയും തദ്വാരാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിക്കുകയും ചെയ്യുകയുള്ളൂ.

2. സ്വന്തമായി നല്ലരീതിയിൽ ഫണ്ട് സ്വരൂപിക്കാൻ കഴിയാത്തതുകൊണ്ടാണ് ഗ്രാമീണ കർഷകരുടേയും മറ്റ് മെമ്പർമാരുടെയും വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിന് ക്രഡിറ്റ് സഹകരണബാങ്കുകൾക്ക് കഴിയാതെ വരുന്നത്. ജില്ലാസഹകരണ ബാങ്കുകളിൽനിന്നും മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്ന വായ്പകൾ കൊണ്ട് അംഗങ്ങളുടെ വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിനോ, സംഘം പ്രവർത്തനം ലാഭകരമാക്കുന്നതിനോ കഴിയുന്നതല്ല.വമ്പിച്ച ജനപങ്കാളിത്വത്തോടെ വൻതോതിൽ തനതായ നിക്ഷേപസമാഹരണം നടത്തുക മാത്രമേ ഇതിന് പോംവഴിയുള്ളൂ.

3. അംഗങ്ങൾക്ക് വളരെയധികം താൽപര്യമുള്ളതും സംഘങ്ങൾക്ക് ആദായകരവുമായ കുറി (ചിട്ടി) പോലുള്ള നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിന് ഇന്ന് സഹകരണ സംഘങ്ങൾക്കുള്ള സാങ്കേതികവും നിയമപരവുമായ ബുദ്ധിമുട്ടുകൾക്ക് സർക്കാർ നില വാരത്തിൽ പരിഹാരമുണ്ടാക്കണം. ദീർഘകാല, ഹ്രസ്വകാല കുറികൾ മെമ്പർമാരുടെ അഭിരുചിക്കനുസരിച്ച സലകൾ നിശ്ചയിച്ച് തുടങ്ങുന്നതിന് ഇന്നുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കണം.

കേരള ചിട്ടി ആക്റ്റിൽ വരുന്ന പല നിബന്ധനകളും സഹകരണ സംഘങ്ങൾക്ക് ബാധകമല്ല ാതാക്കണം.

4. നല്ലരീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന ഏതാനും സഹകരണ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ് .

സ്വന്തമായി അഞ്ചുസെൻറ് സ്ഥലമുള്ള വെങ്ങിണിശ്ശേരി പാൽ വിതരണ സംഘം ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഈ സംഘം പുനരുജ്ജീവിപ്പിക്കുന്ന പക്ഷം നല്ല് രീതിയിൽ പ്രവർത്തിക്കുന്നതിന് വളരെയേറെ സാധ്യത കാണുന്നു. 9,10 വാർഡുകൾക്ക് പൂർണ്ണമായും 8-ാം വാർഡിന് ഭാഗികമായും ഇതിൻെറ പ്രയോജനം ലഭിക്കുന്നതാണ്. ഈ പ്രദേശത്തുള്ള ക്ഷീര കർഷകർ തൊട്ടടുത്ത ക്ഷീരസംഘങ്ങളിലും, ചില ഇടനിലക്കാർ മുഖേനയുമാണ് അവരവരുടെ പാൽ വില്പന നടത്തുന്നത്.

പന്ത്രണ്ടേമുക്കാൽ സെൻറ് സ്ഥലം സ്വന്തമായുള്ള പള്ളിപ്പുറം പട്ടികജാതി ( മത്സ്യ ത്തൊഴിലാഴി ) സഹകരണ സംഘവും ഇപ്പോൾ പ്രവർത്തനരഹിതമാണ്. പുനർജ്ജീവിപ്പിക്കുന്ന പക്ഷം സംഘത്തിന് വളരെ പ്രവർത്തന സാധ്യത കാണുന്നുണ്ട്.

798-ാം നമ്പർ അമ്മാടം കോൾകൃഷി സഹകരണസംഘവും പുനർജ്ജീവിപ്പിക്കുന്നതിന് സാധ്യതയുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. സാധ്യതയില്ലാത്തപക്ഷം ടി സംഘത്തിൻെറ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിന് സഹകരണ വകുപ്പിൽനിന്നും ഒട്ടും കാലതാമസമുണ്ടാകരുത്.

5. സഹകരണ സ്ഥാപനങ്ങങ്ങളിൽ അംഗത്വം എടുക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ജനങ്ങൾക്ക് ബോധവല്ക്കരണം ആവശ്യമാണ്. സഹകാരികൾക്കെല്ലാം സഹകരണവിദ്യാഭ്യാസം നൽകണം. ജനായത്തസമ്പ്രദായത്തിലും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിലും സഹകരണത്തിന് വലിയപങ്ക് വഹിക്കാനുണ്ടെന്ന ധാരണ ഉണ്ടാകണം. പ്രായപൂർത്തിയായ എല്ലാ വ്യക്തികളെയും ഏതെങ്കിലും തരത്തിലുള്ള ഒരു സഹകരണസംഘത്തിൽ / വിവിധയിനത്തിലുള്ള ഒന്നിലധികം സംഘങ്ങളിൽ അംഗങ്ങളാക്കണം. ജാതിമത വർഗ്ഗ രാഷ്ട്രീയ പരിഗണനകൾ നോക്കാതെ ഏവർക്കും അംഗമാകാവുന്ന (തുറന്ന അംഗത്വം) ഒരു സ്ഥാപനമായി സംഘങ്ങളെ കാണണം. "സഹകാരി സമ്പർക്കപരിപാടി" പോലെയുള്ള പരിപാടികൾ മുഖാന്തിരം മെമ്പർഷിപ്പ് ക്യാമ്പയിൻതന്നെ നടത്തണം.

6. വായ്പ എടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കണം. വായ്പ ഷെയർ അനുപാതം ഗണ്യമായി കുറച്ചുകൊണ്ടുവരണം. ഇത് വായ്പാതുകയുടെ നേരിയ ശതമാനം മാത്രമേ ആകാവൂ. ഇപ്രകാരം നിർബന്ധമായി പിടിക്കുന്ന ഷെയറിന് 15% പലിശ നൽകുകയും വേണം.

7. പുതിയ പ്രവർത്തന മേഖലകളിലേക്ക് സംഘങ്ങൾ കടന്നുചെല്ലണം. നിലവിലുള്ള സഹകരണസ്ഥാപനങ്ങൾ നൂതന പദ്ധതികൾ ആവിഷ്കരിക്കണം. പഞ്ചായത്തിൽ സഹകരണസ്ഥാപനങ്ങൾ നടത്തിവന്നിരുന്ന കൺസ്യൂമർസ്റ്റോറുകൾ , വളം കീടനാശിനി ഡെപ്പോകൾ എന്നിവ ഇപ്പോൾ നഷ്ടം മൂലം നിർത്തലാക്കിയിരിക്കുകയാണ് .

അതുപോലെതന്നെ കാർഷിക വിഭവങ്ങളുടെ വിപണനവും സംസ്കരണവും സംഘങ്ങൾ ഏറ്റെടുത്തു നടത്തുന്നില്ല. ഇക്കാര്യത്തിൽ സംഘങ്ങളെ മാത്രം കുറ്റപ്പെടുത്താനാവുകയില്ല. നിലവിലുള്ള സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ സംഘങ്ങൾക്ക് ലാഭകരമായി കൊണ്ടു പോകുന്നതിന് കഴിയുന്നില്ല. സഹകരണ സംഘങ്ങൾ നടത്തുന്ന വ്യാപാരങ്ങൾക്ക് സർക്കാർതലത്തിൽ ഇടപെട്ട് വില്പന നികുതി ഇളവുകൾ പ്രഖ്യാപിക്കേണ്ടതാണ്. സർവ്വീസ് സഹകരണ സംഘങ്ങൾ വളം, കീടനാശിനി, കാർഷികോല്പന്നങ്ങൾ എന്നിവ വില്പന നടത്തുന്നത് നിർബ്ബന്ധമാക്കണം. താഴെ ചേർക്കുന്ന സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയത് പ്രവർത്തിപ്പിക്കാൻ ഈ പഞ്ചായത്തിൽ സാധ്യത കാണുന്നുണ്ട്.

1. കാർഷികോൽപാദന-വിപണന സംസ്കരണ സംഘം.
2. മരണപ്പണിതൊഴിലാളിസഹകരണസംഘം
3. ആഭരണനിർമ്മാണത്തൊഴിലാളി സഹകരണ സംഘം
4. കെട്ടിടനിർമ്മാണത്തൊഴിലാളി സഹകരണ സംഘം
5. ഭവനനിർമ്മാണ സഹകരണസംഘം
6. സാമൂഹിക / സാംസ്കാരിക സഹകരണ സംഘം (കായികവിനോദം ഉൾപ്പെടെ)
7. സഹകരണകോളേജ് (അടുത്ത പഞ്ചായത്തുകൾ കൂടി വ്യാപകാതിർത്തിയാക്കാം)
8. കൺസ്യൂമർ സ്റ്റോർ
9. കയർ സംഘം
10. വനിതാ സഹകരണസംഘം
11. സഹകരണ കാൻറീൻ
12. ബുക്ക് ബൈൻറിങ്ങ് സഹകരണസംഘം
13. പഴം-പച്ചക്കറി സഹകരണസംഘം
14. കോഴിവളർത്തൽ സഹകരണസംഘം
15. ഖാദി ഗ്രാമവ്യവസായ സഹകരണസംഘം
16. ലേബർ കോൺട്രാക്റ്റ് സഹകരണസംഘം

8. സഹകരണ സംഘം മെമ്പർമാർക്ക് സൗജന്യ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണം. അതിനുവേണ്ട നടപടികൾ ഗവണ്മെൻറ് തലത്തിൽ എടുക്കണം.

9. സഹകരണ സ്ഥാപനങ്ങളിൽ NRE അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

10. സഹകരണസംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും പ്രത്യേക പഠനക്ളാസ്സുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഫലപ്രദമായ കാര്യങ്ങൾക്ക് മാത്രം വായ്പകൾ നൽകുന്നവിധം വായ്പാ പദ്ധതികളെ പുനരാവിഷ്കരിക്കുന്നതിന് ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകണം.

11. സഹകരണസംഘം പൊതുയോഗങ്ങളിൽ ജന പങ്കാളിത്വം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.

12. സഹകരണസംഘം ആഡിറ്റ് ശാസ്ത്രീയമായി പരിഷ്കരിക്കുക - ഭരണപരവും സംഖ്യാപരവുമായ ആഡിറ്റിനുപകരം സാമൂഹ്യമായ വശങ്ങൾ കൂടി ഉൾപ്പെടുത്തി ആഡിറ്റ് നടപ്പാക്കുക.

13. 533-ാം നമ്പർ അമ്മാടം സർവ്വീസ് സഹകരണബാങ്കിൻെറ ഒരു ബ്രാഞ്ച് ചേനം പ്രദേശത്ത് ഉണ്ടാകുന്നപക്ഷം വലിയ തോതിൽ ഡെപ്പോസിറ്റ് സമാഹരിക്കാൻ കഴിയുന്നതാണ്.

സഹകരണ സംഘങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ.

| | | | | | | |
|---|---|---|---|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര്. | വെങ്ങിണിശ്ശേരി സർവ്വീസ് സഹ: സം. | അമ്മാടം സ: സ: സം: | അമ്മാടം പള്ളിപ്പുറം ക്ഷീരവ്യവസായ സ: സം: | കോടന്നൂർ ക്ഷീരവ്യവസായ സ: സം: | ചേനം ക്ഷീരവ്യവസായ സ: സം: |
| 2. | പ്രവർത്തനപരിധി. | വെങ്ങിണിശ്ശേരി വില്ലേജ്, പാറളം പാലിശ്ശേരി ഭാഗങ്ങളും. | പാറളം, പള്ളിപ്പുറം, കോടന്നൂർ വില്ലേജുകൾ. | പാറളം പള്ളിപ്പുറം വില്ലേജുകൾ. | കോടന്നൂർ വില്ലേജ്. | ചേനം ദേശം. |
| 3 | ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്. | ക്രെഡിറ്റ് | ക്രെഡിറ്റ്. | നോൺ ക്രെഡിറ്റ്. | നോൺ ക്രെഡിറ്റ്. | നോൺ ക്രെഡിറ്റ്. |
| 4. | പ്രവർത്തനം ആരംഭിച്ച വർഷം. | 1946 | 1946. | 1976 | 1977 | 1965. |
| 5 | ആകെ അംഗങ്ങൾ | 2484 | 7492 | 644 | 784 | 473. |
| 6 | ഒരു ഓഹരിയുടെ വില. | 20 | 10 | 10 | 10 | 10. |
| 7 | അംഗീകൃത ഓഹരി മൂലധനം | 30000 | 12 00000 | 25000 | 25000 | 25000. |
| 8 | പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനം | 1370960 | 815400 | 7180 | 7840 | 12795. |
| 9. | സർക്കാർ ഓഹരിയുണ്ടോ. | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. |
| 10 | ഉണ്ടെങ്കിൽ ലഭിച്ച തുക. | 17500. | 40,000 | ഇല്ല | ഇല്ല. | 900. |
| 11 | പരമാവധി കടം എടുക്കാവുന്ന തുക | 50,000 | 50000 | – | – | – |
| II | പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപങ്ങൾ. | | | | | |
| (a) | സ്ഥിരം | 12636464 | 11756203 | | | |
| (b) | ഹ്രസ്വ കാലം. | 4789105 | 1246810 | | | |
| III | നൽകിയിട്ടുള്ള വായ്പകൾ. | | | | | |
| a. | കാർഷിക വായ്പകൾ. | 82333 | 95465 | | | |
| | M.T. IRDP. | 56907. | 4818298 | | | |
| | Gold Loan. | 3446485. | 5183238. | | | |
| | Other Loans. | 15321930 | 254973. | | | |
| | (തുടരുന്നു). | | | | | |

സഹകരണ സംഘങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ - തുടർച്ച.

| | സ്ഥാപനത്തിന്റെ പേര് | വെങ്ങിണിശ്ശേരി സർവ്വീസ് സ. സംഘം | അമ്മാടം സർവ്വീസ് സ: സം: | അമ്മാടം പള്ളിപ്പുറം ക്ഷീരോല്പ്പാ: സ. സ. | കോടന്നൂർ ക്ഷീര വ്യ: സ: സ: | ചേനം ക്ഷീര വ്യ. സ. സ. |
|---|---|---|---|---|---|---|
| IV | സ്ഥാപനങ്ങളിൽ നിന്നു സ്വീകരിച്ച വായ്പകൾ. | | | | | |
| | T. D. C. B. O.D. LOAN. | 105190 | 3655742 | | | |
| | Bank Loan. | 5973175.12 | | | | |
| | Government. | 23560 | | | | |
| V | നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞു കിട്ടാനുള്ളത്. | | | | | |
| | ഹ്രസ്വ കാല വായ്പ. | 687270 | 768687 | | | |
| | M.T. ,, | 7240 | 786518 | | | |
| | മറ്റുള്ളവ. | 684539 | 25999 | | | |
| VI | സ്ഥാപനത്തിന്റെ ചെലവുകൾ | | | | | |
| | Establishment Charges. | 259002. | 449674 | 32000 | 82125 | 83272.50 |
| | Contingencies | 54140.75 | 98033- | 48,000 | 43800 | 21796.27 |

ഇപ്പോൾ ചേനം പ്രദേശത്ത് ഒരു ബാങ്കിങ്ങ് സ്ഥാപനം പ്രവർത്തിക്കുന്നില്ല. ഗൾഫ് മേഖലയിൽ ജോലിയെടുക്കുന്ന നിരവധി ആളുകൾ ഈ പ്രദേശത്തുണ്ട്. അവരുടെ സമ്പാദ്യങ്ങൾ ഉൾപ്പെടെ നല്ലൊരു ഫണ്ട് നിക്ഷേപമായി സ്വീകരിക്കാൻ ഈ ബ്രാഞ്ച് മൂലം കഴിയുന്നതാണ്.

14. ഗ്രാമത്തിലെ ഓരോ കുടുംബത്തിനും സ്വാശ്രയത്വം കൈവരിക്കാൻ കഴിയുന്ന വിധം പദ്ധതികൾ തയ്യാറാക്കുന്നതിന് സംഘങ്ങൾക്ക് സാധിക്കണം. ഓരോ വാർഡിലും ഏറ്റവും ദരിദ്രരായ ഏതാനും കുടുബങ്ങളെ നിശ്ചിത സമയപരിധിക്കുള്ളിൽ സ്വാശ്രയത്വം കൈവരിക്കാൻ കഴിയുന്നവിധം വളർത്തിക്കൊണ്ടു വരുന്നതിനുള്ള ഒരു പദ്ധതി സർവ്വീസ് സഹകരണസംഘങ്ങൾ തയ്യാറാക്കുകയും ജനപങ്കാളിത്വത്തോടെ നടപ്പാക്കുകയും വേണം.

15. സ്കൂൾ സഹകരണസംഘങ്ങളുടെ പ്രാധാന്യം വർദ്ധിപ്പക്കേണ്ടതാണ്. നോട്ടുബുക്കുനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ സഹകരണസംഘങ്ങൾക്ക് (വിദ്യാർത്ഥികളെക്കൊണ്ട്) പരിശീലിപ്പിക്കാവുന്നതാണ്.

**ക്ഷീരസംഘങ്ങളിൽ പ്രതിദിനം ശരാശരി അളക്കപ്പെ ടുന്ന പാൽ**

| | |
|---|---|
| കോടന്നൂർ ക്ഷീരവ്യവസായ സഹകരണസംഘം | 450 ലിറ്റർ |
| ചേനം ക്ഷീരവ്യവസായ സഹകരണസംഘം | 220 ലിറ്റർ |
| അമ്മാടം പള്ളിപ്പുറം ക്ഷീര വ്യവസായസഹകരണസംഘം | 130 ലിറ്റർ |

# 18.വിഭവസമാഹരണം

വികസന പ്രവർത്തനങ്ങൾക്ക് പണം അത്യാവശ്യമാണല്ലൊ? വിഭവസമാഹരണത്തിന്റെ സാധ്യതകൾക്കനുസരിച്ച് മാത്രമേ പദ്ധതികൾ തയ്യാറാക്കാനാവൂ. അത് കൊണ്ട്തന്നെ വിഭവസമാഹരണം ആസൂത്രണത്തിൽ മുഖ്യഘടകമാണ്.

പാറളം പഞ്ചായത്ത് ഒന്നാം ഗ്രേഡിൽ ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ പ്രധാനവരുമാന മാർഗ്ഗം കെട്ടിടനികുതിയാണ്. വരുമാനത്തിൽ തൊട്ടടുത്ത് നില്ക്കുന്നത് തൊഴിൽ നികുതിയാണ്. മൊത്തം തനതു വരുമാനത്തിന്റെ 55.58% കെട്ടിട നികുതിയായും 24.4% തൊഴിൽ നികുതിയായും ലഭിക്കുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ഇത്. നാലു ലക്ഷത്തോളം രൂപ മൈനസ് ഫണ്ടുള്ള ഈ പഞ്ചായത്ത് വിവിധ പദ്ധതികൾക്കായി ചിലവഴിക്കേണ്ട സംഖ്യ എടുത്തുകൊണ്ടാണ് പലപ്പോഴും നിത്യനിദാന പ്രവർത്തനങ്ങൾ നടത്തുന്നത്. പഞ്ചായത്തിന്റെ വിഭവസമാഹരണം വർദ്ധിപ്പിക്കേണ്ട അടിയന്തിര പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണെല്ലൊ. വർഷങ്ങളായി നികുതിപിരിക്കുന്ന കാര്യത്തിൽ 100% വിജയം വരിക്കാറുള്ള പഞ്ചായത്താണ് ഇത്. എന്നാൽ നികുതിയിനത്തിൽ ലഭിക്കുന്ന നാമമാത്രവരുമാനം കൊണ്ട് പഞ്ചായത്തിന്റെ നാനാവിധ പ്രവർത്തനങ്ങൾ വേണ്ടും വിധം നടത്തികൊണ്ടുപോകുന്നതിന് കഴിയുന്നില്ല. പഞ്ചായത്തിന്റെ മൊത്തം വരുമാന മാർഗ്ഗങ്ങൾവർദ്ധിപ്പിക്കുന്നതിന് ഗ്രാമസഭയിൽ വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ വെയ്ക്കുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനം




**1.കെട്ടിടനികുതി.**

ആഡംബരപൂർവ്വം പണിതുയർത്തുന്ന വൻകിട കെട്ടിടങ്ങൾക്ക് ഇപ്പോൾ വാങ്ങി കൊണ്ടിരിക്കുന്ന നികുതിയേക്കാൾ 1% കൂട്ടി വാങ്ങേണ്ടതാണ്.

**2. തൊഴിൽനികുതി.**

തൊഴിലാളികളെ മുഴുവൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ

കൊണ്ടുവരികയും അംഗത്വമുള്ളവരിൽനിന്ന് തൊഴിൽ നികുതി പിരിക്കുകയും ചെയ്യാം. ഇത് ഏറെ സമയം തൊഴിലാളികളുടെ ഭാവിക്കും പഞ്ചായത്തിൻെറ വരുമാനവർദ്ധനവിനും കാരണമാകും.

### 3. വിനോദനികുതി

വിനോദനികുതി ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിച്ച് നടപ്പാക്കുന്ന പക്ഷം പഞ്ചായത്തിൻെറ സ്ഥിരവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### 4. പുറമ്പോക്ക് സ്ഥലങ്ങൾ ഉപയോഗയാഗ്യമാക്കൽ

പഞ്ചായത്തിൽ ധാരാളം പുറമ്പോക്ക് സ്ഥലം കിടപ്പുണ്ട്. കയ്യേറ്റക്കാരെ ഒഴിവാക്കി ടി സ്ഥലങ്ങൾ പഞ്ചായത്തിൻെറ അധീനതയിൽ കൊണ്ടുവരേണ്ടതും അവിടങ്ങളിൽ ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും അനുയോജ്യമായ സ്ഥലങ്ങളിൽ കെട്ടിങ്ങൾ, മാർക്കറ്റുകൾ, ഷോപ്പിംങ് കോംപ്ലെക്സുകൾ എന്നിവ പണിത് വാടകയ്ക്ക് കൊടുത്തും അന്തിച്ചന്തകൾ, ആഴ്ച ചന്തകൾ എന്നിവ നടത്തുന്നതിന് സൗകര്യമുണ്ടാക്കി, ലേലവിഹിതം വാങ്ങിയും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### 5. കമ്മ്യൂണിറ്റിഹാൾ, കല്ല്യാണമണ്ഡപം

കോടന്നൂർ സെൻററിൽ പണിയാനുദ്ദേശിച്ചിട്ടുള്ള കമ്മ്യൂണിറ്റിഹാൾ കല്ല്യാണമണ്ഡപത്തിനുള്ള സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി പണിപൂർത്തിയാക്കുന്ന പക്ഷം അത് നല്ലൊരു സ്രോതസ്സായിരിക്കും.

### 6. ബാങ്ക്വായ്പ.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും ചുരുങ്ങിയ പലിശക്ക് വിഭവ സമാഹരണം നടത്തി ഉല്പാദനക്ഷമതയുള്ള മേഖലകളിൽ വിനിയോഗിച്ചു വരുമാനം വർദ്ധിപ്പിക്കണം. പഞ്ചാത്തുകൾക്ക് ആവശ്യമുള്ള വികസന പ്രവർത്തനങ്ങൾക്ക് ദീർഘകാല വായ്പ നൽകുന്നതിന് വാണിജ്യ/ ദേശസാൽകൃത/ സഹകരണ ബാങ്കുകൾ തയ്യാറാകണം.

### 7. ദേശീയ സമ്പാദ്യപദ്ധതിയിൽ നിന്നുളള വരുമാനം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റാഫീസുകളിൽ ഇന്ദിരാവികാസ്, കിസാൻവികാസ്, മറ്റു ദേശീയ സമ്പാദ്യ പദ്ധതികൾ എന്നിവയിൽ നിക്ഷേപിക്കുന്ന സംഖ്യയുടെ 25% പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ചുവരുന്നുണ്ട്. എന്നാൽ ഇക്കാര്യത്തെക്കുറിച്ച് ജനങ്ങളിൽ വേണ്ടത്ര ബോധവത്ക്കരണം നടന്നിട്ടില്ല. ദേശീയ സമ്പാദ്യ പദ്ധതികളിൽ നിക്ഷേപിക്കുമ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റാഫീസുകളിൽ തന്നെയാകണമെന്ന് സെമിനാറുകളിലൂടെയും ഗ്രാമസഭകളിലൂടെയും ബോധവത്ക്കരണം നടത്തണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഏജൻെറ്, മഹിളാ പ്രധാൻ എന്നിവരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തണം.

## ഗ്രാൻറ് വിവരങ്ങൾ

| VRM Rs. | MI Rs. | VTC Rs. | അടിസ് ഥാന നികുതി 25 % Rs. | 75 % Rs. | Spl.grant Rs. | JRY Rs. | UNTIDE Rs. | TOTAL Rs. |
|---|---|---|---|---|---|---|---|---|
| 28963 | 9840 | 258652 | 175000 | 247734 | nil | 404600 | 274700 | 1399489 |

## ലേല വരുമാനം

| ചന്ത | സ് റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫലവൃക് ഷങ്ങൾ തേങ്ങ ലേലം | ഷോപ്പ് ിംഗ് കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 1894 | – | – | – | 1237 | – | 717 | 3848 |

## കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പ് ുരയുടെ സ്വഭാവം: ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | ഒരു നിലയുള്ള കെട്ടിടങ്ങൾ: കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 519 | 23 | 150 | 309 | 37 | – |
| 2 | 449 | 8 | 99 | 297 | 40 | 5 |
| 3 | 521 | 8 | 96 | 319 | 98 | – |
| 4 | 467 | 7 | 73 | 285 | 102 | – |
| 5 | 574 | 48 | 114 | 332 | 69 | 11 |
| 6 | 468 | 18 | 85 | 238 | 124 | 3 |
| 7 | 525 | 17 | 140 | 268 | 94 | 6 |
| 8 | 551 | 69 | 123 | 286 | 73 | – |
| 9 | 460 | 18 | 67 | 297 | 78 | – |
| 10 | 557 | 9 | 102 | 242 | 195 | 9 |
| ആകെ | 5091 | 225 | 1049 | 2873 | 910 | 34 |

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം

| 1991-82 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 4636 | 4730 | 4808 | 4945 | 5091 |

**8. മനുഷ്യാദ്ധ്വാനം**

മനുഷ്യാദ്ധ്വാനമാണ് ഏറ്റവും പ്രധാന വിഭവം. ഇത് വേണ്ടവിധം പ്രയോജന പ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിയണം. യുവജനങ്ങളുടെ ക്രയശേഷി, പ്രത്യേകിച്ചും നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജന പ്പെടുത്തണം. സന്നദ്ധ സംഘടനകളുടെ സേവനം വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗി ക്കണം.

**9. സർക്കാർ ഗ്രാൻറുകൾ**

സർക്കാരിൽ നിന്നും ഇപ്പോൾ ലഭിച്ച്കൊണ്ടിരിക്കുന്ന ഗ്രാൻറുകൾ കാലോ ചിതമായി പരിഷ്ക്കരിക്കണം. ഗ്രാൻറുകൾ പലതും ദീർഘകാല കുടിശ്ശികയാണ്. കുടിശ്ശികയില്ലാതെ ടി ഗ്രാൻറുകൾ ലഭ്യമാക്കണം.

**10. ലൈസൻസ് ഫീ**

പഞ്ചായത്ത് ഈടാക്കുന്ന ലൈസൻസ് ഫീ കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

**11. ഗൾഫ് പണം**

പഞ്ചായത്തിൽ ഏകദേശം 500പേർ ഗൾഫ് നാടുകളിൽ / വിദേശങ്ങളിൽ ജോലിചെയ്യുന്നുണ്ട്. അവരുടെ സമ്പാദ്യങ്ങൾ പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടു ത്തണം. ഇക്കാര്യത്തിൽ ശക്തമായ ബോധ വൽക്കരണം നടത്തേണ്ടതാണ്.

**12. പരസ്യബോർഡുകൾ/ബാനറുകൾ**

പഞ്ചായത്തിൽ സ്ഥിരം പരസ്യ ബോർഡുകൾ /ബാനറുകൾ എന്നിവ വെക്കു ന്നതിന് ഫീസ് ചുമത്തിയാൽ അത് നല്ലൊരു വരുമാനമായിരിക്കും.

**13. സേവനനികുതി.**

പഞ്ചായത്ത് രാജ് അനുവദിക്കുന്ന രീതിയിൽ സേവന നികുതി ഈടാക്കാവുന്നതാണ് കേബിൾ ടി.വിയെ പഞ്ചായത്ത് നികുതി വലയത്തിൽ കൊണ്ടുവരേണ്ടതാണ്.

## ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വ്യവസായം വ്യാപാരം | സ്ഥാപനങ്ങളുടെ എണ്ണം | | | ആകെ ഫീസ് |
|---|---|---|---|---|---|
| | | ഹോട്ടലുകൾ | സാധാരണ കടകൾ | ആകെ | |
| 1 | 7 | 2 | 10 | 19 | 783 |
| 2 | 6 | 1 | 15 | 22 | 408 |
| 3 | 5 | 4 | 10 | 19 | 346 |
| 4 | 5 | 4 | 4 | 13 | 333 |
| 5 | 11 | 2 | 18 | 31 | 640 |
| 6 | 8 | 2 | 2 | 12 | 484 |
| 7 | 10 | 3 | 18 | 31 | 667 |
| 8 | 10 | 3 | 25 | 38 | 1261 |
| 9 | 5 | 1 | 16 | 22 | 346 |
| 10 | 8 | 1 | 5 | 14 | 754 |
| ആകെ | 75 | 23 | 123 | 221 | 6022 |

## വരവ് സംബന്ധിച്ച വിവരങ്ങൾ( 1995 - 1996 )

| ഇനം | സംഖ്യ |
|---|---|
| കെട്ടിടനികുതി | 192268 |
| തൊഴിൽ നികുതി | 84850 |
| വിനോദനികുതി | 29618.79 |
| അഡി. വിനോദനികുതി | 17928.76 |
| പ്രദർശന നികുതി | 3108 |
| പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ് | 777 |
| ചന്ത വരവ് | 1894 |
| ലൈസൻസ് ഫീസ് | 6016 |
| വസ്തു കൈമാറ്റ നികുതി 75% | 247734 |
| വസ്തു കൈമാറ്റ നികുതി 25% | 175000 |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 9879.45 |
| ഡെപ്പോസിറ്റ് | 13969.50 |
| മറ്റുള്ളവ | 695836 |
| ആകെ | 1479375.50 |

100% നികുതി പിരിച്ചെടുത്ത പഞ്ചായത്ത് ആണ്.

**മാന്യരെ,**

" ജനകീയ ആസൂത്രണ പരിപാടി " രണ്ടാം ഘട്ടത്തിൻെറ പൂർത്തീകരണമായി പാറളം പഞ്ചായത്തിൻെറ വികസനരേഖ സമർപ്പിക്കപ്പെടുകയാണ്. ഗ്രാമസഭകളിൽ ഉയർന്നു വന്ന വികാരങ്ങൾ, ഉന്നയിച്ച പ്രശ്നങ്ങൾ, കണ്ടെത്തിയ പരിഹാരങ്ങൾ, സാധ്യതകൾ, ജനകീയ ആസൂത്രണ പരിപാടിയുടെ സന്നദ്ധഭടൻമാർക്ക് ലഭിച്ച കേട്ടറിവുകൾ, നാട്ടറിവുകൾ, കണ്ടറിവുകൾ, രണ്ട് പഠനപര്യടനങ്ങൾ വഴി ശേഖരിച്ച വിവരങ്ങൾ, മറ്റ് അന്വേഷണങ്ങൾ എന്നിവയുടെയെല്ലാം സമാഹാരമാണ് ഈ രേഖ. കഴിഞ്ഞ രണ്ട് മാസക്കാലത്തെ ദൃഢനിശ്ചയത്തോടെയുള്ള കഠിന പ്രയത്നമാണ് ഇവിടെ സഫലമാകുന്നത്. പഞ്ചായത്തിലെ പദ്ധതികൾ രൂപപ്പെടുത്തുന്നതിന് ഇത് ഒരു മാർഗ്ഗരേഖയായി മാറുകയാണ്. ലക്ഷ്യപ്രാപ്തിക്ക് ഇനിയും കാതങ്ങൾ പിന്നിടേണ്ടതുണ്ട്. കൂട്ടായ പ്രവർത്തനം നമുക്ക് എന്നും ശക്തിപകരട്ടെ !

നന്ദി

സ്നേഹപൂർവ്വം
പ്രസിഡണ്ട്
പാറളം ഗ്രാമപഞ്ചായത്ത് .

# നമ്മുടെ പാറളം എവിടെ?



മലപ്പുറം ജില്ല
N
W
E
S
തൃശൂർ താലൂക്ക്
പാലക്കാട് ജില്ല
ലക്ഷദ്വീപ് കടൽ
പാറളം
തൃശൂർ ജില്ല
എറണാകുളം ജില്ല
ഇടുക്കി ജില്ല


കേരളം
N
W
E
S
തൃശൂർ ജില്ല
പാറളം